MALAYALANADU WEEKLY, QUILON, JULY 22, 1973
Phones: 2825, 3362

മലയാളനാട് വാരിക

പത്രാധിപർ:
എസ്. കെ. നായർ

താളുകൾ മറിക്കുമ്പോൾ

ലേഖനം
സായിബാബ ഒരു തട്ടിപ്പുകാരൻ
—പ്രൊ: എം. ടി. കോവൂർ 2
സാഹിത്യനിരൂപണം എങ്ങനെ?
— ഞെക്കാട് 6
രാമയ്യരുടെ രാമരാജ്യത്തിൽ —ജി 29
യുവപ്രതിഭകളുടെ മേള
—വിനീതകുമാരൻ 40
കവിത
കാലിനൃത്തത്തിന്റെ ഗീതം
—കുഞ്ഞപ്പ പട്ടാമ്പുർ 12
കവിയും കാമിനിയും
—എ. വി. എം 63
കഥ
പാനോപചാരം
—വി. കെ. എൻ. 18
അന്യർ —എ. ഡി. രാജൻ 35
പഥികർ പാതകൾ
— ശശിധ 54
ഭാഷാന്തരം —സുകുമാർ 60
നോവൽ
അടിയറവ് —കാക്കനാടൻ 14
പ്രിയേ, മാപ്പുതരൂ
—സാറാതോമസ് 24
കയറ് —തകഴി 50
പംക്തികൾ
സാഹിത്യവാരഫലം
—എം. കൃഷ്ണൻനായർ 17
ഒരു ഹിപ്പിത്തരുണിയുടെ കഥ
— ഡോ: കൃഷ്ണപ്രസാദ് മിത്ര 20
ശാസ്ത്രപംക്തി
—ഡോ: ഹരിദാസ് 43
സിനിമ —മംഗലശ്ശേരി 64
താലയ്ക്കാത്ത മനുഷ്യൻ
—സോമനാഥൻ 72
മുഖചിത്രം: ഫോട്ടോ:
—ആർ. രാജൻ

പുസ്തകം അഞ്ച് ലക്കം ആറ് 1148 കർക്കടകം 7

രണ്ടു

1969 ഫെബ്രുവരി ഒണ്ടാംതീയതി അയച്ച ഈ കത്തിന് 1969 ജൂലൈ വരെ മറുപടി കിട്ടിയില്ല. ജൂലൈ 27-ാം തീയതി ആലപ്പുഴവെച്ചു കൂടിയ ഒരു വമ്പിച്ച പൊതുയോഗത്തിൽവെച്ചു ഞാൻ ഈ കത്തു പരസ്യമായി വായിക്കുകയും ഈ കഥ തെളിയിക്കാൻ ഡോക്ടർ നായരോട് ആവശ്യപ്പെടുകയും ചെയ്തു. ഡോക്ടർനായരേയോ അനുയായികളേയോ കാണാമെന്നു കരുതി രണ്ടുദിവസം ആലപ്പുഴ താമസിക്കുന്നതാണെന്നും ഞാൻ അന്നു പരസ്യമായി പറയുകയുണ്ടായി. പക്ഷേ, ആരും ഈ കഥ തെളിയിക്കാൻ മുന്നോട്ടു വന്നില്ല.

സായിബാബ താമസിക്കുന്ന പുട്ടപ്പത്തിയിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു സൌജന്യ ആശുപത്രി നടത്തുന്നുണ്ടെന്നു ബാബാഭക്തന്മാർതന്നെ സമ്മതിക്കുന്നുണ്ട്. അത്ഭുതകരമായ രോഗശാന്തിയുണ്ടാക്കാൻ സായിബാബയ്ക്കു കഴിവുണ്ടെങ്കിൽ യോഗ്യന്മാരായ ഡോക്ടറന്മാരെ ശസ്ത്രക്രിയയ്ക്കു വിധേയരാക്കുന്ന ആശുപത്രി നടത്തുന്നതെന്തിനു? അവിടെ രോഗികൾക്കു വിശുദ്ധ ഭസ്മമാണോ മരുന്നാണോ നൽകുന്നതെന്നും അറിയാൻ താല്പര്യമുണ്ട്.

ഒരേ സമയത്തു പല സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ബാബ!

സായിബാബാ ഇൻഡ്യയിലായിരിക്കുമ്പോൾതന്നെ അമേരിക്കയിൽ ചാന്സ് പെന്നിനു പ്രത്യക്ഷപ്പെട്ടു എന്ന കഥയെഴുതിയ ഡോക്ടർ നല്ലെനാഥൻതന്നെ വിചിത്രകരമായ മറ്റൊരു കഥകൂടി എഴുതി സിലോണിലെ ഒരു വർത്തമാനപ്പത്രത്തിൽ പ്രസിദ്ധീകരിച്ചു —

"1965 ഏപ്രിൽ മാസത്തിൽ നാലുപതുവയസ്സുള്ള ഭഗവാൻ സത്യസായിബാബാ, കൊളംബോയിൽ പ്രത്യക്ഷപ്പെട്ട് എന്നെ അനുഗ്രഹിച്ചു. അതേസമയംതന്നെ ഭഗവാൻ, ആന്ധ്രപ്രദേശിലെ പട്ടണങ്ങളിൽ ഭക്തന്മാരെ അനുഗ്രഹിച്ചുകൊണ്ട് സഞ്ചരിക്കുകയായിരുന്നു. ഞാനും ബാബയും കൊളംബോയിലെ ഒരു ഓഫീസിൽ 45 മിനിറ്റുസമയം ഒന്നിച്ചു കഴിച്ചുകൂട്ടി. അദ്ദേഹം അവിടെവെച്ചു സിംഹളഭാഷയിൽ അവിടെയുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരോടായി സംസാരിച്ചു. അദ്ദേഹം ജീവിതത്തിൽ ഒരിക്കലും സിംഹളഭാഷ പഠിച്ചിട്ടില്ല."

സായിബാബ ഒരു തട്ടിപ്പുകാരൻ

ഈ കഥയെപ്പററി ഞാൻ ഉടനെ അന്വേഷണം നടത്തി. ഡോക്ടർ നല്ലെനാഥനോടുള്ള് അന്നു സായിബാബയെ കണ്ട ഒരൊററ മനുഷ്യനും അദ്ദേഹത്തിനു സാക്ഷി പറയാനുണ്ടായില്ല. അങ്ങനെ അതു പച്ചക്കള്ളമാണെന്നും തെളിഞ്ഞു. ഈ വിവരം കണ്ടിച്ചുകൊണ്ടു ഞാൻ പ്രധാനപ്പെട്ട സിലോൺ പത്രങ്ങളിലെല്ലാം പ്രസ്താവന കൊടുത്തു. നല്ലെനാഥൻ അതുപ്പററി പിന്നെ മിണ്ടിയിട്ടില്ല.

വഴിപാടുവേണ്ട!

പണമായോ സാധനങ്ങളായോ ഭക്തജനങ്ങളിൽനിന്ന് സായിബാബാ ഒന്നും വാങ്ങുന്നില്ലെന്ന് ഡോക്ടർ നല്ലെനാഥനും കൂട്ടരും പറയാറുണ്ട്. അതു ശരിയാണെങ്കിൽ പുട്ടപ്പത്തിയിൽ സായിബാബാ

നടത്തുന്ന സൌജന്യആശുപത്രിയുടെ ചെലവിനാവശ്യമായ പണം എവിടെനിന്നു ലഭിക്കുന്നു എന്നു വ്യക്തമാക്കണം. ബാംഗ്ളൂരിൽ സായിബാബയ്ക്കുകൊട്ടാരസദൃശമായ ഒരു ബംഗ്ളാവുണ്ട്. അതെങ്ങനെ ലഭിച്ചു? ഭക്തജനങ്ങളിൽ പെട്ട ധനികർക്കു സമ്മാനമായി നൽകാറുള്ള വിലകൂടിയ ആഭരണങ്ങൾ വാങ്ങാനുള്ള പണം എവിടെനിന്നുലഭിക്കുന്നു? ബാബാ അഞ്ചും പത്തുമായൊന്നും വങ്ങാറില്ലായിരിക്കാം; ആയിരക്കണക്കിനും പതിനായിരക്കണക്കിനുമാണ് വഴിപാടു സ്വീകരിക്കുന്നതു് എന്നുമാത്രം. സായിബാബായ്ക്കോ പുട്ടപത്തിയിലെ അദ്ദേഹത്തിന്റെ ഉപഗ്രഹങ്ങൾക്കോ പണത്തിനു് ഭേദഗ്രഹവുമില്ലെങ്കിൽ ഹിന്ദുക്കൾ ധാരളമുള്ള സ്ഥലങ്ങളിൽ ശബ്ദംകൊട്ടുന്ന പ്രചാരകന്മാരെ നിയമിക്കുന്ന "സായി സമാജ്"ങ്ങൾ എന്തിനു്?

ബാബാ സ്വന്തം ആശ്രമങ്ങളുള്ള സ്വർണ്ണവും പണവും മററും സ്വയം നിർമ്മിക്കുന്നു എന്നു ചില ഭക്തന്മാർ പറയുന്നു. ഇന്ത്യാഗവൺമെന്റിന്റെ അനുവാദം കൂടാതെ കറൻസിനോട്ടുണ്ടാക്കുന്ന പണി സായിബാബ ചെയ്യുന്നുണ്ടെങ്കിൽ, അതു ദിവ്യശക്തികൊണ്ടാണെങ്കിൽ പോലും ശിക്ഷാർഹമായ ക്രിമിനൽ കുററമാണ്. സ്വർണ്ണത്തിന്റെ കാര്യം വ്യത്യസ്തമല്ല. ഗവൺമെന്റിന്റെ അനുവാദം കൂടാതെ സ്വർണ്ണ കഴിച്ചെടുക്കാനോ ഇറക്കുമതിചെയ്യാനോ ആർക്കും അവകാശമില്ല. അങ്ങനെയൊക്കെ ബാബാ ചെയ്യുന്നുണ്ടെങ്കിൽ കള്ളക്കടത്തുകാരനാണ് അദ്ദേഹമെന്നു വരും. അതു ഭക്തന്മാർക്കു സഹിക്കാവുന്ന വിമർശനമല്ലെങ്കിൽക്കൂടി അത്തരം ആരോപണങ്ങൾ ബാബായെപ്പററി നിലവിലുണ്ടെന്നുള്ളതു് മാത്രമെടുത്തു കാര്യമില്ല.

ഇനിയും വാദത്തിനുവേണ്ട സായിബാബായ്ക്കു ദിവ്യശക്തികൊണ്ടു് സ്വർണ്ണമോ, കറൻസിനോട്ടോ മററെന്തെങ്കിലുമോ നിർമ്മിക്കാൻ കഴിയുമെന്നുതന്നെ സമ്മതിക്കുക എങ്കിൽ ഇൻഡ്യയേപ്പററുള്ള ഒരു ദരിദ്രരാജ്യത്തു് എന്തെല്ലാം നല്ല കാര്യങ്ങൾ ചെയ്യാൻ കഴിയുമായിരുന്നു. രാജസ്ഥാൻ മരുഭൂമിയിലെ കുറേ മണൽനെല്ലോ അരിയോ ആക്കിമാററിയിരുന്നെങ്കിൽ ഇൻഡ്യയിലെ പട്ടിണി തീരുമായിരുന്നു. "ഇല്ലാത്ത വില"കൊടുത്തു് വിദേശരാജ്യങ്ങളിൽനിന്നും ഭക്ഷ്യസാധനങ്ങൾ ഇറക്കുമതിചെയ്യുന്ന സ്ഥാനത്തു് കരുണാനിധിയായ ഈ ഭഗവാന് പ്രത്യേകപ്രയത്നമോ പണമുടക്കോ കൂടാതെ അതു കഴിയുമായിരുന്നിട്ടും അദ്ദേഹം എന്തുകൊണ്ടു് അതു ചെയ്തില്ല.

ഇല്ലായ്മയിൽനിന്ന് സ്വർണ്ണവും പണവും ഉണ്ടാക്കാൻ കഴിയുന്ന ഈ ഭഗവാനെ ധനകാര്യമന്ത്രിയാക്കുന്ന കാര്യം ശ്രീമതി ഇന്ദിരാഗാന്ധി ഇതുവരെ ആലോചിക്കാത്തതെന്താണെന്നാണു എന്റെ സംശയം! അദ്ദേഹം ഒന്നു വിചാരിച്ചാൽ ഇൻഡ്യയെ സമ്പന്നരാഷ്ട്രങ്ങളിൽ ഒന്നായി മാററുമായിരുന്നല്ലോ!!

പരിശുദ്ധാത്മാവ്

ക്രിസ്ത്യാനികളുടെ ദൈവമായ യേശുക്രിസ്തു ജനിച്ചതു് പുരുഷസംയോഗത്തിലല്ലെന്നും ആകാശത്തുനിന്നു് ഇറങ്ങിവന്ന പരിശുദ്ധാത്മാവിനാൽ ആണെന്നും ആ മതക്കാർ വിശ്വസിക്കുന്നു. കല്യാണത്തിനുമുമ്പു് ഗർഭിണിയായ മറിയത്തിന്റെ "പരിശുദ്ധാത്മകത" അപഹരിക്കുകയെന്ന ആളുകൾ വിശ്വസിച്ചു. ദശരഥമഹാരാജാവിന്റെ ഭാര്യമാർ, പുത്രകാമേഷ്ടിയാഗം നടത്തുകയുണ്ടായ പ്രാൾ പൊന്തവന്ന "പായസം"കഴിച്ചു് ഗർഭിണികളായെന്നു ഹിന്ദുക്കൾ വിശ്വസിക്കുന്നു. വൃദ്ധയായ സാറായ്ക്കു് യഹോവയായ ദൈവം പ്രസാദിച്ചു് ഒരു പുത്രനെ കൊടുത്തുവന്നു യഹൂദന്മാർക്കും ഒരു പാരമ്പര്യമുണ്ട്. എല്ലാ മതങ്ങൾക്കും ഇത്തരം ദിവ്യഗർഭങ്ങളുടെ കുറേ കഥകൾ പറയാനുണ്ടാകും, "ദൈവാവതാരമ്"മായ ബാബയ്ക്കും ഇത്തരം കഥകൾ ഇല്ലെങ്കിൽ മോശമാണ്. പക്ഷേ, ഭഗവാൻ ജനിച്ചതിനെസ്സംബന്ധിച്ചു് ദിവ്യകഥകൾ ഒന്നു

പ്രൊ: ഏ ടി. കോവൂർ

മല്ല. പക്ഷേ, സായിബാബാ അനേകം സ്ത്രീകൾക്ക് "ദിവ്യഗർഭം" നൽകിയതിന്റെ കഥകൾ കേട്ടിട്ടുണ്ട്. അഞ്ചു വർഷം മുമ്പ് "നാത്തികം" എന്ന മലയാള വാരികയിൽ വന്ന ഒരു ലേഖനത്തിന്റെ സംഗ്രഹം താഴെച്ചേർക്കുന്നു:

"ഭഗവാന്റെ അവതാരമാണെന്നു വിശ്വസിക്കപ്പെടുന്ന "വിശുദ്ധ"നായ സത്യസായിബാബയുടെ തട്ടിപ്പിനു വിധേയമായിട്ടുള്ള അനേകം സ്ത്രീകളിൽ ഒരാളാണ് തിരുവാതുരിലെ മിസ്സിസ് ജാനകി. 35 വയസ്സുള്ള ജാനകി ഒരു സമ്പന്നന്റെ ഭാര്യയാണ്, പതിനഞ്ചു വർഷത്തെ ദാമ്പത്യജീവിതത്തിനിടയിൽ ഒരു കുട്ടിപോലും അവർക്കുണ്ടായില്ല. പല ഡോക്ടർമാരെയും അവർ സമീപിച്ചു. അനേകസ്ഥലങ്ങളിൽ തീർത്ഥാടനം നടത്തി. പ്രയോജനമൊന്നുമുണ്ടായില്ല. അവർക്കു ഗർഭധരിക്കാത്തതിക്കാൻ അടിസ്ഥാനപരമായ ന്യൂനതകൾ ഒന്നുമല്ലെന്നും ഇനിയും ഗർഭധാരണത്തിനുള്ള സാദ്ധ്യതകൾ ഉണ്ടെന്നും ഡോക്ടർമാർ പറഞ്ഞിരുന്നു. അങ്ങനെയിരിക്കെ സായിബാബാഭക്തന്മാരായ ചിലർ നിർദ്ദേശിച്ചതനുസരിച്ച് പുട്ടപർത്തിയിൽ ചെന്ന് അവർ "വിശുദ്ധ"മനുഷ്യനെ കണ്ടു. സന്താനഭാഗ്യത്തിനുവേണ്ടി മൂന്നുദിവസത്തെ ഏകാന്തപൂജ നടത്തണമെന്നാണ് സായിബാബാ വിധിച്ചത്. "വിശുദ്ധ"നായ ബാബയെപ്പറ്റിയുള്ള വിശ്വാസവും ഒരു കുട്ടിയുണ്ടാവുന്നതിനുള്ള ആഗ്രഹവുംകൊണ്ട് സായിബാബയുടെ താമസസ്ഥലത്തെ ഒരു മുറിയിൽ അവർ ഏകാന്തപൂജയ്ക്കു പ്രവേശിച്ചു. അധികം താമസിയാതെ ഭഗവാൻ സന്താനവരം നൽകാൻ അവരുടെ മുറിയിലെത്തി. പേടിച്ചുവിറച്ച ജാനകി മുറിവിട്ടോടി. "നമുക്ക് ഇത്തരം രഹസ്യപൂജ വേണ്ട. ദൈവത്തിന്റെ കുട്ടികൾ ഉണ്ടാകുന്നതിൽ ഭേദം കുട്ടികൾ ഇല്ലാതിരിക്കുന്നതാണ്":—ജാനകി ഭർത്താവിനോടു പറഞ്ഞു.

സായിബാബായ്ക്ക് അങ്ങേയറ്റം മാനനഷ്ടമുണ്ടാക്കുന്ന ഒരു വാർത്തയാണിത്. നാത്തികം, തേരാളി, ജനയുഗം, യുക്തിവാദി, സിലോൺ റാഷണലിസ്റ്റ് അംബാസഡർ തുടങ്ങിയ പത്രങ്ങളിലെല്ലാം ഇതു വന്നു. ഇതുവരെ ആ പത്രങ്ങളുടെയൊന്നും പേരിൽ സായിബാബ കേസ് കൊടുത്തിട്ടില്ലെന്നുള്ളതുതന്നെ ഈ വാർത്ത സത്യമാണെന്നു തെളിയിക്കുന്നു. ഇതുപോലെ പല സ്ത്രീകൾക്കും സായിബാബ "ഏകാന്തപൂജ" നടത്താറുണ്ടെന്നാണ് അറിവ്. സ്ത്രീകളാണ് ഈ ഭഗവാന്റെ ആരാധകരിൽ അധികവും.

ദിവ്യശക്തി—ഒരു കെട്ടുകഥ

പ്രപഞ്ചത്തെ മുഴുവൻ സൃഷ്ടിച്ചു രക്ഷിക്കുന്നതു ദൈവങ്ങളാണെന്നാണു പറയപ്പെടുന്നത്. അത്തരം ദൈവങ്ങൾ ചിലപ്പോൾ ഭൂമിയിൽ അവതരിക്കുമത്രേ. കൃഷ്ണ, ശ്രീരാമൻ, ശ്രീകൃഷ്ണൻ, സായിബാബാ തുടങ്ങിയവരെല്ലാം അങ്ങനെ അവതരിച്ച ദൈവങ്ങളാണെന്നാണു ഭക്തന്മാർ പറയുന്നത്. അതു കേൾക്കുമ്പോഴൊക്കെ എനിക്ക് അത്ഭുതം തോന്നും. കാരണം മറ്റൊന്നുമല്ല. അനന്തവിസ്തൃതമായ ഈ പ്രപഞ്ചത്തിൽ എത്രയോ നിസ്സാരമായ ഒരു ഗ്രഹമാണു നമ്മുടെ ഭൂമി. പ്രസിദ്ധ ജ്യോതിശാസ്ത്രജ്ഞനായ ഹാർലോഷാപ്ലി പറയുന്നതു നമ്മുടെ ഭൂമിപോലുള്ള ദശലക്ഷക്കണക്കിനു ഗ്രഹങ്ങൾ ഈ പ്രപഞ്ചത്തിലുണ്ടെന്നാണ്. അവിടങ്ങളിൽ ജീവനും ഉണ്ടെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. അവയെല്ലാം അവഗണിച്ചിട്ട് ഈ ഭൂമിയിൽവന്ന മനുഷ്യസ്ത്രീയിൽനിന്നു ജനിച്ച് ഈ ഭഗവാനാണെന്നു കേൾക്കുന്നു എന്നാണു മനസ്സിലാകാത്തത്!

ശാസ്ത്രീയമായി പരിശോധിക്കുമ്പോൾ ഒരുത്തന്നു ദിവ്യശക്തിയില്ലെന്നു വ്യക്തമാകും. മതഗ്രന്ഥങ്ങളിലും ചില വാരാന്തപ്പതിപ്പുകളിലും ക്ഷണവിശ്വാസശീലരായ ചിലരുടെ മനസ്സിലും മാത്രമേ "അത്ഭുതങ്ങൾ" നടക്കുന്നുള്ളു. നമ്മുടെ ഈ ഗ്രഹത്തിൽ ജീവിക്കുന്ന ഏതെങ്കിലും മനുഷ്യനു പ്രകൃത്യാതീതമായ ശക്തികളുണ്ടായിരുന്നുവെങ്കിൽ പണ്ടേതന്നെ ഞാൻ പറഞ്ഞതുപോലെ അയാൾ ഭഗവാനായിരുന്നു. 1964 മുതൽതന്നെ ഇത്തരക്കാരെ വെല്ലുവിളിച്ചുകൊണ്ടുള്ള ലേഖനങ്ങൾ ഞാൻ ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ള പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. സായിബാബയ്ക്കുതന്നെ ഞാൻ

ഈ വിവരം എഴുതി അയച്ചു. ആ കത്ത് ഇപ്രകാരമായിരുന്നു:—

കൊളംബോ,
25 സെപ്തംബർ, 1965

മിസ്റ്റർ സത്യസായിബാബയ്ക്ക്,
പ്രശാന്തിനിലയം,
വഴുകൊണ്ടാപ്പട്ടപ്പർത്തി,
ആന്ധ്രപ്രദേശ്.

പ്രിയപ്പെട്ട മിസ്റ്റർ ബാബാ,

നിങ്ങളുടെ ശരീരവും വസ്ത്രങ്ങളും ഞാൻ പരിശോധിച്ചുകഴിഞ്ഞതിനു ശേഷം അത്ഭുതകരമോ ദിവ്യമോ ആയ ശക്തികൊണ്ടു ഭസ്മം, സ്വർണ്ണാഭരണങ്ങൾ, വിഗ്രഹങ്ങൾ, പഴങ്ങൾ തുടങ്ങിയവ എന്തെങ്കിലും നിർമ്മിച്ചുകാണിക്കാമെങ്കിൽ അക്കാര്യത്തിന് 75000 രൂപ വരെ ഏതു തുകയും പന്തയം വെയ്ക്കാൻ ഞാൻ തയ്യാറാണെന്ന് അറിയിക്കാനാണ് ഈ കത്തെഴുതുന്നത്. മററ വ്യവസ്ഥയേ ഇക്കാര്യത്തിൽ എനിക്കുള്ളു. പരീക്ഷണസമയത്ത് നിങ്ങളുടെ മാനേജരും സെക്രട്ടറിയുമായ പ്രൊഫസർ കസ്തൂരിയെ മററു സഹകാരികളെ നിങ്ങളിൽ നിന്ന് അഞ്ചുവാര അകലെമാത്രമേ നിൽക്കാവൂ. ഈ വെല്ലുവിളി സ്വീകരിച്ച്, യുക്തിപൂർവ്വമായ ഞങ്ങളുടെ സംശയങ്ങൾക്കുത്തരമായി നിങ്ങൾക്കുള്ള ദിവ്യശക്തി തെളിയിക്കാൻ താങ്കൾ ബാദ്ധ്യസ്ഥനാണ്. വിശുദ്ധമനുഷ്യർക്ക് യുക്തിക്കോ ശാസ്ത്രത്തിനോ നിരക്കാത്ത അത്ഭുതങ്ങൾ ഉണ്ടെന്ന് എന്നേപ്പോലുള്ള സംശയാലുക്കളായ യുക്തിവാദികൾക്ക് തെളിയിച്ചുതന്നാലും. ഏതെങ്കിലും മുടന്തന്മാരായങ്ങൾ പറഞ്ഞു, ഈ വെല്ലുവിളി സ്വീകരിക്കാതെ താങ്കൾ ഒഴിഞ്ഞുമാറിയാൽ, താങ്കളും കൂട്ടുകാരും കൂടി ക്ഷണവിശ്വാസശീലരായ ജനങ്ങളെ കബളിപ്പിക്കുകയാണെന്ന് ന്യായമായും ഞങ്ങൾക്കു കരുതേണ്ടിവരും. നിങ്ങളുടെ,

വിശ്വസ്തൻ

എബ്രഹാം റാറി. കോവൂർ.

1965 സെപ്തംബറിൽ അയച്ച കത്തിന് ഇതുവരെ മറുപടി കിട്ടിയിട്ടില്ല. പിന്നീട് സ്ലോണിലും ഇൻഡ്യയിലുമുള്ള നിരവധിപത്രങ്ങളിൽ ഞാൻ ഈ

എം. ടി. കോവൂരും പത്നിയും

കത്തു പ്രസിദ്ധീകരിച്ചു. ഭഗവാൻ സായിബാബാ മൌനം ദീക്ഷിക്കുകയാണ്. അദ്ദേഹത്തിന്റെ തട്ടിപ്പുകൾ പൊളിഞ്ഞുപോകുമെന്ന് ഭയപ്പെടുന്നതുകൊണ്ടുമാത്രമാണ് ഈ മൌനം.

സത്യസായി ബാബായ്ക്കു മാത്രമല്ല, ആർക്കും ശൂന്യതയിൽനിന്നു് ഒന്നും ഉണ്ടാക്കാൻ കഴിയുകയില്ല. അങ്ങനെ ആരെങ്കിലും കഴിഞ്ഞാൽ ശാസ്ത്രം ഇതുവരെ കെട്ടിപ്പടുത്തുകൊണ്ടുവന്ന ലിഖിതങ്ങളെല്ലാം തകർന്നുപോകും.

(തുടരും)

—o—

സാഹിത്യനിരൂപണം എങ്ങനെ?

'താളംതെററിയ കാമ്പസ്സുട്ടത്തിലാണ് മലയാളസാഹിത്യം' എന്ന് ഒരു ഗ്രന്ഥനിരൂപകൻ ഈയിടെ എഴുതിക്കണ്ടു. സർഗ്ഗാത്മകസാഹിത്യം മാത്രമായിരിക്കണം അദ്ദേഹത്തിന്റെ വിവക്ഷ. പുസ്തകാഭിപ്രായക്കുറിപ്പെഴുതിയ ഒരാളിന്റെ അഭിപ്രായം മാത്രമായിരുന്നു അതു്. പക്ഷേ, അദ്ദേഹം അണിഞ്ഞിരുന്നതു് നിരൂപകന്റെ അങ്കിയായിരുന്നു. നമ്മുടെ നിരൂപണസാഹിത്യത്തിനു തല്ക്കാലം താളമേയില്ലെന്നു പറഞ്ഞാൽ അതൊരു അസത്യപ്രസ്താവമാണെന്നു തോന്നുന്നില്ല. ശ്രീ. ഏം. പി. പി. നമ്പൂതിരി, ടി. എൻ. ജയചന്ദ്രൻ എന്നിവർ അടുത്തകാലത്തു് ഈ വിഷയത്തെപ്പററി എഴുതിക്കണ്ട ലേഖനങ്ങൾ എന്റെയീ ആക്ഷേപത്തിനു സാധകങ്ങൾ നൽകുന്നു. ഗ്രന്ഥനിരൂപണമെന്ന ലേഖലൊട്ടിച്ചു് ആനുകാലികപ്രസിദ്ധീകരണങ്ങളിൽ എഴുതിച്ചേർക്കുന്ന പുസ്തകാഭിപ്രായക്കുറിപ്പുകൾ (പക്ഷപാതികളല്ലാത്ത പലരും ഈ പംക്തികളിൽ കടന്നുകൂടാറുണ്ടെന്നതും ഒരു വസ്തുതയാണ്) മാത്രമാണിന്ന് "നിരൂപണമെന്ന ശാഖയുടെ നേട്ടങ്ങൾ! ഇതു് സാഹിത്യത്തിന്റെ വളർച്ചയെ സാരമായി ബാധിക്കുന്ന ഒരു ചാഴിരോഗമാണ്.

സർഗ്ഗാത്മകരചനയെക്കാൾ ശ്രമകരമാണു നിരൂപണം. പരന്ന വായനയും, പഠനപാടവവും, സർവ്വോപരി ഗുണദോഷവിചിന്തനത്തിനുള്ള മനസ്സാന്നിദ്ധ്യവും കൈമുതലായുള്ളവർ മാത്രം ഏറ്റെടുക്കാവുന്ന ഒരു സാഹിത്യരൂപമാണതു്. അതു് എങ്ങനെയായിരിക്കണമെന്നു ചില നിർദ്ദേശങ്ങളിൽ ഒതുക്കിനിർത്താമെന്നു ചിന്ത മൌഢ്യമാണ്. പരിമിതമായ പരിചയത്തിൽനിന്നു രൂപംകൊണ്ട ചില അഭിപ്രായങ്ങൾ പരിണതപ്രജ്ഞരുടെ ചിന്തയ്ക്കു വിഷയമാക്കുകമാത്രമാണീ ലേഖനത്തിന്റെ ഉദ്ദേശം.

പ്രസിദ്ധീകരണത്തോടനുബന്ധിച്ചു് എന്തുകൊണ്ടു് ഏററവും മുന്നിൽനില്ക്കുന്ന നോവൽപ്രസ്ഥാനമാകയാൽ എന്റെയീ അഭിപ്രായപ്രകടനം നോവൽനിരൂപണത്തിൽ മാത്രമൊതുക്കിനിറുത്തുവാനാണുദ്ദേശം. പുസ്തകാഭിപ്രായം എന്ന തലക്കെട്ടിന്നടിയിൽ ഒതുങ്ങിനിന്നുകൊണ്ടു് ഒന്നാന്തരം വിമർശനചൂതുകങ്ങളെഴുതാറുള്ള ആളുകളുടെ ഒരു ചെറിയ പട്ടിക തയാറാക്കാൻ സാധിക്കുമെന്ന സന്തോഷകരമായ കാര്യം ഞാൻ വിസ്മരിക്കുന്നില്ല. പക്ഷേ, പുസ്തകാഭിപ്രായക്കാരിൽ ഏറിയകൂറും താങ്കൾ കൈകാര്യംചെയ്യുന്ന വിഷയത്തിന്റെ ഗൌരവത്തെപ്പററി വിവരമില്ലാത്തവരാണെന്ന ദുഃഖസത്യം ബാക്കിനില്ക്കുന്നു.

സാമാന്യമായി ഒരു നിരൂപകനുണ്ടായിരിക്കേണ്ട യോഗ്യതകൾ ഇങ്ങനെ സംഗ്രഹിക്കാം:—

1. നിരൂപകൻ വുല്പന്നമതിയായ ഒരു വായനക്കാരനായിരിക്കണം.

2) സാഹിത്യകലയെപ്പററി വിശദമായ അറിവു് ഒഴിച്ചുകൂടാനാവാത്ത ഒരു യോഗ്യത യാണ്.

3) സാഹിത്യനിർമ്മാണകൌശലത്തെ (Literary Craft) പ്പററി വ്യക്തമായ ധാരണകൾ കൂടാതെകഴിയില്ല.

4) ആശയങ്ങൾക്കു വ്യാഖ്യാനം നൽകാൻ ആവശ്യമായ പാണ്ഡിത്യമുണ്ടായിരിക്കണം.

5) ഭാഷാപാണ്ഡിത്യം നിരൂപണത്തിന് അത്യന്താപേക്ഷിതമാണ്.

6) സർവ്വോപരി നിഷ്പക്ഷമതിയായ ഒരാസ്വാദകനായിരിക്കണം നിരൂപകൻ.

വായന

ഒരു നല്ല വായനക്കാരനാവുക വിചാരിക്കുന്നത്ര സുഗമമായ ഒരു കാര്യമല്ല. നിരന്തരമായ ഗ്രന്ഥപരിചയംകൊണ്ടു ശീലിക്കുവാൻ കഴിയുന്ന കാര്യമാണിതു്. ഗ്രന്ഥപരിചയം എന്ന പദപ്രയോഗം അതിന്റെ വിശാലമായ അർത്ഥത്തിലാണ് ഞാനുപയോഗിക്കുന്നതു്. ആസ്വദിക്കാനും, അപഗ്രഥിക്കാനുമുള്ള കഴിവു് ഗ്രന്ഥപരിചയത്തിന്റെ പരിധിയിൽപ്പെടുന്നു. നോവലിനെപ്പററിയാണല്ലോ പരിചിന്തനം. നോവൽസാഹിത്യത്തിലെ പഴയതും, പുതിയതുമായ പ്രവണതകൾ നന്നായറിയാത്ത ഒരാളിന് മേൽസൂചിപ്പിച്ച ആസ്വാദനവും, അപഗ്രഥനവും സാദ്ധ്യമാകുന്നതു വരാനിടയില്ല. ഒററ വായനകൊണ്ടു നിരൂപണം സാധിക്കാനുള്ള കഴിവു് എന്നു് ഇവിടെ വിവക്ഷയല്ല. ഒററ വായന കഴിഞ്ഞു് ഒരു കൃതിയെ നിരൂപണംചെയ്യുന്നതു കുററകരമായ ഒരു തെററാണെന്ന് "വെർജിനിയാ വുൾഫ് അഭിപ്രായപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നു. ആദ്യത്തെ വായന, യാതൊരു മുൻവിധിയും കൂടാതെ ആസ്വാദനത്തിനുവേണ്ടി മാത്രമാവണം. രണ്ടാമതൊരു വായനകൊണ്ടു് സ്വയം തൃപ്തനായില്ലെങ്കിൽ മൂന്നാമതൊരു വായനകൂടി വേണമെന്നാണ് വെർജിനിയാ വുൾഫിന്റെ നിർദ്ദേശം. ഒരു കൃതിയിലെ കലാംശത്തിൽ കണ്ണെത്തുന്നതിന് ഈ ആവർത്തനം ആവശ്യമുണ്ടത്രേ. ഈ യന്ത്രയുഗത്തിൽ അതിനുള്ള സാവകാശം കുറവാണ്. പക്ഷേ, ഒരു രണ്ടാം വായന അധികപ്പററല്ലാതാണ്.

സാഹിത്യകലയെപ്പററിയുള്ള ജ്ഞാനം:

കലയ്ക്കു പൊതുവേതന്നെ സർവ്വസമ്മതമായ ഒരു നിർവചനമുണ്ടെന്നു തോന്നുന്നില്ല. വൈകാരികരസം അനുഭവിപ്പിക്കുന്നതു് അനുഭവവേദ്യമാക്കിക്കൊടുക്കലാണ് കലയുടെ ധർമ്മമെന്ന ടോൾസ്റ്റോയിയുടെ ആ നിർവചനത്തിനു വലിയ ചൊല്ലിച്ചെഴുത്തൊന്നും ആവശ്യമില്ലെന്നു തോന്നുന്നു. കലയുടെ പ്രയോജനാംശം (പ്രചരണോദ്ദേശ്യം) ഇവിടെ ചർച്ചാവിഷയമാക്കേണ്ടതില്ല. കലാവലോകനത്തിനു മുതിരുമ്പോൾ ഈ ചിന്താഗതി നിരൂപകന് ഒഴിവാക്കുകതന്നെ വേണം. വേശ്യയുടെ പണിപ്പുരയും, കലാംശനയുടെ മണിവാറയും. ഭാവനാസമ്പന്നനായ നോലലിസ്റ്ററിന്റെ ജീവികയ്ക്കു വിഷയമാകാം. രണ്ടിലുമുള്ള ഭാവകാരികത്വം തേടിപ്പിടിച്ചു അനുവാചകനു അനുഭവവേദ്യമാക്കുന്നോണയാളുടെ ശ്രമം നിരൂപകന്റെ

സാംസ്കാരിക പശ്ചാത്തലം അവിടെ ഒരു വിലങ്ങുതടിയാകാൻ പാടില്ല.

തെരുവുകന്യകകളുടെ കഥപറയാൻ അലഞ്ഞുനടന്ന എമിലിസോളായുടെ കൃതികൾ സംസ്കാരത്തിന്റെ കൊടിപിടിച്ചു നടന്നിരുന്ന നിരൂപകന്മാരെ അതിജീവിച്ചുവന്ന കാര്യം സ്മരണീയമാണ്. കലാംശം മനനം ചെയ്യുന്നതിന് നിരൂപകന്റെ തത്വചിന്തയും, വിശ്വാസങ്ങളും തടസ്സമായി നിൽക്കാൻ പാടില്ല. താൻ നിരൂപണം ചെയ്യുന്ന കൃതിയിലെ ഫിലോസഫിയും, അതു കൈകാര്യം ചെയ്ത രീതിയുമാവണം നിരൂപകന്റെ വിശകലനത്തിനു നിദാനം. സ്വാഭിപ്രായങ്ങൾ നിരൂപകന് രേഖപ്പെടുത്താം. പക്ഷേ, അതു നിരൂപണവിധേയമായ കൃതിയുടെ വിലയിടിച്ചു കാണിക്കാനുള്ള ശ്രമമാക്കി മാറരുതെന്നുമാത്രം.

നിർമ്മാണകൌശലം:

സാഹിത്യത്തിലെ കലാംശം വേർതിരിച്ചെടുക്കാനൊരുങ്ങുന്നയാളിനു സാഹിത്യനിർമ്മിതി എന്ന കരകൌശലത്തെപ്പററി (Literary Craft) വ്യക്തമായ ധാരണയുണ്ടാവാതെ പററില്ല. ഏതെല്ലാം അംശങ്ങൾ ഏതേതളവിൽ ചേർത്താണ് സാഹിത്യനിർമ്മിതി നിവർഹിച്ചിട്ടുള്ളതെന്ന് അപഗ്രഥിക്കുവാൻ നിരൂപകനു കഴിയണം. നോവലാണല്ലോ ചർച്ചാവിഷയം. പദസമൂഹങ്ങളാണ്—ഭാഷയാണ്—നിർമ്മിതിക്കുപയോഗിക്കുന്ന പ്രധാനപദാർത്ഥം. അതിനെ സംസ്കരിച്ചെടുത്തു് പ്രയോഗിക്കലാണ് എഴുത്തുകാരന്റെ കരകൌശലം. പദങ്ങളുടെ വിന്യാസത്തിൽ നിന്നാണ് സംഭവങ്ങളും, രൂപങ്ങളും, ചലനങ്ങളും, ചിന്തകളും അനുവാചകന് അനുഭവവേദ്യമാകേണ്ടതു്. വാക്കുകൾ തെരഞ്ഞെടുത്തു് അടുക്കിപ്പെറുക്കി സ്ഥാനനിർണ്ണയം ചെയ്തു ഉപയോഗിക്കേണ്ടതു് എങ്ങനെയാകണമെന്ന് നോവലിസ്റ്ററിനെപ്പോലെതന്നെ നിരൂപകനു അറിഞ്ഞിരിക്കണം.

പ്രമേയനിർവഹണത്തിനുപയോഗിക്കുന്ന വിന്യാസരീതി, ചിത്രീകരിക്കപ്പെടുന്ന ജീവിതം, സംഭവങ്ങൾ എന്നുവേണ്ട കൃതിയിലെ എല്ലാ അംശങ്ങളും വിശകലനം ചെയ്തു വിലനിശ്ചയിക്കാനുള്ള വിജ്ഞാനം നിരൂപകനുണ്ടായേ മതിയാകൂ.

നിരൂപകനെ അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമുണ്ടവിടെ വാദഗ്രന്ഥമായുപയോഗിക്കാനൊരളവുകോലുണ്ടാക്കുക സാദ്ധ്യമല്ല. മാരോ എഴുത്തുകാരനും അയാളുടേതായ പദപ്രയോഗരീതി മസ്റ്റൽ—അണ്ണളുതു്, വാഗ്മയ ചിത്രങ്ങൾ, മാനസികാപഗ്രഥനരീതി തുടങ്ങി ഓരോന്നും അവരവർക്കു വശമായ രീതിയ്ക്കാണെഴുത്തുകാർ നടക്കുക. അവ ഒന്നിൽനിന്നു് മറ്റൊന്നു വേറിട്ടുനിൽക്കുകതന്നെ ചെയ്യും, ഒരാളിൻറതന്നെ രണ്ടുകൃതികളിൽ പോലും ഈ വൈജാത്യം കണ്ടുവന്നു വരാം. ഈ വസ്തുതകൾ പരിഗണിച്ചു് അഭിപ്രായരൂപീകരണത്തിനുള്ള കഴിവും, പരിചയവും ഇല്ലാതെവന്നാൽ നിരൂപണം പരാജയപ്പെടും. മററു സാഹിത്യരൂപങ്ങളുടെ പക്ഷിച്ചു കൂടുതൽ സങ്കീർണ്ണമാണു നോവലെന്നു പറയാം. നിശ്ചിതമായ അതിർവരമ്പുകളിൽ ഒതുങ്ങുന്നതല്ലതന്റെ വ്യാപ്തി ചില പൊതുതത്വങ്ങളാശ്രയിക്കാമെന്നല്ലാതെ നിരൂപണത്തിനൊരു പ്രത്യേക അളവുകോൽ ഉപയോഗിക്കാൻ ശ്രമിക്കുന്നതു് അപകടമാണു്.

എന്താണു് നോവൽ?

ഈ ചോദ്യത്തിനുത്തരം മറിഞ്ഞിരിക്കുകിൽ ആശയപരമായ അപഗ്രഥനം സാദ്ധ്യമല്ലാതെവരും. പഴയ ഇതിഹാസങ്ങളുടെ സ്ഥാനത്തു് ഉടലെടുത്ത ഒരു ഗദ്യപ്രസ്ഥാനമാണിതെന്നും പുതിയ പ്രസ്ഥാനമായതുകൊണ്ടു് അതിനു നോവലെന്നു പേരിട്ടുവെന്നും പറയപ്പെടുന്നുണ്ടു്. ഒരു ഐതിഹ്യത്തിൻറെ പ്രതീതിയുണ്ടുതുകൊണ്ടു് തോന്നുക. കഥ, പ്ലോട്ടു്, കഥാപാത്രങ്ങൾ, സംഭാഷണം, വിവരണങ്ങൾ, ചിത്രകളും, അവയുടെ വ്യാഖ്യാനങ്ങളും ഇവയൊക്കെ ഉൾക്കൊള്ളുന്നതും, അപ്രതിനിധിത്തിൽപ്പെടും വാക്കുകളതിലുടനീളുന്നതുമായ ഭാവനാസമ്പന്നമായ ഒരു ഗദ്യകൃതിയെന്നാണു നിർവചനം പിൽക്കാലത്തുണ്ടായി, വ്യവസ്ഥയില്ലാത്തതും, നിലനിൽപ്പില്ലാത്തതും ആയ നിർവചനങ്ങളായിരുന്നു ഇവയൊക്കെ. നിർഭാഗ്യവശാൽ അംഗീകൃതമായ ഒരു നിർവചനം നോവലിനു് ഇളുവരെ ഉണ്ടായിട്ടില്ലെന്നതാണു വാസ്തവം.

മലയാളലേഖകരെളാഴികെ കുത്തിക്കെട്ടാവുന്നതെന്തും നോവലിൻറെ വലുപ്പമാവാമെന്നു വന്നിട്ടുണ്ടപ്പോൾ. മലയാളത്തിലെ ചെറുകിട്ടിനോവലുകളിൽ പലതും പതിനായിരം വാക്കുകൾചേർന്നും തികയാത്തവയാണു്. നമ്മുടെ സാമാന്യനോവലുകൾ 20–30 ആയിരം വാക്കുകളിൽ ഒതുങ്ങുന്നു; വണ്ണത്തിൽമാത്രമല്ല രൂപത്തിലും നോവലിനു വ്യത്യാസം വന്നിട്ടുണ്ടു്. വ്ളാഡ്വിമിർ നബക്കോവ് പദ്യത്തിൽ ഒരു നോവലെഴുതിട്ടുണ്ടത്രേ. പദ്യങ്ങൾക്കു ചുവടെ വിശദീകരണങ്ങൾ നൽകുകയാണു് കഥാവിന്യാസം സാധിച്ചിട്ടുള്ളതു്, വിജ്ഞാനകോശനിർമ്മിതിയുടെ രീതിയിൽ നോവലുകൾ വിരചിതങ്ങളായിട്ടുണ്ടെന്നു പറയപ്പെടുന്നു. പ്ലോട്ടു് അത്യന്താപേക്ഷിതമല്ലെന്നും, സംഭാഷണം ആവശ്യമില്ലെന്നും മാത്രമല്ല പാത്രസൃഷ്ടി നോവലിസ്ററിനെ അനാവശ്യമായി വട്ടംചുററിക്കുന്ന ഒരേർപ്പാടാണെന്നുപോലും പുതിയ തലമുറക്കാർ (പടിഞ്ഞാറൻനാടുകളിൽ) വാദമുന്നയിച്ചുകൊണ്ടിരിക്കയാണു്.

നോവൽപ്രസ്ഥാനത്തിലെ മാററങ്ങൾക്കു് എപ്പോഴും മുന്നോടിയായ പ്രാൻസിൽ അൽബേർ കാമു, സാർത്രേ തുടങ്ങിയവരുടെ കൃതികൾ പഴഞ്ചനെന്നു മുദ്രകുത്തിത്തള്ളിക്കളഞ്ഞിരിക്കയാണു് (നമ്മുടെ അത്യന്താധുനികർ ദേജ്ഖരിച്ചവരുടെ "മാർഗ്ഗം" കൂട്ടുകാലമേതായിട്ടില്ലെന്നു വസ്തുത, ഒരുപക്ഷേ അതാണു്) റോബ്ഗ്രിയേ, നതേലി സാറോട്ടു് തുടങ്ങിയ ചില പുതിയ കൃമികളാണിന്നു് ഫ്റഞ്ചു്നോവലിനെ സംബന്ധിച്ചിടത്തോളം പ്രഖ്യാതർ, നിരൂപകന്മാർ ഈ മാററങ്ങളെപ്പററി അറിവുണ്ടായിക്കണം. ഫ്ളാബ്ബയുടേയോ ഹെൻറിജേംസിൻറേയോ, ഫോർസ്ററുടേയോ മാതൃകകൾ മുന്നിൽവച്ചുകൊണ്ടു് ഇന്നത്തെ നോവലിനു വിലയിരുത്തിയാൽ അതു പ്രകൃതത്തിനു പററുന്ന ഏർപ്പാടാവില്ല.

സാഹിത്യഭാഷ

വ്യാകരണനിബന്ധമായ ശാസ്ത്രീയഭാഷയും, സാഹിത്യഭാഷയും ഒന്നല്ലെന്നു വസ്തുത നിരൂപകൻ മനസ്സിലാക്കണം. മേരി മക്കാർത്തർ എന്ന എഴുത്തുകാരി പറയുന്നതിങ്ങനെയാണു്: "എനിക്കു് എന്താണു പറയാനുള്ളതെന്നു ഞാൻ പഠിക്കുന്നതു് എഴുതിക്കൊണ്ടിരിക്കുമ്പോൾ മാത്രമാണു്. മിക്ക നോവലെഴുത്തുകാരുടെ കാര്യത്തിലും ഇതൊരു യാഥാർത്ഥ്യമായിരിക്കും." നോവലെഴുത്തുകാരിൽ പലരും ഈ അഭിപ്രായം തള്ളിക്കളയാനിടയായിട്ടില്ലെന്നാണു സ്വാനുഭവത്തിൻറെ പിൻബലത്തോടുകൂടിയുള്ള എൻറെവിശ്വാസം. ഒരു പുത്താലം നിറയെ വാക്കുകളുമായി എഴുതാനിരിക്കുക പ്രായോഗികമല്ലതന്നെ. കവിതയിൽ ഈ രീതി (തെരഞ്ഞെടുത്ത വാക്കുകളുമായി രചനയാരംഭിക്കുക) അപ്രായോഗികമാണെന്നു പറഞ്ഞുകൂടാ. പദസ്സുത്തുകൾ കാച്ചിക്കുറുക്കി രസായനമാക്കലാണല്ലോ കവിതാനിർമ്മിതി. നോവലിലെ പ്രക്രിയ നേരെതിരിച്ചാണു്. പദവികാസത്തെപ്പുണ്യാഹാണിവിടെ പ്രകടമാകുന്നതു്.

സംസ്കൃതിപ്പെടുത്ത ഭാഷകൊണ്ടു് നോവലെഴുതുന്ന അനുഗ്രഹീതരായ ചിലരുണ്ടു്. ഈ തേയ്ച്ചുമിനുക്കു് ജന്മസിദ്ധമാണു്. കൽക്കണംപോലെ മധുരിക്കുന്ന ഉറൂബിൻറെ ഭാഷയും, വിലാസിനിയുടെ ഭാഷയിലെ കാവ്യാത്മകതയും അവർക്കുമാത്രമുള്ളതാണു്. പാൽപായസംപോലെയുള്ള ശൈലിക്കും, ടി വാസുദേവൻനായരുടെ സ്വന്തമാണു്. അതു മററാരാൾക്കു് അനുകരിക്കാനാവുമെന്നു തോന്നുന്നില്ല. തകഴിയുടെ ഭാഷ ചടുലമാണു്. അതിൻറെ ഊർജ്ജസ്വലത കടമെടുക്കാൻ പററുന്നതല്ല. പക്ഷേ, തകഴിയുടെ ഭാഷ കാവ്യാത്മകമാണെന്നു പറയുന്നതു് ഒരു സാഹസമാണു്. ശുദ്ധിയും, ലാളിത്യവുമുള്ള ഭാഷയിൽ നോവലെഴുതുന്ന ഒരു സുരേന്ദ്രൻറെ ഭാഷാരീതി മററാരാണു്. കാക്കനാടൻ, മുകുന്ദൻ തുടങ്ങിയ ആധുനികരുടെ പ്രത്യേകശൈലികൾ അവർക്കുമാത്രമേ കൈകാര്യം ചെയ്യാൻ പററൂ. ഒരു നോവലിസ്ററിൻറെ ഭാഷാസ്ററൈൽ അളവുകോലാക്കി മററൊരു നോവലിസ്ററിൻറെ കൃതിക്കു മാർക്കിടുന്നതു തെററാണെന്നറിയുന്നതോടൊപ്പം, പല ഭാഷാരീതികളും ആസ്വദിക്കുന്നതിനുള്ള പ്രത്യേക കഴിവും നിരൂപകനുണ്ടായിരിക്കണം.

നിരൂപണത്തിൻറെ ഗൗരവം

സ്വാനുഭവജ്ഞാനത്തിൻറെ വെളിച്ചത്തിൽ മററാരാളിൻറെ ഗുണദോഷങ്ങൾ തെരഞ്ഞെടുത്തു വലയിരുത്തുന്ന ഒരു പ്രക്രിയയാണു് നിരൂപണം. ഒരു കൃതി ആസ്വദിക്കാൻതക്ക മനസ്സാന്നിദ്ധ്യത്തോടുകൂടി വായിക്കാൻ കഴിയുന്ന ഒരാളിനുമാത്രമേ ഗുണദോഷങ്ങൾ ചികഞ്ഞെടുക്കാൻ കഴിയൂ. പ്രത്യുല്പന്നമതിയായ ആസ്വാദകനെന്നപോലെതന്നെ നിഷ്പക്ഷമതിയായ ഒരു ന്യായാധിപനുംകൂടിയാവണം നിരൂപകൻ. എങ്കിൽമാത്രമേ ഗുണദോഷവിവേചനം നടത്തി വിധിപറയാൻ അദ്ദേഹത്തിനു സാദ്ധ്യമാവുകയുള്ളു. തൻറെ ചുമതലയുടെ ഗൗരവംകൂടി നിരൂപകൻ കണക്കിലെടുക്കണം. അദ്ദേഹത്തിൻറെ അഭിപ്രായത്തിൻറെ വെളിച്ചത്തിലാണു് ഏറിയ കൂറും—സാധാരണ വായനക്കാരൻ ഒരു കൃതിയെ സമീപിക്കുന്നതു്. തൻറെ വിജ്ഞാനക്കുറവു്, പക്ഷപാതം, ഇവ വായനക്കാരനെക്കൂടി വഴിതെററിക്കുന്നുവെങ്കിൽ അതു കുററകരമായ ഒരു തെററാണെന്നുകൂടി നിരൂപകനറിയേണ്ടതുണ്ടു്.

ഇന്നത്തെ നിരൂപണം

മേൽ സൂചിപ്പിച്ച ലക്ഷണങ്ങളുൾക്കൊള്ളുന്നതാണോ ആധുനിക നിരൂപണം? "അല്ല" എന്നുതന്നെയാണുത്തരം. നിരൂപണം തൊഴിലാക്കി വേതനം പററുന്ന ചിലർ തൊഴിൽദായകരുടെ പ്രീതിക്കനുസൃതമായി എഴുതിവിട്ടുന്ന പുസ്തകപ്പരസ്യങ്ങളാണു നാട്ടുകിന്നു കിട്ടുന്ന നിരൂപണങ്ങളിൽ ഏറിയകൂറും. പടിഞ്ഞാറൻ നാടുകളിലെ അവസ്ഥയാണിതു്.

"ബുക്ക്ക്ളബ്സ്" എന്നറിയപ്പെടുന്ന ഒരുതരം പുസ്തകവ്യാപാരശാലകളുടെ നിയന്ത്രണത്തിലാണു് അമേരിക്കയിലെ

ളും, ഇംഗ്ളണ്ടിലേയും നോവൽമാർക്കറ്റ്. ചെറിയ തുകകൊടുത്തു പകർപ്പവകാശം വാങ്ങുന്ന പിറ നോവലുകളിലേയ്ക്കുണ്ടിവരുടെ നോട്ടം. സ്ഥിരം ശമ്പളത്തിൽ നിയമിച്ചിട്ടുള്ള നിരൂപകരെത്തൊഴിലാളികളെക്കൊണ്ടു സ്വാധീനമുള്ള പത്രങ്ങളിലും. ആനുകാലികപ്രസിദ്ധീകരണങ്ങളിലും അഭിപ്രായമെഴുതിക്കയാണ് ഇവരുടെ പ്രചരണതന്ത്രം.

നമ്മുടെ നാട്ടിൽ

നമ്മുടെ നാട്ടിലും ഈ സമ്പ്രദായം നിലവിലില്ലെന്നു പറയാനാവില്ല. പക്ഷേ, അതെന്തൊന്നു വേറേയാണെന്നുമാത്രം. സാഹിത്യവിമർശനത്തിനു വേണ്ടുവോളം സ്ഥലം അനുവദിക്കുന്ന പ്രസിദ്ധീകരണങ്ങൾ മലയാളത്തിൽ വിരളമാണ്. നിരൂപണമെഴുത്തുകാർക്കു കിട്ടുന്ന സ്ഥലം, പരിമിതവും. പുസ്തകം വായിക്കാതെ അഭിപ്രായമെഴുതാവുന്ന സ്ഥലമേ അനുവദിച്ചുകിട്ടൂ: അതുകൊണ്ടു നിരൂപകർ "ഗ്രൂപാർശ"ക്കാരായി പ്രസാധകരുടെ മേൽ സ്വാധീനം ചെലുത്തുകയാണു നമ്മുടെ നാട്ടിൽ. നല്ല പ്രസിദ്ധീകരണശാലകളെന്നു പേരെടുത്തിട്ടുള്ള സ്ഥാപനങ്ങളിൽനിന്നുനമുക്കു ലഭിച്ചുകൊണ്ടിരിക്കുന്ന പിറ നോവലുകളുടെ എണ്ണപ്പെരുപ്പം ഇതിനൊരുദാഹരണമാണ്.

ചുരുക്കം ചില പ്രസിദ്ധീകരണങ്ങൾ ചുരുങ്ങിയ സ്ഥലമനുവദിക്കുന്നതിൽ അഞ്ചും ആറും വലിയ നോവലുകൾ ഒരു പേജിനുള്ളിൽ കത്തിത്തിരുകി അഭിപ്രായമെഴുതി സംതൃപ്തരാകുകയാണു നമ്മുടെ നല്ല നിരൂപകർപോലും. "തരക്കേടില്ല" "ഭോശമായിട്ടില്ല" "... ല്ല ഭാവിയുണ്ട്" എന്നിങ്ങനെ ഏതു രോഗത്തിനും കലക്കിവച്ചിട്ടുള്ള സ്ഥിരം മരുന്നൊഴിച്ചു കൊടുക്കുന്ന കമ്പൗണ്ടർമാരുടേതിൽനിന്നു വിന്നമല്ല നമ്മുടെ പുസ്തകാഭിപ്രായമെഴുത്തുകാരുടെ സ്ഥിതി. സാഹിത്യനിരൂപണത്തെ സംബന്ധിച്ചിടത്തോളം അല്പം ആശ്വാസമേകുന്ന സങ്കേതങ്ങളായിരുന്നു നമ്മുടെ വിശേഷാൽപ്രതികൾ. ആണ്ടിലൊരിക്കൽ ഏതാനും പുസ്തകനിരൂപണങ്ങൾ ഈ വഴിക്കു ലഭിക്കാറുണ്ടായിരുന്നു, ഇപ്പോൾ അതും ഇല്ലാതാവുന്ന മട്ടാണ്. സിനിമാവൃത്താന്തങ്ങൾ, ചെറുകഥകൾ, ചോദ്യോത്തരങ്ങൾ, ഒന്നോ രണ്ടോ മുഴുവൻ നോവൽ ബാക്കിവരുന്ന സ്ഥലം രാഷ്ട്രീയ

ചെറുകഥ

കൊയ്ത്തു പണിയും കഴിഞ്ഞു്, കുംഭത്തിൽ കിട്ടുണ്ണിനായർ, വലിയ അകായിൽ, തിരിച്ചു പാരീസുവഴി ബോണിലേയ്ക്കു യാത്രയായി. ലത്തീർകപാത്രിലെത്തി പഴയ പരന്ത്രീസ് സുന്ദരിയെ പ്രതീക്ഷിച്ചുനിന്നു, അന്നേരം ചിലിയിലെ അംബാസഡർ മഹാകവി പാബ്ളോനെരൂദ അതുവഴി വന്നു. കിട്ടുണ്ണിനായരെ കണ്ടപ്പോൾ കാറിറങ്ങിവന്നു കുശലംപറഞ്ഞു.

നാട്ടിനുവരുന്ന വഴിയാണോ?

അതെ.

നേരമ്പോക്ക് കാണുനില്ലാവും.

അങ്ങനെയില്ല. തരായിച്ചാൽ...

വീട്ടിൽ വരുന്നോ? ഒരു ഡ്രിങ്ക് കഴിച്ചു തിരിച്ചുവരാം.

എക്സക്യൂസ്മി ക്ഷമിക്കണം. ഇപ്പോൾ വേണ്ട.

എന്നാൽ ഞാൻ പോകട്ടെ?

വരട്ടെ.

അകായിൽ വലിയ കിട്ടുണ്ണിനായർ കുട്ടമയഴിച്ചുകെട്ടി വലതുകക്ഷത്തുനിന്നു ഒവെള്ളിച്ചല്ലുമെടുത്തു ഹൂട്പാത്തിൽ ഇരുന്നു. സിഗ്നേഴാർ പാബ്ളോയെ മുറുക്കാൻ ക്ഷണിച്ചു.

തെരുവ്നീളെ തുപ്പി അംബാസഡർ യാത്രയായി അല്പം കഴിഞ്ഞപ്പോൾ അവൾ പൊഗോ കാരോടിച്ചുവന്നു. പഴയ പതിനേഴുകാരി, ചരക്ക്, യ്വോൺ.

കിട്ടുണ്ണിയെ കണ്ടപ്പോൾ ചെണ്ണ കാറു നിർത്തി, ഉറക്കെ വിസ്തുയിച്ചു:

വിവ്ലാകിത്തുണ്ണി എലാചാത്തുണ്ണി!

വരികരികിൽ നീനത്തുണ്ണി!

അകായിൽ വലിയകിട്ടുണ്ണിനായർ കാറിൽ കയറിയിരുന്നു. അദ്ദേഹത്തെ കെട്ടിപ്പിടിച്ചു യ്വോൺ ഫ്ളാററിലേയ്ക്കോടിച്ചു.

തത്ര ത്രിസന്ധ്യയ്ക്ക് ഉമ്മറപ്പടിയിൽ നിന്നുകൊണ്ട്, യ്വോൺ ചോദിച്ചു.



കുടിക്കാനെന്തുവേണം? നാഴിക്കിണ്ടിക്ക് ഒരു കിണ്ടി കോഞ്ഞ്യക്കരന്നു?

അല്ല.

ചമ്പാഗ്നി ഷാംപേയ്നതോ?

അല്ല.

പ്ന്നെന്തു ഷെറി?

അവളുടെ വിരിമാറ് ചൂണ്ടി കിട്ടുണ്ണിനായർ പറഞ്ഞു:

ബ്രായാൽ ബന്ധിതമല്ലാത്ത ഭവതിയുടെ കുചകുംഭങ്ങൾ മാറി മാറി പാനം ചെയ്യാൻതരുന്ന നാം ആഗ്രഹിക്കുന്നു.

ഊയ്!

എന്താ?

കഴിഞ്ഞതവണ നാട്ടിലെ മഹാരാജാവ് ഇവയെ പാനം ചെയ്കയുണ്ടായി. അദ്ദേഹം അടിയന്റെ കുംഭനൃത്തങ്ങളെ ദർശിച്ചു. നോവ് ഇനിയും മാറിയിട്ടില്ല.

നോം ആ വിധം ദർശിക്കയും മററുമില്ല.

എന്താണുറപ്പ്?

പാനം ചെയ്യപ്പെട്ടുനോക്കൂ.

അടിയനു ധൈര്യം പോര. കോഞ്ഞ്യക്ക് പോരേ?

വി. കെ. എൻ.

പോര.

യ്വോൺ അല്പനേരം ആലോചിച്ചു:

എന്നാൽ ഒരു മദ്ധ്യസ്ഥ തീരുമാനം.

വിരോധമില്ല.

പാനം നിർബ്ബന്ധമാണെങ്കിൽ ഒരു സ്ററാ ഇട്ടു പാനം ചെയ്താലോ. കൊക്കക്കോല വടിവിൽ.

അ. വ. കിട്ടുണ്ണിനായർ മുദ്ര കാണിച്ചു!

ആയ്ക്കോട്ടെ.

—0—

ലേഖനങ്ങൾ-(സാഹിത്യചർച്ചകൾ വല്ലപ്പോഴും പ്രത്യക്ഷപ്പെടാറുണ്ട്—പക്ഷേ, അവ അപ്രധാന ലിസ്ററിലാണ്.) ഇവയൊക്കെയാണു വിശേഷാൽപ്രതികൾക്കാവശ്യം.

ഈ ദയനീയാവസ്ഥ മാറാതെ നിരൂപണശാഖ വളരുകയില്ല. (നിരൂപണഗ്രന്ഥങ്ങൾക്കു വിപണിയില്ലാത്തതുകൊണ്ടു ഗ്രന്ഥനിർമ്മിതിയിൽനിന്നു പലരും മാറിനില്ക്കുകയാണു.) നിരൂപണശാഖയുടെ തളർച്ച സാഹിത്യത്തിൻെറ വളർച്ചയെ ദോഷകരമായി വാദിക്കുന്ന വസ്തുത രാഷ്ട്രസ്നേഹികൾ മനസ്സിലാക്കേണ്ട കാലം വൈകിയിരിക്കുന്നു. നൂററുകണക്കിനു പത്രങ്ങളും ആനുകാലികപ്രസിദ്ധീകരണങ്ങളുള്ള കേരളത്തിൽ സാഹിത്യനിരൂപണത്തിനുവേണ്ടി സ്ഥലമൊതുക്കുവാൻ അവയ്ക്കു കഴിയാതെ വരുന്നതു വിചിത്രമായ ഒരു പ്രതിഭാസമാണ്!

—0—

ഈ നമ്പലെ റോഡിൽക്കൂടെപ്പോകവേ
പൂരതേജ-
ഖിന്നമാം മുഖപ്പേറി നില്ക്കുന്ന
നിന്നോക്കണ്ടേൻ,
നിന്നുഖത്താലസൃഷ്ടിൽപ്പാടേ.
കൺകോണിൽ ചഞ്ച
കാഞ്ചന ഗത്തിന്റെ
കാനനസ്വപ്നം, പണ്ടു-
ഗൗതമൻ തേടിപ്പോയ
കാമ്പ് വരിക്കുന്നിൽവെച്ചു-
നേടിയ ക്രൂരവ്യഥ നിന്റെയും വ്യഥയെന്ന
നിർലജ്ജം പാടിപ്പുകയുതിയിന്നലയുന്ന
നീയെനിക്കന്യൻ.
എന്റെ യൗവനംവരിക്കുന്ന
നീരവരോഷത്തിന്റെ പാത
നീ അറിയുന്നോ?
നീയറിയുന്നീലെന്റെ
പാതയിൻ ദുരന്തങ്ങൾ,
നീയറിയുന്നീലെന്റെ നീതിതൻതടവറ

കാവ്യ അതിനുശേഷം

ഗേഹത്തിന്നിരുട്ടിലേ-
ത്തുളുന്നും കാമ്പല്ലുകൾ,
പകലിരവൊക്കെയും തിളക്കുന്ന
ഉരുകുമുക്കിന്റെ പിടിയിൽച്ചുവക്കുന്ന
കാലത്തിൻ പ്രതീക്ഷക-
ളറിയാതറിഞ്ഞാത്ത
മരവിച്ചിരിപ്പൂരി.
എനിക്കു നാമംചൊല്ലിയിരുന്ന
മരവിക്കാൻ
മൃഗവ്യാമോഹങ്ങൾതൻ
വാക്കുകൾ വേണ്ട.
എനിക്കസ്വീതപ്രദുഃഖം
പാടിയിരുന്നുകേഴാൻ
ഏകാന്തദ്വീപിൻ ശ്യാമ-
സാന്ത്വനം വേണ്ട.
ആവേഗനാളങ്ങളിൽപ്പുകയാ-
യുണർന്നകന്നും
സ്നേഹരോഷങ്ങളുകൊട്ടുത്തും
മന്ത്രജലവും വേണ്ട.
എന്റെ ക്ഷേത്രത്തിന്നുണർച്ചയിൽ
എന്റെ സിരതന്നനശ്ചലഗാനങ്ങളിൽ
താമരപ്പൂവായ് വിരിമിന്നലെകളുടെ-
യുർവ്വസ്വപ്നങ്ങളിൽ
പകയ്ക്കും മോതാളങ്ങളെ
ചോരച്ചുനാവുകൾ.
പാതകളുടയോരങ്ങളിൽ
ഉച്ചതണ്ഡ്രമാം വേലിയേററങ്ങളിൽ
ജനിച്ചു ശക്തിയാർജ്ജിക്കും
വിശപ്പുകൾ വേദനകൾ
ആയുധമെടുത്തുണർന്നു മാർച്ചുചെയ്യുന്നു
മനസ്സിൻ മലമ്പാതകളിൽ.
സ്നേഹമൊരു ജ്വാലയായ്
ആ വെളുത്ത
ജ്വാലയൊരു രോദനംപോലെ.
കുറുകിക്കുറുക്കുന്നു
ആർദ്രതയുടെയാഴങ്ങളിൽ.
ആദ്യവസന്തത്തിലാദ്യമായോമനിച്ചോ-
രാദ്യപൂവ്വിന്റെയോർമ്മകൾ
അന്ധാലോകത്തിൽ നിന്നെന്നെത്തേടി
വരുമ്പോ-
ളുതിരുന്നെ ഞെക്കിക്കൊല്ലാൻ
ഓങ്ങിനില്ക്കുന്നു
ആർജ്ജവത്തിന്റെ വേർപ്പുകൾ.

കുഞ്ഞപ്പ പട്ടാന്തൂർ

അപ്പോഴെല്ലാം
ഹേ, അമിനവ
ആർഷഭാരതപുത്ര,
അലസതയുടെയുറക്കാലയുടെ
അന്ധമസന്താനമേ,
എന്റെ പാതകളുടെയെൻ തെരുവുകളുടെ
യെൻ തടവറകളുടെ ചുമരുകളുടെ
യരികിലുമെല്ലാം
മിഴികളിലൊരു ധൂമിലശാപത്തിൻ
കരിനിഴലുംപേറി
ഈ വിനിങ്ങ്വാക്കിലുലാണ്ടും
രോഗബീജമേ,
വേദനയുടെ വെട്ടുപ്പി-
ന്നുള്ളുറയ്ക്കുന്ന
തീക്കനലെരിയുന്നു,
നീ അതു കണ്ടോ?

—0—

മലയാളനാട് അത്ഭുതലോകം

"എനിക്ക് ഇത്തരം നീരവധി പഠിച്ച മണ്ടന്മാരേയും തട്ടിപ്പുകാരേയും മനോരോഗികളേയും കാണാൻ കഴിഞ്ഞിട്ടുണ്ട്. സന്യാസിമാർ, ഹഠയോഗികൾ, പുണ്യപുരുഷന്മാർ, പുരോഹിതന്മാർ, മന്ത്രവാദികൾ തുടങ്ങി അനേകം പേരെ ഞാൻ കണ്ടു; ഇതുവരെ അത്ഭുതശക്തികളുള്ള ഒരൊററ മനുഷ്യനേയും കാണാൻ എനിക്കു കഴിഞ്ഞിട്ടില്ല."

പ്രൊഫ: എ. ടി. കോവൂരിന്റെ ലേഖനത്തിന്റെ അവസാനഭാഗം

'സായിബാബാ ഒരു തട്ടിപ്പുകാരൻ'

ഡാ: കെ. വാസുദേവൻനായർ എഴുതുന്ന
ക്യാൻസറിന്റെ മുന്നോടി

കൊച്ചുനാരായണൻ എഴുതുന്ന
'മനുഷ്യനോ യന്ത്രമോ?'

കഥ

നൈമിഷികമായ മോഹത്തിന്റെ വലയിൽപ്പെട്ടുപോയി. ഇങ്ങനെയാണും സംഭവിക്കുമെന്നു സ്വപ്നത്തിൽപോലും വിചാരിച്ചതല്ല. ഒരു ദുഃസ്വപ്നംപോലെ ഇതെല്ലാം നടന്നിട്ടുണ്ടെന്നു വരുത്തുവാനുള്ള ശ്രമം, അവളെ കൂടുതൽ ക്ഷീണിതയാക്കി:

നന്ദിനി എഴുതുന്ന 'ഗായത്രി മൽഹോത്രയുടെ ദിവസം'

എന്റെ ആദ്യത്തെ കഥാപരമ്പരയിൽ റസീനാപത്രം എഴുതുന്ന വൈരുദ്ധ്യം

ഏ. ഡി. രാജന്റെ അന്യർ
തുടരുന്നു

കവിത

ഓ. വി. ഉഷ
പൂവച്ചൽ ഖാദർ

പംക്തികൾ

ജി.
ഓർമ്മയുടെ ഓളങ്ങളിൽ
എം. കൃഷ്ണൻനായർ
സാഹിത്യവാരഫലം

കഷായം —സുകുമാർ

ഗ്രന്ഥനിരൂപണം

സിനിമ

മംഗലശ്ശേരി 'അച്ചാണി'യെ വിലയിരുത്തുന്നു

ശാസ്ത്രപംക്തി

നോവലുകൾ

തകഴി, കാക്കനാടൻ
സാറാതോമസ്

ഇരുപത്തിമൂന്ന്

(തുടർച്ച)

ഓർമ്മയിൽനിന്ന് മരിക്കുവോളം മാഞ്ഞുപോയാളിക്കാനാവാത്ത ആ രാത്രികളുടെ ചരിത്രം ഇന്നിതെഴുതിക്കൂട്ടുവാൻ തിരിച്ചുകിട്ടില്ല. ഗുരുമുഖ്സിംഗ് വരും എന്നു പറഞ്ഞിട്ടുണ്ട്. അവൻ വരും. കുട്ടുകാരോടു ഞാൻ ചിരിച്ച് ചിരിച്ച് വലിച്ച്, പഴങ്കഥകൾ പറഞ്ഞ്, രാത്രികൾ കഴിക്കാം. പക്ഷേ, ഗുരുമുഖ്സിംഗിന്റെ ചിത്രങ്ങൾനിറഞ്ഞ മുറി ഇവിടെ ഇല്ലല്ലോ. ഇവിടെ കട്ടിലിൽ ഇല്ലല്ലോ. ഇവിടെ പഴയ ദില്ലിയുടെ പുരാതനമായ ഗന്ധമില്ലല്ലോ. യഹൂദിമനുഷ്യൻ ഇല്ലല്ലോ. എല്ലാം ഉണ്ടായാലും പോയ കാലമില്ലല്ലോ. പോയ കാലത്തിന്റെ സാന്നിദ്ധ്യം കൂടിയായിത്തീരുന്നില്ലേ, ആ കാലത്തിന്റെ ഗന്ധവും ശബ്ദവുംകൂടി ആയിത്തീരുന്നില്ലേ ആ രാത്രികൾക്ക് മണ്ണുപിടിപ്പിച്ചത്? പോയതു പോയതുതന്നെ. അല്ലെങ്കിൽ കാലംവഴി സഞ്ചരിക്കാനുള്ള എന്തെങ്കിലും ഒരു മാർഗ്ഗം കണ്ടുപിടിക്കണം.

വീണ്ടും കാററിലലിയുന്ന സിഗരററ് പുക. പുറത്ത് കാററ് നനുവുള്ളിൽ നൃത്തം. മുകളിൽ ഒരു വൃദ്ധകർഷകനപ്പോലെ നരച്ച നാടൻആകാശം.

സന്ധ്യാദേവിയുടെ സൗരഭ്യം മുക്കിലും ഉള്ളിലാകെയും നിറഞ്ഞുനിൽക്കുന്നു. യാത്ര പുറപ്പെടുന്നതിനുമുൻപുള്ള രണ്ടു ദിവസങ്ങൾ പൂർണ്ണമായും അവൾക്കുവേണ്ടി വീട്ടുകൊടുത്തിരിക്കുകയായിരുന്നു. അവളുമായി കാലിഞ്ഞുനടന്നു. റസ്റ്റോറാണ്ടുകൾ. പാർക്കുകൾ. ഹോട്ടൽമുറികൾ. പ്രഭാതങ്ങളും പ്രദോഷങ്ങളും പകലുകളും ഇരവുകളും അവളിൽ നഷ്ടപ്പെട്ടുകയായിരുന്നു. അവളുടെ കൈക്കു പിടിച്ചുകൊണ്ട് മൂലോകങ്ങൾ വിട്ടുപറന്നു. ഭൂമിയുടെ ആകാശങ്ങൾ വിട്ടുപറന്നു. ബഹിരാകാശങ്ങളെ തേടിച്ചെന്നു. അന്യഗ്രഹങ്ങളെ തേടിച്ചെന്നു. സൂര്യന്മാരെയും നക്ഷത്രങ്ങളെയും തേടിച്ചെന്നു. ക്ഷീരപഥങ്ങളിലൊഴുകി. നക്ഷത്രജാലങ്ങൾക്കിടയിലൂടെ തെന്നിത്തെറിച്ചുനടന്നു. കാലത്തെ കൈക്കുമ്പിളിലൊതുക്കി, സ്വന്തം വഴിയിൽ നിറുത്തി, കാലത്തിലൂടെ മുന്നോട്ടും പിന്നോട്ടും ഇഷ്ടംപോലെ സഞ്ചരിച്ചു. ഒരു യുഗത്തിന്റെ മോഹം മുഴുവൻ, ഒരു യുഗത്തിന്റെ മോഹം മുഴുവൻ, ഒരു യുഗത്തിന്റെ സ്വപ്നം മുഴുവൻ അനുഭവിച്ചുതീർക്കുകയായിരുന്നു.

ആ അനുഭവത്തിൽനിന്ന് ഈ ഏകാന്തതയിലേക്കുള്ള ദൂരം എത്ര കുറവാണ്! ഇപ്പോൾ അവൾ എവിടെ? ബഹിരാകാശങ്ങളെവിടെ? ക്ഷീരപഥങ്ങളെവിടെ? സൂര്യചന്ദ്രനക്ഷത്രങ്ങളെവിടെ? സന്ധ്യ എവിടെ?

സന്ധ്യയുടെ സൗരഭ്യം മായും വിടാതെ നിൽക്കുന്നു. അവളുടെ ശബ്ദലഹരി വിടാതെ നിൽക്കുന്നു. മററുള്ളതൊക്കെ ഒരോർമ്മയുടെ പൂക്കളായി മനസ്സിന്റെ മുററത്തെവിടെയോ വാടി വീണുകിടക്കുന്നു. ചിതറിക്കിടക്കുന്ന ഈ പൂക്കൾ വാരിക്കൂട്ടിയിട്ടും കാര്യമില്ല. അവ വാടിയ പൂക്കളാണ്. കൊഴിഞ്ഞ പൂക്കളാണ്. ഈ പൂക്കൾ ഇനി ഉണരുകയില്ല. ഇനി സൗരഭ്യം പേറുകയില്ല. ഇവ കരിയുകയേ ഉള്ളൂ. ചീഞ്ഞളിഞ്ഞു മണ്ണിനോടു ചേരുകയേ ഉള്ളൂ.

കൊഴിഞ്ഞ പൂക്കളെ ഓർത്തുകരഞ്ഞിട്ടും കാര്യമില്ല. കൊഴിഞ്ഞതു കൊഴിഞ്ഞു.

സന്ധ്യാദേവിക്കുമാത്രമേ, മഹേന്ദ്രാ, നിന്നോട് യഥാർത്ഥ മമത ഉണ്ടായിരുന്നുള്ളൂ, ഗുരുമുഖ്സിംഗിനും. യൂണിവേഴ്സിററിയിലെ മററു കൂട്ടുകാരൊക്കെ ധനികനും ധൂർത്തനുമായ രാജകുമാരന്റെ വർണ്ണപ്പൊലിമയുള്ള ജീവിതത്തിൽ തലയ്ക്കലികമായി പങ്കുചേരാൻ വന്നവരായിരുന്നു. സന്ധ്യയോ? അവൾ അങ്ങനെ ആയിരുന്നില്ലേ? ചിലപ്പോൾ തോന്നുന്നു അവളും ആ പലരിൽ ഒരാൾ മാത്രമായിരുന്നുവെന്ന്. അല്ലെങ്കിൽ ഈ താല്പര്യലികത്തിപ്പുറമുള്ളതെന്താണ്? ഈ നൈമിഷികതയ്ക്കപ്പുറം ഈ വ്യർത്ഥജീവിതത്തിൽ മറെറന്താണുള്ളത്. എന്നിട്ടും എന്നിട്ടും കാലങ്ങളിലേയ്ക്കു നീളുന്ന എന്തോ ഒന്ന് സന്ധ്യയുമായുള്ള ബന്ധത്തിൽ നിഗൂഢമായി നിലനില്ക്കുന്നു. അതിന് പേരില്ല, മൂർത്തരൂപമില്ല. ഒരു സൈക്കഡലിക് സ്വപ്നംമാതിരി എന്തോ ഒന്ന്.

നോവൽ

എവിടെനിന്നോ വീശിയടിച്ച കാററിൽ ഒടുവിൽ ആ സ്വപ്നവും പറന്നുപോവുന്നു. ഊതിത്തീരുംമുൻപു ചിതറി മറഞ്ഞ് ഇല്ലാതാവുന്ന സിഗരററുപുകമാതിരി.

ഒരിക്കൽ സന്ധ്യ എന്നസ്വപ്നം പറഞ്ഞു. "നമുക്കൊന്നിച്ച് ആത്മഹത്യചെയ്യാം?"

"എന്തിനാ"

"നമുക്ക് ഈ നിമിഷത്തെ പിടിച്ചുനിർത്താനാവില്ല. ഈ കർട്ടനുകളും ഈ ചുമരുകളും ഈ കിടക്കവിരിപ്പുകളും ഈ മദ്യലഹരിയും ഈ ധൂമലഹരിയും ഈ രതിലഹരിയും ഇതൊന്നും ഒന്നും പുനർസൃഷ്ടിക്കാൻ നമ്മെക്കൊണ്ടാവില്ലല്ലോ. ഈ നിമിഷത്തെ ബന്ധിക്കാൻ ഒരൊററവഴിയേ ഉള്ളൂ, ഇവിടെ പുണ്ണ്യവാളാമമിട്ടുക. ഇവിടെ ഒടുങ്ങുക. ആ ഒടുങ്ങലിലൂടെ മരണത്തെ വെല്ലുക, ഈ സുഖത്തെ അനശ്വരമാക്കുക."

"നിന്റെ സിദ്ധാന്തം കൊള്ളാം."

കയ്യിലിരുന്ന ചരസ് നിറച്ച സിഗരററ് അവൾക്കു കൊടുത്തു. "ഇതു് ഒന്നുകൂടി വലിക്ക്."

അവൾ അതുവാങ്ങി വലിച്ചുതുടങ്ങിയപ്പോൾ പറഞ്ഞു. "പക്ഷേ, ഒരു കുഴപ്പമുണ്ട് സന്ധ്യ?"

"എന്തു കുഴപ്പം?"

"പുനർജ്ജന്മം."

"ഏയ്, എനിക്കതിൽ വിശ്വാസമില്ല."

"നീ ഇന്ത്യൻ യുക്തിവാദികളെപ്പോലെ വർത്തമാനം പറയുന്നു."

"നീ ഇന്ത്യൻ മതപ്രചാരകരെപ്പോലെ വർത്തമാനം പറയുന്നു."



"ഏതു വിസ്മിതമാണ് മെച്ചം?"
സന്ധ്യ ഉറക്കെ ചിരിച്ചു.

അവൾ എണ്ണിറ്റ് ടറക്കോർഡ്പ്ളേയറിന്നു ഉത്തുചെന്ന് ഒരു ടറ്റ്ക്കാർഡ്സ് ഖിരഞ്ഞെടുത്തു പ്ളേയറിന്മേൽ വച്ചു. രവിശങ്കറിന്റെ സ്താർമന്ത്രം മുറിയിൽ നിറഞ്ഞു. ഒരു സ്വപ്നാത്മകനൃത്തത്തിന്റെ ചലനങ്ങളോടെ സന്ധ്യ ഒരു സെറ്റിയിലക്കൊഴുകി. അവിടെയിരുന്ന് അവൾ താളത്തിനൊപ്പിച്ച് ആടാൻ തുടങ്ങി.

"ഈ സംഗീതലഹരിയിൽ ഞാൻ മരിച്ചുപോവുന്നു." അവൾ കുഴഞ്ഞ ശബ്ദത്തിൽ പറഞ്ഞു.

"ഞാനും."

"അതാണ് ഞാൻ പറഞ്ഞതു് നമുക്ക് ഈ നിമിഷത്തെ പിടിച്ചുകെട്ടാമെന്ന്."

അവൻ വീണ്ടും ചരസ്പുകനിറഞ്ഞ സിഗാർപ്രവാഹത്തിലൊഴുകി. സന്ധ്യ സെറ്റിയിൽ ആടും തുടർന്നു.

അവൾ പറഞ്ഞ മാതിരി അന്ന് ആ നിമിഷത്തെ പിടിച്ചു നിറുത്തിയിരുന്നെങ്കിൽ ഒരു നിത്യലഹരിയിലമർന്ന്, എല്ലാം മറന്ന്, പ്രാപഞ്ചിക ശക്തികൾക്കൊക്കെ അതീതമായി, പ്രാപഞ്ചികാതീതികൾക്കൊക്കെ അപ്പുറത്തെ നിതാന്തശൂന്യതയുടെ നീലാമേഖലകൾ ഭേദിച്ചു പറവകളെപ്പോലെ പറന്നുനടക്കാമായിരുന്നു. ഇനി ആ നിമിഷം തിരിച്ചുവരില്ല. ഇനി ആ സുഖം വീണ്ടുകിട്ടില്ല.

മഹേന്ദ്രാ, നിനക്ക് എല്ലാം, എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. നിനക്കു നിന്നെന്നു നഷ്ടപ്പെട്ടിരിക്കുന്നു.

കോവിലകങ്ങളിലും അമ്പലപ്പുറമ്പുകളിലും ചിത്രകൂടക്കല്ലുകൾക്കിടയിലും പുഴയിലും പുഴക്കരയിലെ ഹരിതഭൂമിയിലും പഴമയുടെ പായൽ പടർന്നുപിടിച്ച കൊട്ടാരച്ചുമരുകൾക്കുള്ളിലെ പുരാതനഗന്ധം നിറഞ്ഞ അകത്തിനിക്കളും ചികഞ്ഞ് നിനക്കു നിന്നെ കണ്ടുപിടിക്കാനാവില്ല.

നീ നിനക്ക് എന്നെന്നേക്കുമായി കൈമോശം വന്നുപോയിരിക്കുന്നു.

കാററു പിന്നെയും വീശി. നാളു പിന്നെയും ഓടിയുത്തു.

മഹേന്ദ്രവർമ്മ ഒരു ഹ്രസ്വനിദ്രയുടെ കിടക്കയിലേക്കുവീണു.

—ഉ—

സാഹിത്യവാരഫലം

ഈശ്വരൻ ലജ്ജിക്കുന്നു

എം. കൃഷ്ണൻനായർ

"തൊട്ടടുത്തുള്ളവൻ അയല്ക്കാരനല്ല; അവനേക്കാളും അപ്പുറത്തു താമസിക്കുന്നവനാണ് അയല്ക്കാരൻ—ഇങ്ങനെ ഒരാരോ രാജ്യവും വിചാരിക്കുന്നു." ജർമ്മൻ തത്വചിന്തകനായ ഫ്രഡറിഖ് നീഷേ (1844–1900) പറഞ്ഞതാണിതു്. മനുഷ്യവിദ്വേഷത്തോടും വിഷദാർത്ഥതത്വത്തോടുംകൂടി അദ്ദേഹം ഇങ്ങനെ അരിപ്രായപ്പെട്ടെങ്കിലും രാഷ്ട്രവ്യവഹാരത്തോടു ബന്ധപ്പെട്ട വസ്തുതകൾ ഈ സൂക്തത്തിന്റെ സത്യാത്മകതയെ തെളിയിച്ചിരിക്കുന്നു. സാഹിത്യത്തെസംബന്ധിച്ചും ഇതു ശരിയാണെന്നു തോന്നുന്നു. തമിഴ്സാഹിത്യം മലയാളസാഹിത്യത്തിന്റെ തൊട്ടപ്പുറത്തു വർത്തിക്കുന്നു. പക്ഷേ ആ സാഹിത്യത്തിലുണ്ടാവുന്ന ചെറുകഥകളും നോവലുകളും വായിച്ചാൽ നമ്മുടെ ഉള്ളു കുളിർക്കുന്നുണ്ടോ? മലയാളസാഹിത്യം എത്ര ഭേദം! നമ്മുടെ സാഹിത്യകാരന്മാരുടെ അടുത്തെത്തുവാൻപോലും തമിഴ്സാഹിത്യകാരന്മാർക്കു യോഗ്യതയില്ലല്ലോ എന്നും മററുള്ള വിചാരമാണ് നമുക്കുള്ളതു്. തമിഴ്സാഹിത്യം പോകട്ടെ. പഞ്ചാബിസാഹിത്യമായാലോ? അപ്പോഴും പഞ്ചാബി അയല്ക്കാരനാണെന്നു തോന്നുത്തവിധം അയാളുടെ സാഹിത്യം മോശപ്പെട്ടതായി പ്രത്യക്ഷപ്പെടുന്നു. വലിയ കേമമെന്ന മട്ടിൽ സതീന്ദ്രസിങ്ങിന്റെ ചില ചെറുകഥകൾ കൃഷ്ണവന്ത്സിങ്ങ് തർജ്ജമചെയ്ത് "Dreams In Debris" എന്ന പേരിൽ പ്രസാധനംചെയ്തിരിക്കുന്നു, സാഹിത്യകാരനായ കൃഷ്ണവന്ത്സിങ്ങിന്റെ അഭിരുചിയെക്കുറിച്ച് എനിക്കറിവില്ലാതില്ല. എങ്കിലും സതീന്ദ്രസിങ്ങിന്റെ ചെറുകഥകൾ കലാസുന്ദരമായിരിക്കുമെന്ന പ്രതീക്ഷയോടെ ഞാൻ ഗ്രന്ഥം വായിച്ചു. പണം ചേരുന്നേതെങ്കിലും നല്ലകാര്യത്തിനു ചെലവാക്കേണ്ടിയിരുന്നു എന്ന് മനസ്സിലാക്കുകയും ചെയ്തു. ഇതാ ഒരു കഥ "സാമ്പ്ളി"നുവേണ്ടി. മകന്റെ നിർബ്ബന്ധം സഹിക്കവയ്യാതെ അച്ഛൻ അവനെ നാടകംകാണാൻ കൊണ്ടുപോയി. മഹാഭാരതം കഥയാണ്. ദുശ്ശാസനൻ പഞ്ചാലിയുടെ സാരിപിടിച്ചഴിക്കുന്നു. പഞ്ചാലി കൃഷ്ണനെ വിളിച്ചു കരയുന്നു, പക്ഷേ ശ്രീകൃഷ്ണൻ തന്റെയുടെ നഗ്നത മറയ്ക്കാൻ തയ്യാറാവുന്നില്ല. ആളുകൾ കൂവി; ബഹളംകൂട്ടി. അപ്പോൾ ആരോ വിളിച്ചുപറഞ്ഞുപോലും:- "ശ്രീകൃഷ്ണനു ശമ്പളംകിട്ടിയിട്ടു നാലുമാസമായിരിക്കുന്നു. അതുകൊണ്ട് അദ്ദേഹം പഞ്ചാലിക്കു വസ്ത്രം നല്കുകയില്ല" ഈ രീതിയിലുള്ള ക്ഷുദ്രങ്ങളായ കഥകളാണ് ഈ ഗ്രന്ഥത്തിലാകെയുള്ളതു്. എങ്കിലും ആളുകൾ പുസ്തകം വാങ്ങിപ്പോകും. നല്ല കടലാസ്സ്, നല്ല അച്ചടി; നല്ല കവർ പേജ്. ഒരു നീണ്ട താടിക്കാരൻ ഒരു സുന്ദരിയെ ചുംബിക്കുന്ന പടം. അവൾ നിർവൃതിയിൽ വിലയംകൊള്ളുന്നു് അർദ്ധനിമീലിതങ്ങളായ കണ്ണുകളോടെയിരിക്കുന്നു. എനിക്ക് തന്നെ സംശയമുള്ളു. ആ നിർവൃതി ചുംബനത്തിന്റെ ഫലമോ? അതോ ഓടിനാമത്തിന്റെ സ്പർശം ഉളവാക്കിയ ചൊറിച്ചിലിന്റെ ഫലമോ? ഈ ഗ്രന്ഥകർത്തൃതത്വത്തിലൂടെ ഒരു പര്യടനം നടത്തിയതിനുശേഷമാണ് ഞാൻ രാജാമണി "ചിത്രകർത്തിക"യിലെഴുതിയ "മരണത്തിലേക്കുള്ള വഴി" എന്ന ചെറുകഥ വായിച്ചതു്. എന്തൊരാശ്വാസം! ജിലേബിയുണ്ടെങ്കിലും അതു

തൊട്ടുകൂടാപ്പോലും ചെയ്യാതെ മണ്ണുതിന്നുന്ന ഗർഭിണിയെപ്പോലെ ഞാൻ കഷ്ടപ്പെട്ടു സിങ്ങിന്റെ തർജ്ജമ വായിച്ചല്ലോ? ഹതവിധി എന്നല്ലാതെന്തുപറയാൻ? "മരണത്തിലേക്കുള്ള വഴി" മരുത്തനിന്റെ പശ്ചാത്താപത്തിന്റെ കഥയാണ്. ഒരാൾ മററാരാളിനു മാർഗ്ഗനിർദ്ദേശം നൽകുന്നു. ആ വഴിയേതന്നെ പോകണമെന്നു നിർബ്ബന്ധിക്കുന്നു. അതനുസരിച്ച് അയാൾ പോയി മാരുവന്നി ഇടിച്ച് മരിക്കുകയും ചെയ്തു. താനാണല്ലോ ആ പാവത്തിനെ അതിലേ പോകാൻ നിർബ്ബന്ധിച്ചതെന്നുവിചാരിച്ച് അയാൾക്കു ദുഃഖം. അയാൾ നിർബ്ബന്ധിച്ചില്ലായിരുന്നെങ്കിൽ മററാരുവഴിയേ ആ സാധു പോയിരുന്നെങ്കിൽ! മരണം സംഭവിക്കുകയില്ലായിരുന്നുവെന്ന് അയാളുടെവിചാരം. ശരിയാണോ ഇതു? മഹാത്മാഗാന്ധി അന്നു പ്രാർത്ഥനയ്ക്കു വന്നില്ലായിരുന്നെങ്കിൽ അദ്ദേഹത്തിനെ ഗോഡ്സേ വധിക്കുകില്ലായിരുന്നോ? ക്ളിയോ പല്ലുടെയുടെ മുക്കിന്റെ നീളം കുറഞ്ഞിരുന്നെങ്കിൽ ആന്റണി അവൾക്കു അടിമയാകുമായിരുന്നില്ലേ? വിധിയിൽ വിശ്വസിക്കുന്ന ഞാൻ വിചാരിക്കുന്നു, മററാരു ഗോഡ്സെ ഗാന്ധിജിയെ വധിക്കുമായിരുന്നുവെന്ന്; മൂക്കിന്റെ നീളംകൂടിയ മററാരു ക്ളിയോപാട്ര ഉണ്ടാകുമായിരുന്നുവെന്നു. (ആന്ദ്രേമാർവ്വേയുടെ To the Fair unknown എന്ന ഗ്രന്ഥത്തിലാണ് കപ്പോളി) കാമ്യമിതാണെങ്കിലും രാജാമണിയുടെ ചെറുകഥ നന്നായിട്ടുണ്ട്. തന്നായ ട്ടുണ്ടെന്നുമാത്രം പറഞ്ഞാൽ നിരൂപണമാകുമോ? ഇല്ല. അത്രയുംമാത്രമേ ഇവിടെ ഉദ്ദേശിച്ചിട്ടുള്ളു. ആ വിധത്തിൽ ചോദ്യമെറിയുന്നവർക്കു ലക്ഷ്യമാക്കി ഇങ്ങനെകൂടി എഴുതാം—രാജാമണിയുടെ കഥ എന്തുപറയുന്നുവോ അതിലുള്ളതൽ അതിലുണ്ട്.

മനുഷ്യൻ എത്ര ദുഃഗ്രഹിതനായി അവൻ പരമസുന്ദരിയായ യുവതിയെ സ്നേഹിച്ചിരിക്കട്ടെ, പരിതഃസ്ഥിതികളുടെ സമ്മർദ്ദംകൊണ്ടോ അച്ഛനമ്മമാരുടെ നിർബ്ബന്ധം കൊണ്ടോ അവളെ ഉപേക്ഷിച്ചിട്ട് "ദൈവരൂപ്യത്തിനാസ്പദമായ" വേറൊരുത്തിയെ വിവാഹം കഴിക്കാൻ നിർബ്ബന്ധമായിപ്പോയിരിക്കട്ടെ, ദൈവരൂപ്യത്തിനു പുറമെ അവൾക്ക് എപ്പോഴും ദേഷ്യപ്പെടുന്ന സ്വഭാവവും ഉണ്ടെന്നിരിക്കട്ടെ. അങ്ങനെ വികൃതാകാരയും കോപാകുലയും ആയ ധർമ്മദാരങ്ങളുമായി അയാൾ അവളുടെ ബ്ബാലത്യകാലം കൊണ്ടുമാത്രം സിനിമ കാണാൻ പോകുന്നുവന്നു കരുതു. അവർക്കിടയിലെ പൂർവ്വകാമുകി—സുന്ദരി—വരുമെന്നും സങ്കല്പിക്കു. അയാളുടെ വികാരങ്ങളെന്തായിരിക്കും. തീർച്ചയായും ദുഃഖം കാണും; അവളെ കണ്ടതിൽ ആഹ്ലാദവും. ഇതിനു തുല്യമായ മാനസികനിലയും ദൈവകരികാവസ്ഥയുമാണ് മാതൃഭൂമിയിലെ "കണ്ണാടിമാളിക" എന്ന ചെറുകഥ വായിച്ചപ്പോൾ എനിക്കുണ്ടായതു്. കഥാകാരിയായ ശ്രീമതി എം. ഡി. ഭുത്തമ്മ മുൻപ് എഴുതിയ പല കഥകളും വിരൂപങ്ങളാണ്. ആ ദൈവരൂപ്യത്തിന്റെ മാനസിക ചിത്രത്തെ ഉള്ളിൽ വച്ചുകൊണ്ട് ഞാൻ സാഹിത്യത്തിന്റെ മനോഹരങ്ങളായ ചിത്രങ്ങൾ കാണുവാൻ നടന്നപ്പോൾ എനിക്കുനേരെ "കണ്ണാടിമാളിക" എന്ന ചോദ്യാഹമാംഗി വന്നു. ഇവിടെ എനിക്ക് ആഹ്ലാദം മാത്രമേയുള്ളു. ദുഃഖമില്ല ദൈരൂപ്യത്തിന്റെ മൂർത്തിമദ്ഭാവം സടകുടഞ്ഞുവന്നായി നിന്നിട്ടും ഞാൻ ആ സുന്ദരിയെ പുളകോദ്ഗമത്തോടുകൂടി കടാക്ഷിക്കുന്നു. വിദ്യാർത്ഥിനികളോടൊരുമിച്ച് വിനോദയാത്ര പോയ ഒരധ്യാപകന് ഒരു വിദ്യാർത്ഥിനിയുടെ നേർക്കുണ്ടായ കാമാസക്തിയെ ചിത്രീകരിക്കുകയാണ് ഭരതമ്മ. അയാളുടെ ആ വികാരം എങ്ങനെ ക്രമാനുഗതമായി വികാസം കൊണ്ടുവന്നു? വിദഗ്ദ്ധമായി സ്ഫുടീകരിക്കാൻ കഥാകാരിക്കു കഴിയുന്നു. പ്രതിപാദ്യവിഷയത്തിന് യോജിച്ച അന്തരീക്ഷവും അവർ അനായാസമായി സൃഷ്ടിക്കുന്നു. "ഞരുതു്... ഞരുതു്...മാഷ്" എന്ന നിഷേധത്തിന്റെ മട്ടിൽ ചിലതൊക്കെ പറഞ്ഞുകൊണ്ട് അയാളുടെ ആലിംഗനം അഭിലഷിക്കുന്ന ആ യുവതിയെ കലാപരമായ വിശ്വാസം ഉളവാകുന്ന മട്ടിൽ ഭരതമ്മ ആലേഖനം ചെയ്യുന്നു. ഒരു സത്യംകൂടി പറയാം. യുവതി സുന്ദരിയാണെങ്കിൽ മര്യാദയോടുകൂടി പെരുമാറും. അവൾ വിരൂപയാണെങ്കിൽ മര്യാദയുള്ള പെരുമാററം പ്രതീക്ഷിക്കരുതു്. ഈ കഥാസുന്ദരി സുജനമര്യാദയെ ലംഘിക്കാതെ നർമ്മവാചകനോടു മധുരമായി സംഭാഷണം ചെയ്യുന്നു.

കഥാവസ്തു ഭാവനയുടെ നിറം കലർന്നു പ്രത്യക്ഷമായില്ലെങ്കിൽ വിരസമായിബ്ബവിക്കുമെന്ന തത്ത്വത്തിന് നിദർശകമായിട്ടുണ്ട് ശ്രീ. കെ. രാമചന്ദ്രൻ "മലയാളനാട്ടി"ലെഴുതിയ "സ്മൃതിമയമായ ഒരു സായംകാലം" എന്ന ചെറുകഥ. പഴച്ച സന്തതിയാണു കൊച്ചുനാരായണൻ. തന്റെ കുസിതജനനത്തെക്കുറിച്ച് അറിയുന്ന കൊച്ചുനാരായണന് വിവിധവികാരങ്ങൾ ഉളവാകുന്നു. ആ വികാരങ്ങളെ പകർത്താനാണ് രാമചന്ദ്രന്റെ ശ്രമം. ആ യത്നത്തിൽ ഭാവന അദ്ദേഹത്തിനു സഹായമരുളുന്നില്ല. അതിനാൽ പത്രറിപ്പോർട്ടുപോലെ വിരസമായിബ്ബവിക്കുന്നു അദ്ദേഹത്തിന്റെ ചെറുകഥ.

ഭാഷയുടെ വിശുദ്ധി സംരക്ഷിക്കാത്ത ഒരെഴുത്തുകാരനും എഴുത്തുകാരനല്ല. കാരണം അവൻ സംസ്കാരത്തെ കൊലപ്പെടുത്തുന്നവനാണ് എന്നതത്രേ. വാക്കുകളും ആ വാക്കുകൾ പകർന്നുകൊടുക്കുന്ന ആശയങ്ങളും മനുഷ്യസമുദായത്തിന്റെ വകയാണ്. ആ ആശയങ്ങളെ വിരൂപമാക്കുന്നവിധത്തിൽ, ദുർഗ്രഹമാക്കുന്നവിധത്തിൽ വാക്കുകളെ വിരൂപമാക്കി പ്രയോഗിക്കുന്നവൻ മനുഷ്യനല്ലെന്നു ഞാൻ പറയുന്നില്ല; അയാൾ തീർച്ചയായും സാഹിത്യകാരനല്ല. ഈ സത്യം നമ്മുടെ പല എഴുത്തുകാരും അറിയേണ്ടിയിരിക്കുന്നു. വിശേഷിച്ചും "മലയാളനാട്ടി"ൽ "സ്വപ്നം നിഴലിൽ" എന്ന ചെറുകഥയെഴുതിയ ശ്രീ: കെ. ഗോവിന്ദൻ. ഒരുപുതുക്കാരനോടു സ്നേഹം തോന്നിയ ഒരു പെൺകുട്ടിയുടെ മാനസികാവസ്ഥയെ ആലേഖനംചെയ്യുന്ന ആ ചെറുകഥ തുടങ്ങുന്നതു് ഇങ്ങനെയാണ്:—

"പൊടുന്നനെ ഞെട്ടിയുണർന്നതുകൊണ്ട് ചിതറിപ്പോയ ഒരു പേടിസ്വപ്നത്തിന്റെ പൊടുക്കിക്കൂട്ടിയ കഷണങ്ങളും നിറംമങ്ങിയ ഒരു വ്യഥിതസന്ധ്യയുടെ ഈറൻമുഖവും ആളനക്കമില്ലാത്ത നിശ്ശബ്ദതയുടെ നീണ്ട രാജപാതയുമെല്ലാം അവൾക്കു പരിചിതരായിത്തീർന്നിരിക്കണം."

ആശയം പകർന്നുകൊടുക്കാൻ അത്രമാർത്ഥമാണ് ഈ വാക്യം. ഇന്ദ്രിയാനുഭൂതിയെ ചിത്രങ്ങളിലൂടെ കലാകാരന്മാർ ആവിഷ്കരിക്കാറുണ്ട്. ഈ വാക്യത്തിലെ ചിത്രങ്ങൾക്കു പിൻപ് മനുഷ്യതിയുമില്ല. കൃത്രിമത്വമാണ് ഈ ചെറുകഥയുടെ മുദ്ര. ഗോവിന്ദൻ ഇങ്ങനെയാണ് വേറൊരുകഥയും എഴുതിയിട്ടുള്ളതു്. ഇതു് സാഹിത്യലോകത്തിൽ ഒട്ടും സംശയിക്കേണ്ടതല്ല. ഇതു് ഭാഷയുമല്ല. വേറെന്തോ ആണ്. "എന്റെ ഭാഷ ഒരു ലോകഭാഷയാണ്; അവളെ എനിക്കാരു കന്യകയാക്കണം" എന്ന് ഒരു ജർമ്മൻചിന്തകൻ പറഞ്ഞു. ഗോവിന്ദനും കൂട്ടുകാരും അതോർമ്മിക്കുന്നതുകൊള്ളാം.

നമ്മെ കണ്ടുമ്പോഴൊക്കെ രൂപ ചോദിക്കുന്ന ആളുകളുണ്ട്. കണ്ടില്ലെങ്കിലും അന്വേഷിച്ചു വന്നു ചോദിക്കുന്നവരുമുണ്ട്. അവരെ നാം കാററപ്പെടുത്താറില്ല. ഈ ലോകത്തു് ചിലർക്കു ചില സൗകര്യങ്ങളുണ്ട്. മററു ചിലർക്ക് അതില്ല. പാവപ്പെട്ട അവർ ചോദിക്കാൻ നിർബ്ബന്ധരാകുന്നു. നമ്മുടെ കൈയിൽ പണമുണ്ടെങ്കിൽ നാം കൊടുക്കും. ഇല്ലെങ്കിൽ ചിലപ്പോൾ കടംമേടിച്ചും കൊടുക്കും. പക്ഷേ, എന്തെങ്കിലും കാരണംകൊണ്ട് മതി പ്രാവശ്യം കൊടുത്തിട്ടില്ലെന്നു വിചാരിക്കുക. അതോടെ അയാൾ പിണങ്ങുകയായി. പതിവായി എന്നോടു പത്തു രൂപ ചോദിക്കുന്ന ഒരാളുണ്ട്, ഒരുദിവസം അദ്ദേഹത്തിനു രൂപ കൊടുക്കാൻ എനിക്കു കഴിഞ്ഞില്ല. അദ്ദേഹം നിർബ്ബന്ധിച്ചു. ഒരു പുസ്തകശാലയുടെ പേരു പറഞ്ഞ് ഞാൻ അറിയിച്ചു:— "നാളെ ഒരു പുസ്തകം അവിടെ വരുമാൽമതി ഞാൻ രൂപ കൊണ്ടുവരാം." ഇഷ്ടപ്പെട്ട ഒരു പുസ്തകമുണ്ടെങ്കിലും ഒട്ടു ദിവസമെങ്കിലും കിട്ടട്ടെയെന്നു വിചാരിച്ച് അദ്ദേഹം പല്ലു കടിച്ചുപിടിച്ചുകൊണ്ടുപോയി. അടുത്ത ദിവസം പനിയായതുകൊണ്ട് എനിക്ക് ആ പുസ്തകശാലയിൽ പോകാൻ കഴിഞ്ഞില്ല. രണ്ടുദിവസത്തിനുശേഷം അദ്ദേഹത്തെ അവിടെവച്ചുകണ്ടു. ഉടനെ ആ മാന്യൻ തലവെട്ടിച്ചു തിരിഞ്ഞുപോയി. താനതുവരെ അദ്ദേഹത്തെ നല്കിയതെല്ലാം വെറുതെയായി. ഇതാണു മനുഷ്യസ്വഭാവം. മോടിയായി ഇക്കാര്യം പറയുന്ന എന്റെ സഹ

(ശേഷം ൪൬-ൽ)

വടക്കേഅമേരിക്കയിലെ പ്രസിദ്ധഗായിക ജോയെൻവോഗ്ജിൻറേതുപോലുള്ള നീണ്ട മുഖമായിരുന്നു ആ മെലിഞ്ഞ ഹിപ്പിത്തരുണിയുടേതു്. നീണ്ട നാസികയുടേയും നിറഞ്ഞ റോസാച്ചുണ്ടുകളുടേയും കൂടി ഉടമയായ ആ യുവതിയുടെ നയനങ്ങൾ പേടമാനിൻേറതുമാതിരിയായിരുന്നു.

സുന്ദരിയല്ലെങ്കിലും അവൾക്കൊരാകർഷകത്വമുണ്ടു്. ഒരു ക്ലബ്ബിലെ കണ്ടാൽ, ആരായാലും ശരി, അത്രവേഗമൊന്നും അയാൾക്കാ രൂപം മറക്കാനൊക്കില്ല. അരക്കെട്ടുവരെ നീണ്ടുകിടക്കുന്ന കേശരാശി, നീലയോ പച്ചയോ നിറമുള്ള പൻറ്സ്സാണു് അവൾ ധരിക്കാറുണ്ടായിരുന്നതു്. ടോറൻേറായിലെ "മാണസ്സ്എയിഡ്" എന്ന ഷാപ്പിങ്നിന്നു് വളരെ കുറഞ്ഞ വിലയ്ക്കു് ആ തരത്തിലുള്ള ഡ്രസ്സ് കിട്ടിയിരുന്നു. അത്ലും വില കുറവായിരുന്നു ടൊറിലിൻതുണിക്കു്. അമ്മാതിരി ഇറുങ്ങിയ ഉടുപ്പിൽ അത്ര പറയത്തക്ക മഹിമയൊന്നും ഉണ്ടായിട്ടല്ല ഐരിസ്അതു ധരിച്ചതു്. സർവ്വകലാശാലവിദ്യാർത്ഥിനികളായ തങ്ങൾ ഹിപ്പികളോ അഥവാ ഹിപ്പിഫിലോസഫിയിൽ വിശ്വാസമുള്ളവരോ ആണെന്നു പറയിക്കാനായി അവരങ്ങിനെ ധരിച്ചുവന്നിരുന്നുവെന്നുമാത്രം. അവരുടെ മുടി കണ്ടാൽ അതിന്മേൽ വല്ലവരും ഇസ്തിരിവച്ചിട്ടുണ്ടോ എന്നു തോന്നും. ഒട്ടുംതന്നെ വിശ്വസിക്കാൻപററാത്തവരാണു് അവരിൽ പലരും. സാമുദായികപാരമ്പര്യത്തോടും, നീതിയോടും തങ്ങൾ വിരോധമുള്ളവരാണെന്നു കാണിച്ചു മുദ്രകുത്തി, വാഴ്സിററിയിൽ പഠിക്കുന്ന യുവാക്കളെ പ്രീതിപ്പെടുത്തുകയും, പിന്നീടെങ്ങിനെയെങ്കിലും അവരെ വിവാഹം കഴിക്കുകയും ചെയ്യുക— അതാണവരുടെ തൊഴിൽ. തങ്ങൾ ഹിപ്പികളാണെന്നു് അവർ പറയും. പിന്നെ ഡെയിററിങ്ങിനുശേഷം — ചുംബനവും ആലിംഗനവും—അത്രതന്നെ. അതിനപ്പുറം യാതൊന്നും കാണുകയില്ല. ആ ഹോട്ടത്തിൽ പള്ളിയും, ബൈബിളും, പാതിരിയും രാജ്ഞിയിൽ പൊന്തിവരാൻമുട്ടുന്ന, കനേഡിയൻസ്വാതന്ത്ര്യക്കാരിൽനിന്നു് നിരാശാജനകമായ ഇത്തരം വാർത്തകൾ കേട്ടുകേട്ടു് മടുത്തതിനാൽ ഹിപ്പിത്തരുണികളോടു് എനിക്കറപ്പും വെറുപ്പും തോന്നിക്കഴിഞ്ഞിരുന്നു.

ഇങ്ങിനെയൊക്കെയാണെങ്കിലും എനിക്കാ തരുണിയോടു് മനസാ തുടക്കത്തിലെ ഒരടുപ്പം തോന്നിയിരുന്നു. എന്നാൽ അവളുടെ ക്ളാസ്സിലാണു് പഠിക്കുന്നതെന്നു പോലും ഞാനറിഞ്ഞിരുന്നില്ല. കേമ്പസ്സിൽ ചിലപ്പോഴൊക്കെ ഞാനവളെ കാണാറുണ്ടായിരുന്നു, എന്നാലാഗ്രഹമുണ്ടായിട്ടും അവളുമായി അടുക്കാനെനിക്കു കഴിഞ്ഞിരുന്നില്ല. അതിനും വേണ്ടേ ഒരു ഭാ



ഗ്യമൊക്കെ. അത്ഭുതം! ഞാൻ കാണുമ്പോഴൊക്കെ മുന്നുകൂടി അവൾ തനിച്ചോ അല്ലെങ്കിൽ വല്ല ബോയ്ഫ്രണ്ടിൻെറയും കൂടെയോ ആയിരിക്കും, ആ സമയത്തോ മറേറാ ഐരിസ്സിനെ നോക്കിയിട്ടുണ്ടോ എന്നുപോലും അറിയാൻ പാടില്ല. അവളുടെ നോക്കാതിരിക്കാൻമാത്രം കനഡക്കാരിൽനിന്നു വ്യത്യസ്തമായി എന്തൊന്നാണു് എൻെറ മുഖത്തുള്ളതെന്നു് ഞാനാലോചിച്ചു. പക്ഷേ, ഒരു പിടിയും കിട്ടിയില്ല.

എന്നാലൊരുദിവസം—ഒരു പക്ഷേ, എനിക്കും ഐരിസ്സിനും അതൊരു ശപിക്കപ്പെട്ട ദിവസമായിരുന്നിരിക്കണം! ആർബർ റൂമിൻെറ തൊട്ടടുത്താണു് "സിഗ്മണ്ഡ് ലൈബ്രറി." പൊളിററിക്സ്ബുക്സ് വായിച്ചുവായിച്ചു് മടുക്കുമ്പോൾ ഞാൻ ആർബർ റൂമിലേക്കു ചെല്ലും...ഒന്നുകിൽ സുന്ദരിമാരെ കാണാൻ അല്ലെങ്കിൽ ഏതെങ്കിലും ഏഷ്യൻസംഹിതത്തിനെ കണ്ടു് വല്ലതും സംസാരിക്കാൻ, ഇനി അതൊന്നുമല്ല എങ്കിൽ വാഴ്സിററി ജീവനക്കാരെ ആസ്വദിപ്പിക്കുന്നുള്ള, ആർബർ റൂമിൻെറ ചുമരുകളിലെ കാർട്ടൂണുകൾ നോക്കി നേരം കഴിച്ചുകൂട്ടാൻ. ഞാനന്നു് , വളരെയധികം മനപ്രയാസത്തോടെയാണു് ആർബർ റൂമിലെത്തിയതു്. കാരണം പ്രൊഫൈക്ഫേഴ്സൻ റിസർച്ചിൻെറ കാര്യത്തിൽ അന്നെന്നെ വല്ലാതെ ശകാരിച്ചിരുന്നു.

കൌണ്ടറിലെ ഇററാലിയൻ പരിചാരികയുടെ കൈയിൽനിന്നു് കാപ്പിമേടിച്ചുകൊണ്ടിരിക്കെ അവൾ തലേദിവസത്തേതുപോലെതന്നെ ചോദിച്ചു: "അല്ലാ! ഇപ്പോഴും യുദ്ധം നടന്നുകൊണ്ടിരിക്കയാണോ?" ഞാനും നിത്യവും പറയാറുള്ള അതേ മറുപടിതന്നെ നല്കി "എന്തുതന്നെയായാലും ശരി വിയററ്നാമിങ്ങു് ജയിക്കുമെന്ന കാര്യം തീർച്ച. ഈ തവണ യാങ്കികൾക്കു് തീർച്ചയായും ബോധമുദിക്കും." എൻെറ വർത്തമാനം കേട്ടിട്ടാവാം

ഒറിയകഥ

കൃഷ്ണപ്രസാദ്മിശ്ര

പരിചാരികയുടെ ചുണ്ടുകളിൽ മുല്ലമൊട്ടുകൾ വിരിഞ്ഞു. കാപ്പിമേടിച്ചു് എവിടെ ഇരിക്കണമെന്നാലോചിക്കുകയായിരുന്ന ഞാൻ, അപ്പോഴാണു് ആ ഹിപ്പിത്തരുണി എൻെറ ദൃഷ്ടിയിൽപെട്ടതു്. വളരെ വലിയൊരു ഒറിയിൽ പെയിൻറിംഗിന്നു് താഴെയുള്ള കസേരയിൽ ഇരുന്നുകൊണ്ടു് വാതിൽപ്പാളികളിൽതന്നെ അവൾ ദൃഷ്ടിപതിച്ചുകൊണ്ടിരുന്നു. ഇതു അതിരുകത്തന്നെ ഉണ്ടായിരുന്ന "ചമക്കിനെ" ഞാൻ കണ്ടില്ലല്ലോ എന്നോർത്തപ്പോൾ താനേ ഞെട്ടിവന്നു. എന്നാൽ നാളുകൾ വളരെ കഴിഞ്ഞാണെങ്കിലും കൈവന്ന സൂവർണ്ണാവസരത്തിൽ അളവററ സന്തോഷമുണ്ടായി. അവളുടെ തൊട്ടടുത്തുള്ള കസേരയിൽ ഞാൻപോയി ഇരുന്നു. ചില്ലുവാതിൽനിന്നു് അപ്പോളവളുടെ മിഴികൾ മേശപ്പുറത്തെ മാഗസിനിൽ തെന്നിവീണു. ഒരു പക്ഷേ, അതു് "കനഡിയൻ ഫോറം" ആയിരിക്കും.

ഞാൻ കാപ്പികുടിച്ചതിനുശേഷം അവളുടെ തലയ്ക്കു മീതെയായി ചുമരിൽ തൂങ്ങിക്കിടക്കുന്ന പെയിൻറിങ്ങിൽ ദൃഷ്ടി പതിച്ചു. ആ ചിത്രത്തെപ്പററി വല്ലതുമൊക്കെ പറഞ്ഞു് ആ തരുണിയുമായി അടുത്തു പരിചയപ്പെടാൻ ഞാനാഗ്രഹിച്ചു. എൻെറ മിഴികൾ അവളുടെനേർക്കു് തിരിഞ്ഞു. എന്നാൽ തികഞ്ഞ ശ്രദ്ധയോടെ അവളാ "ഫോറം" വായിക്കുകയായിരുന്നു. അതിൽ നിന്നു് അവളുടെ ശ്രദ്ധയകററാൻ ഞാൻ ധൈര്യപ്പെട്ടില്ല. ഞാൻ നാലുപാടും ദൃഷ്ടിപായിച്ചു് നിശ്ശബ്ദം കാപ്പികുടിക്കാൻ തുടങ്ങി. കാപ്പി തീരാറായിരുന്നു. ഒരു കപ്പു് കാപ്പിയ്ക്കുകൂടി ഓർഡർ കൊടുത്തു് കുറച്ചുസമയംകൂടി വേണമെന്നു് എനിക്കവിടെ ഇരിക്കമോയിരുന്നു. എന്നാൽ അങ്ങിനെ ചെയ്തില്ല, ആ തരുണി മനഃപൂർവ്വം എന്നെ കാണാനിഷ്ടപ്പെട്ടിരുന്നില്ലെന്നു് എനിക്കു തോന്നി. ഭാവിയുത്തേടെ ഞാനവിടെ നിന്നെഴുന്നേററു.

ഞാനാ മൈതാനത്തിൻെറ ഉയർന്ന സ്ഥലത്തുനിന്നു താഴോട്ടിറങ്ങുകയായിരുന്നു. പെട്ടെന്നു് പിന്നിൽനിന്നാരോ പറയുന്നതു കേട്ടു—"എക്സ്ക്യൂസ്മി..."

ഞാൻ തിരിഞ്ഞുനോക്കി. അത്ഭുതം! ആ ഹിപ്പിത്തരുണി എൻെറ അടുത്തേക്കു് മന്ദംമന്ദം നടന്നുവരുകയായിരുന്നു. തേനലർച്ചുണ്ടുകളിൽ മന്ദഹാസം...അവൾ സ്വയം പരിചയപ്പെടുത്തി: "എൻെറ പേരു് ഐരിസ് ആൽസച്". ആർട്ട്സ് കോളേജിൽ ഡിഗ്രികോഴ്സിനു പഠിക്കുന്നു. ഇതു സെക്കൻറ് ഇയറാണു്." അവളുടെ ഉദ്ദേശമാന്ന കൊഴുത്ത കരങ്ങൾ ഗ്രഹിച്ചുകൊണ്ടു ഞാനെന്നെയും അവൾക്കു പരിചയപ്പെടുത്തിക്കൊടുത്തു. എന്നാലപ്പോൾ സ്വന്തം നേത്രങ്ങളേയും കാതുകളേയും എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല.

"നിങ്ങൾ ലൈബ്രറിയിലേക്കല്ലേ പോകുന്നതു്? നമ്മ്ക്കു, ഞാനും അങ്ങോട്ടേയ്ക്കു തന്നെയാണു്."

ഞാൻ "അതെ" എന്ന അർത്ഥത്തിൽ തലയാട്ടി ഞങ്ങളിരുവരും ആ ഉന്നതസ്ഥലത്തുനിന്നു താഴെയിറങ്ങി. ഇനിയെന്താണു് ഐറിസ് പറയാൻ പോകുന്നതെന്നായിരുന്നു എന്റെ ചിന്ത.

"കുറച്ചുസമയം മുമ്പു് എന്റെ മുന്നിലിരുന്ന താങ്കൾ കാപ്പി കുടിച്ചിരുന്നവല്ലോ? ആർബർ റൂമിൽവെച്ചു്?" ഐറിസിന്റെ ചോദ്യം കേട്ടപ്പോൾ എനിക്കല്പം ജാള്യത തോന്നി, ഞാനെന്തെങ്കിലും പറയുന്നതിനുമുമ്പായിതന്നെ അവൾ വീണ്ടും പറഞ്ഞു. "ഞാനപ്പോൾ കനഡിയൻ ഫോറത്തിൽ പരസ്യം ചെയ്തിരുന്ന വിയററ്നാം യുദ്ധത്തെപ്പററിയുള്ള ഒരു കവിത വായിക്കുകയായിരുന്നു നിതാന്തസുന്ദരമായ ഒരു കവിത! നിങ്ങൾ വായിച്ചോ?"

കൈയിലിരുന്ന ഒരുകെട്ടു പുസ്തകങ്ങളിൽനിന്നു അവൾ ആ ഫോറമെടുത്തു പ്രസ്തുത കവിത എന്നെ കാണിച്ചു. എന്റെ മിഴികൾ അതിവേഗം അതിൽ പതിഞ്ഞു.

ഞാൻ ചോദിച്ചു "ഓ! നിങ്ങൾക്കീ കവിത അത്യധികം ഇഷ്ടപ്പെട്ടോ?"

"ഇഷ്ടപ്പെട്ടെന്നു മാത്രമോ? ഈ കവിതയിലെ ചമൽക്കാരാർത്ഥങ്ങളെക്കുറിച്ചു് എത്ര വർണ്ണിച്ചാലാണു തൃപ്തിവരിക?

ഞാൻ "ശരി"യെന്നു നിലയ്ക്കു തലയാട്ടി എന്റെ മനസ്സു് ആനന്ദസാഗരത്തിലാറാട്ടുകയായിരുന്നു.

"നിങ്ങൾക്കറിയാമോ? ഈ വാഴ്സിററിയിലെതന്നെ ഒരു റിസർച്ചു് ഫെലോയുടേതാണു് പ്രസ്തുത കവിത. "ഗൌതം" എന്ന പേരിലാണു് ചെന വന്നിരിക്കുന്നതു്. ആളെ പിടികിട്ടിയോ? പത്രാധിപക്കുറിപ്പിൽനിന്നു് ഈ വാഴ്സിററിയിലെ ഒരു വിദ്യാർത്ഥിയാണു് അതെഴുതിയിരിക്കുന്നതെന്നു തോന്നുന്നു, അയാളൊരു യുദ്ധമതക്കാരനാണു്. യുദ്ധഭവനെപ്പററി അറിയാൻ അതിയായ താല്പര്യമുണ്ടെന്നിക്കു്. അദ്ദേഹവും ഞങ്ങളെപ്പോലെയുള്ള ഒരു ഫിലോസഫിതന്നെയായിരുന്നില്ലേ?"

ഇതിനകം ഞങ്ങൾ ലൈബ്രറിയ്ക്കരികെ എത്തിയിരുന്നു. ഞാൻ ലൈബ്രറിയുടെ

മുമ്പിൽ കാൽവെച്ചതേയുള്ളു, അപ്പോഴേക്കും അവിടെനിന്നു വരുന്ന ഇന്ദോനേഷ്യക്കാരി സ്മിത. എന്നെ കണ്ടമാത്രയിൽ സീമാതീതമായ സന്തോഷത്തോടെ അവൾ പറഞ്ഞു, "ഹലോ! ഗൌതം "കനഡിയൻ ഫോറത്തിൽ" നിങ്ങളുടെ കവിത വന്നിരിക്കുന്നു. എത്ര മനോഹരമായിരിക്കുന്നെന്നോ! വണ്ടർഫുൾ! വിയററ്നാംജനതയുടെ അതിപരിതാപകരമായ സ്ഥിതിയെന്താണെന്നു് ഇനി കനഡക്കാർ ശരിക്കും മനസ്സിലാക്കിക്കൊള്ളും, കൺഗ്രാചുലേഷൻസ്!!"

പ്രതിഭാശാലിയായ സ്മിതയെ വല്ലതും പറഞ്ഞു വിലക്കുന്നതിനുമുമ്പായിത്തന്നെ അവൾ സകലതും പറഞ്ഞുകഴിഞ്ഞു, ബന്ധുക്കൾ ഈ പേരിൻതന്നെ എന്നെ വിളിച്ചു് എല്ലാ ഉള്ളുകള്ളികളും പുറത്താക്കിയിരുന്നു. സ്മിത പറഞ്ഞുകഴിഞ്ഞതിനുശേഷം എന്റെ കരതലം മുറുകെപ്പിടിച്ചുകൊണ്ടു് ഐറിസ് പറഞ്ഞു, "അപ്പോൾ ഈ കവി ഗൌതം നിങ്ങൾതന്നെയാണല്ലേ?" ഇക്കാര്യം ഒളിച്ചുവെച്ചുകൊണ്ടു് നടന്നതിൽ ഞാനവളോടു ക്ഷമ ചോദിച്ചു.

"നിങ്ങളെ പരിചയപ്പെടാൻ കഴിഞ്ഞതിൽ അത്യധികം സന്തോഷവതിയാണു് ഞാൻ." ഒരു നദിയെപ്പോലെ എന്തൊക്കെയോ അവൾ പറഞ്ഞുകൊണ്ടിരുന്നു. എന്നാലവളെന്താണു പറയുന്നതെന്നു് സ്മിതയ്ക്കൊരു പിടിയും കിട്ടിയില്ല ഒരു പക്ഷേ, ഞങ്ങളുടെ കാര്യങ്ങൾ അവൾക്കു അറിഞ്ഞിട്ടില്ലായിരിക്കാം,

"ശരി, പിന്നെ കാണാം, കുറച്ചു ജോലിത്തിരക്കുണ്ടു്," അവൾ പോയി, പ്രേമാവേശമൂലം ഐറിസ് എന്റെ കൈകളമർത്തിക്കൊണ്ടിരുന്നു.

* * *

ഐറിസ് പറഞ്ഞു, "നമുക്കൊന്നു കോളേജ് സ്ട്രീററിലൂടെ നടക്കാം. ഇനി ആ പുസ്തകക്കൂമ്പാരത്തിനടുത്തേക്കു ചോകാനെ മനസ്സുവരുന്നില്ല. കുറേ സംഗതികൾ നിങ്ങളോടെനിക്കു ചോദിക്കാനുണ്ടു്. ഗൌതമനെക്കുറിച്ചു കൂടുതലായി ഞാനറിയാനാഗ്രഹിക്കുന്നു. പ്ലീസ്, എന്നോടല്പം ഇറങ്ങുപരയുമല്ലോ?"

വർഷങ്ങളായി സുപരിചിതനാണെന്ന മട്ടിൽ കൈകോർത്തുപിടിച്ചുകൊണ്ടു് ഞങ്ങൾ സ്ട്രീററിലൂടെ നടന്നു.

"പറയൂ, നിങ്ങളുടെ കവിതയിലെ വർണ്ണനയൊക്കെ വാസ്തവത്തിൽ സത്യംതന്നെയാണോ, അതോ കവിയുടെ വെറും സങ്കല്പം മാത്രമോ? വിയററ്നാംയുദ്ധത്തിന്നെതിരായി കനഡയിലെ ജനതയിൽ ഭൂരിപക്ഷം സൃഷ്ടിക്കാൻ വേണ്ടി എഴുതിയതല്ല പ്രസ്തുത കവിത?"

ഐറിസ്സിന്റെ വാക്കുകൾ കേട്ടമാത്രയിൽ ഞാൻ ഞെട്ടിപ്പോയി. അറിയാതെതന്നെ അവളെന്റെ—ഗൌതം എന്ന കവിയുടെ—കരളിന്റെ അഗാധതയിൽ സ്പർശിച്ചുകളഞ്ഞു.

"തികച്ചും സത്യം! മായംചേർക്കാത്ത പരമാർത്ഥം! നിത്യേന ഓരോ നിമിഷത്തിലും വിയററ്നാമിൽ പിഞ്ചുകുഞ്ഞുങ്ങളുടേയും സ്ത്രീകളുടേയും വൃദ്ധന്മാരുടേയും നേർക്കു് ഈ അക്രമം നടന്നുകൊണ്ടിരിക്കയാണു്. വിഷയസുഖത്തിലും സുഖലോലുപതയ്ക്കും മുഴുകി നിയമത്തിനും ആപത്തിനുമിടയിൽ അകപ്പെട്ട നിങ്ങൾക്കു്— കനഡാനിവാസികൾക്കു്— മാനവശക്തിതന്നെ നഷ്ടപ്പെട്ടിരിക്കയാണു്."

"നൊ, നൊ, അപ്പറയുന്നതു് ശരിയല്ല. അതു വെറും നിങ്ങളുടെ തെററിദ്ധാരണമാത്രം. വിയററ്നാമിൽ യുദ്ധം ചെയ്യുന്നതു് കനഡയല്ല, മറിച്ചു് അമേരിക്കയാണെന്ന കാര്യം ദയവായി ഓർമ്മ വേണം."

"എങ്ങിനെയാണല്ലാതാവുക! അമേരിക്കയുടെ പണംകൊണ്ടല്ലേ കനഡയിൽ ഫാക്ടറികൾ നിർമ്മിക്കുന്നതു്? എന്നിട്ടോ? അവിടെനിന്നു പുറത്തുവരുന്ന ആയുധങ്ങൾതന്നെ ഒടുവിൽ വിയററ്നാമിലെ പടുവൃദ്ധരെപ്പോലും തെല്ലുകൂടിയും സൌഹൃത്തോടെയോ സമാധാനത്തോടെയോ തഥാഗതനെക്കുറിച്ചോർക്കാൻ അനുവദിക്കുകയില്ല. ഒരു നിമിഷമെങ്കിലും തന്റെ കാമുകനോടൊത്തു് കഴിച്ചുകൂട്ടാൻ ഒരു യുവതിയെക്കൂടി അനുവദിക്കുകയില്ല. അമ്മയുടെ മുലകുടിക്കാൻ അനുവദിക്കാത്ത മുലപ്പോലും ഈ ആയുധം അനുവദിക്കുകയില്ല. "നേപാം ബോംബ്" അവരുടെ എല്ലാമെല്ലാം ചുട്ടു ചാമ്പലാക്കിക്കൊണ്ടിരിക്കയാണു്. നിറഞ്ഞുകിടക്കുന്ന പാ

(ശേഷം 45 ൽ)

നോവൽ: ഒൻപതു്

പ്രേമമാപ്തുത്രു

സാറാതോമസ്

മുന്തിരിച്ചാറിന്റെ ലഹരിപോലെ മനസ്സിനെ അലൗകികസുഖാനുഭവങ്ങളിൽ എത്തിച്ച മാസത്തോളം ദീർഘിച്ച മധുവിധു.

"നളിനി! ഒരു സ്വർഗ്ഗം നമുക്കായി തുറക്കപ്പെട്ടിരിക്കുകയാണു് -നീ എന്റെ ദേവതയാണു്—ഞാൻ ഉപാസകനും? കാലത്തിന്റെ കരങ്ങൾക്കു് ഒരിക്കലും തുച്ഛമാക്കാൻ കഴിയാത്തവണ്ണം എന്റെ ഉപാസന നിന്റെ ഹൃദയത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കട്ടെ!"

ഭാവിയേയും ഭൂതത്തേയും അപ്പാടെ മറന്ന ഉന്മത്തമായ ഒരു ലഹരിക്കു് അടിപ്പെട്ടുഴലുകയായിരുന്നു രമേശ്!

കന്യാകുമാരി, കൊടൈക്കനാൽ, മൈസൂർ—അങ്ങിനെ കന്നിനു പുറകെ കന്നായി ഓടിമറഞ്ഞ വൈവിധ്യം നിറഞ്ഞ ദിവസങ്ങൾ!

പഞ്ചേന്ദ്രിയങ്ങളുടെ രസാനുഭൂതികൾ ഒരേ താളലയത്തോടെ തലച്ചോറിൽ ചമച്ച വികാരപ്രപഞ്ചത്തിൽ താൻ സർവ്വവും മറന്നു ലയക്ഷയായിരുന്നു.

ചെക്കുകൾ എഴുതി മാറി വാങ്ങുന്ന രൂപ വിലപ്പെട്ടകൾക്കിടയിലൂടെ ഞൊടിക്കുള്ളിൽ അപ്രത്യക്ഷപ്പെടുന്നതു രമേശ് അറിയുന്നേയല്ലെന്നു് നളിനിക്കു തോന്നി.

മടിയോടെങ്കിലും ആ മാസ്മരികലോകത്തുനിന്നും രമേശിനെ ഉണർത്താൻ താൻ മുൻകൈ എടുക്കേണ്ടതല്ല!

"രമേശ് നമുക്കു് ഇനി വീട്ടിലേയ്ക്കു മടങ്ങാം—എത്രയധികം രൂപയാണു സന്തോഷത്തിനുവേണ്ടി ചിലവാക്കുന്നതു്. അമ്മയെന്തു എന്തു വിചാരിക്കും. തനിച്ചാക്കിയിട്ടു പോന്നിട്ടും വളരെ നാളുകൾ ആയില്ലേ—അങ്ങിനെ നമ്മൾ സർവ്വവും മറന്നു രസിച്ചാലോ?"

"നളിനി അതെപ്പററി ഒട്ടും വിചാരപ്പെടേണ്ട—സുഖിക്കാനല്ലെ പണം! ആ കാര്യത്തിൽ ഞാൻ ഭാഗ്യവാനാണു്—അച്ഛന്റെ സ്വത്തിനാകെ ഞാനല്ലെയുള്ളു അവകാശിയായി—ഇതുവരെ പണത്തിനു ചിലവില്ലാതിരിക്കയായിരുന്നു. പിന്നെ അമ്മയെ നളിനിക്കറിഞ്ഞുകൂടേ! എന്റെ സന്തോഷമാണു് അമ്മയുടെ ജീവിതലക്ഷ്യമെന്നെ?"

നളിനി പറഞ്ഞതൊന്നും ചെവിക്കൊള്ളാൻ രമേശ് തക്കമായിരുന്നില്ല.

ദിവസങ്ങൾ പിന്നെയും കടന്നുപോയപ്പോൾ നളിനിക്കു തനിക്കുവേണ്ടിയുള്ള അഭ്യർത്ഥനതന്നെ നടത്തേണ്ടിവന്നു.

"രമേശ് എനിക്കു ജോലിയിൽ പ്രവേശിക്കാനുള്ള തീയതിയായി—ഇനിയും ഇങ്ങനെ കളിച്ചുനടന്നാൽ പററില്ല. സർക്കാർ കാര്യമാണു്—ജോലി നഷ്ടപ്പെടാൻ ഞാനിഷ്ടപ്പെടുന്നില്ല—"

അപ്പോഴാണു രമേശിന്റെ ചുമതലാബോധം ഉണർന്നതു്.

"നളിനി പറഞ്ഞതു ശരിയാണു്—എന്റെ ഭാര്യ ഒരു ഡോക്ടർകൂടിയാണെന്നുള്ള കാര്യം ഞാൻ മറന്നുപോയി. നളിനിയുടെ ഉത്തരവാദിത്വം എന്റേതുകൂടിയല്ലേ!"

മക്കളെ കണ്ടപ്പോൾ രമേശിന്റെ അമ്മയുടെ മുഖത്തെ പ്രസാദം! അവർ നളിനിയെ കെട്ടിപ്പിടിച്ചു.

"എന്റെ കുട്ടി—എന്റെ രമേശിന്റെ മുഖം ഇത്രതെളിഞ്ഞു് ഒരിക്കലും കണ്ടിട്ടില്ല—നിന്റെ സ്നേഹം എന്റെ മകനെ ഒരു പുതിയ ആളാക്കിതീർത്തിരിക്കയാണു്."

നളിനിയുടെ മനസ്സു് ആകെ കോരിത്തരിച്ചു. താൻ സ്വീകരിച്ച പുതിയ ജീവിതത്തിൽ മതിപ്പും ചാരിതാർത്ഥ്യവും തോന്നി.

നളിനി ആദ്യമായി ആഗ്രഹിച്ചതു്

പോയദിവസം! ഏതായാലും കാറു വാങ്ങാനും ഡ്രൈവറെ ഏർപ്പാടുചെയ്യാനും നേരത്തെ തോന്നിയതു ബുദ്ധിയായി. ഇല്ലെങ്കിൽ ദിവസം ഇരുപതുമൈൽ അങ്ങോട്ടുമിങ്ങോട്ടുമുള്ള ബസ്സ്യാത്ര നളിനിക്കു് എത്ര ബുദ്ധിമുട്ടായാണേ!

ഗേററിങ്കൽ നളിനിയെ യാത്രയാക്കി മുറിക്കുള്ളിൽ തിരിച്ചെത്തിയപ്പോൾ തന്റെ സ്വർഗ്ഗത്തിൽനിന്നു് ഏതോ വഴുതിവീണതുപോലെയാണു് രമേശിനു് ആദ്യം തോന്നിയതു്—എന്തന്നില്ലാത്ത നഷ്ടബോധത്തിന്റെ അഗാധ ചുഴികളിൽ വീണുപോയി—ഏകാന്ത നിസ്സഹായത! കണ്ണുകൾക്കുള്ളിൽ നാണംപൂണ്ട പുഞ്ചിരിയുമായി നിൽക്കുന്ന നളിനിയുടെ രൂപമാണു്. കാതുകളിൽ തന്റെ സ്പർശനമാത്രയിൽ ഇക്കിളിപ്പെട്ടുള്ള ചിരിയുടെ മണിമുഴക്കമാണു്, വിരൽത്തുമ്പുകളിൽ ആ മൃദുമേനിയുടെ സ്പർശനസുഖമാണു്. തലച്ചോറിൽ അവളുടെ മുല്ലപിടിപ്പിക്കുന്ന മാദകഗന്ധവും! എങ്കിലും അവശ എവിടെയാണു്? തന്റെ കണ്ണുകളിൽനിന്നോ കാതുകളിൽനിന്നോ സ്പർശനത്തിൽനിന്നോ പാടെ അകന്നു! അകന്നാണോ? താനെന്തൊരു വിഡ്ഢിയാണു്—ഇതാ, ഇവിടെ തന്റെ ഹൃദയത്തിന്റെയുള്ളിൽ ഏറാവും മിഴിവും ചൈതന്യ

A success in marriage means
life-long happiness
Pleasure enthusiasm-enjoyment
that last a life-time
Adventure through knowledge
We help you to select the book of
your particular need
To blossom your marriage
read C. H. Rai books.

Free details:

DIRECTOR
C. H. R. AGENCY,
Chandiroor P. O.

ആരോഗ്യവും ശോഭയുള്ള മവളുത്ത പല്ലുകൾക്ക് ഫിനിക്സ് ആനമരക്ക് പൽപ്പൊടി ഉപയോഗിക്കുക.



Mfd by:
PHOENIX PRODUCTS
COCHIN-26
സ്റ്റോറാക്കിസ്റ്റുമാരെയും ഏജൻറന്മാരെയും ആവശ്യമുണ്ട്.

വുമാന്ന ശ്രപം അവളുടേതുതന്നെയല്ലേ! ഇപ്പോൾ മാത്രമല്ലല്ലോ—തനിക്കു സ്വയം തിരിച്ചറിയാനുള്ള കഴിവായുള്ളതുതൽ എന്നു പറയുന്നതല്ലേ കൂടുതൽ ശരി!

വീട്ടിൽനിന്നും ഇടത്തോട്ടു നടക്കുമ്പോൾ പിന്നെയും ഇടത്തോട്ടായുള്ള ഇടവഴി—അതുചെന്നവസാനിക്കുന്നതു നളിനിയുടെ വീട്ടിൻെറ പുറകിലുള്ള പാടത്തിലാണ്. അമ്മയും താനും സന്ദർശിച്ചിരുന്ന ഒരേവീടും അതായിരുന്നു. അച്ഛൻെറ പെട്ടെന്നുള്ള മരണത്തിൻെറ ആഘാതം അമ്മയുടെ ലോകത്തെ വളരെ കുറുക്കാക്കിക്കളഞ്ഞു. അതിൽ സർവ്വപ്രധാനവ്യക്തി താൻതന്നെയായിരുന്നു. അച്ഛൻെറ സ്വത്തുക്കൾ കൂടി അന്വേഷിക്കാനായി അമ്മ ഇവിടെ താമസമാക്കിയതിൽ പിന്നെ സ്വന്തം വീട്ടുകാരോടുപോലും വേണ്ടത്ര അടുപ്പം പുലർത്തിയ്ല്ല—പിന്നെ എല്ലാ കാര്യത്തിനും അമ്മയ്ക്ക് ഒരു താങ്ങും തണലും നളിനിയുടെ അമ്മയായിരുന്നു. സമ്പന്നകുടുംബത്തിലെ അംഗമാണ് നളിനിയുടെ വീട്ടിൽ പോവുക—മാധവൻകുട്ടിയുടെ സാന്നിദ്ധ്യത്തിലുള്ള ആ സ്വസ്ഥതയും കൂടെ നളിനിയുമൊത്തു് കളിക്കാനുള്ള ഉത്സാഹവും!

പ്രായംകൊണ്ടും തടിമിടുക്കുകൊണ്ടും തന്നെക്കാൾ മുതിർന്ന മാധവൻകുട്ടി, താൻ ഒരാൺകുട്ടിയായതുകൊണ്ടാവണം നളിനിയുടെ അമ്മ തന്നെക്കൂടെ ഉൾപ്പെടുത്തി കളിച്ചുൾമതി എന്ന് മാധവൻകുട്ടിയോടു് ആജ്ഞാപിക്കുന്നതു്. ഔദാര്യം കൊണ്ടെന്നവണ്ണമാണ് കളിക്കാൻ കൂടെ കൂട്ടുന്നതു തന്നെ—പിന്നെ ഗോപിയെയും മാധവൻകുട്ടിയേയും പോലെ കള്ളക്കളിയെടുത്തു ജയിക്കാൻ താൻ ശ്രമിച്ചിട്ടില്ല. തന്നെ തോൽപ്പിച്ചുകഴിയുമ്പോൾ പുച്ഛരസത്തോടെയുള്ള ആ ഇറങ്ങിപോക്ക്? പലപ്പോഴും അപമാനഭാരത്തോടെ നിന്നായിരുന്നു നിന്ന് ഇല്ലാതായിതീർന്നിരുന്ന എങ്കിൽ എന്നോർത്തിട്ടുണ്ട് അപ്പോഴായിരിക്കും നളിനിയുടെ മൃദുസ്പർശനം.

"ചേട്ടനങ്ങോട്ടു ചെല്ലുട്ടെ—നമുക്കു കളിക്കാമല്ലോ—രമേശ് എന്തിനാ വിഷമിക്കുന്നതു്? അല്ലുകിലും ചേട്ടനപ്പോഴും തുണിപിടിക്കാനെ നേരമുള്ളു."

ആ കണ്ണുകളിലെ ആർദ്രത, ആ പുഞ്ചിരിയിലെ സൗമ്യഭാവം! ആ വാക്കുകളുടെ സൗഹൃദം! പുകയുന്ന മനസ്സിൽ ഒരു കുളിർകാററുപോലെയാണ്—പിന്നെ നളിനിയുമൊത്തു് കളിക്കുന്ന ആ നിമിഷങ്ങളുടെ ആസ്വാദ്യത!

ബാല്യകാലം പിന്നിട്ടു്, പ്രായത്തിൻെറതായ അതിർവരമ്പുകളിൽ ഇതുകൂടുതലും ഒളുങ്ങികഴിയേണ്ടിവന്ന ആ കാലഘട്ടത്തിലും പുതിയ പുതിയ ചക്രവാളങ്ങളിലേക്കു നീങ്ങിക്കൊണ്ടിരുന്ന തൻെറ ജീവിതത്തിൽ പലവിധമായ അസ്വസ്ഥതകൾ കടന്നാക്രമിക്കുമ്പോൾ, എപ്പോഴും ഏകാന്തതയെ ശരണം പ്രാപിച്ചിരുന്ന തൻെറ മനസ്സിൽ എന്തുകൊണ്ടോ നളിനിയെ കുറിച്ചുള്ള ഓർമ്മകൾ തണൽ പരത്തിയിരുന്നു.

തൻെറ മനസ്സിൻെറ സ്വസ്ഥതയ്ക്ക് നളിനിയുടെ സൗഹൃദം ആവശ്യമാണെന്നുള്ള ബോധം എപ്പോഴാണു മനസ്സിൽ കടന്നുകൂടിയതു് എന്നു നിശ്ചയമില്ല—പക്ഷേ, തങ്ങളുടെ വഴികൾ അകന്നുമാറിയപ്പോൾ ആ ബോധം ഒന്നുകൂടി ശക്തിപ്പെടുകയാണുണ്ടായതു്. മററു പെൺകുട്ടികളുമായി ഇടപഴകേണ്ടിവന്നപ്പോൾ തൻെറ മനസ്സ് പൂർണ്ണമായും നളിനിയിൽ കേന്ദ്രീകരിച്ചിരിക്കുന്നു എന്നു തീർച്ചയും മനസ്സിലായി ഹൃദയത്തിൻെറ പരമാണുക്കളെപ്പോലും പ്രകമ്പനം കൊള്ളിച്ച ആ അറിവ്! എപ്പോഴത്തെപ്പോലെയും ആദ്യം മനസ്സു നിരാശതന്നെയാണ് അടിപ്പെട്ടതു്? നളിനിയെ മോഹിക്കാൻ തനിക്ക് എന്തു യോഗ്യതയാണുള്ളതു്—? ഒരു ലാഗ്രാഡുവേററ് ആയതുകൊണ്ട് എന്താണു മേന്മ! വക്കീൽപണിയോടുള്ള പ്രതിപത്തികൊണ്ടല്ല—അമ്മാവൻെറ ഇഷ്ടത്തിനു വഴങ്ങി ലാകോളേജിൽ ചേർന്ന—അത്രമാത്രം! ഒരു വക്കീലായി താൻ ഒരു കാലത്തും പ്രശോഭിക്കുമെന്നുള്ള പ്രതീക്ഷയുമില്ല. സമുദായമദ്ധ്യത്തിൽ ഒരു ഡോക്ടർക്കുള്ള സ്ഥാനം എവിടെ? തന്നെപോലെയുള്ള ഒരു കേസില്ലാവക്കീലിൻെറ സ്ഥാനമെവിടെ?

പെട്ടെന്നാണു മനസ്സിൽ പുതിയൊരാശയം രൂപംകൊണ്ടതു്. ബി. എയ്ക്ക് ഇംഗ്ലീഷിനു കിട്ടിയ ഫസ്റ്റ്ക്ലാസ്സ് പ്രയോജനപ്പെടുത്തണം—സാഹിത്യം എപ്പോഴും താനിഷ്ടപ്പെട്ടിരുന്നു. ഇംഗ്ലീഷ്ഭാഷയിൽ ഒരു ഡോക്ടറേററു നേടാൻ കഴിഞ്ഞാലോ—മാർക്കാപ്പുറത്തണെങ്കിലും ആ സംഭവം തന്നെ എത്രമാത്രം! അവളുടെ മുമ്പിൽ ഒരു കേമനല്ലേ—

താനതിനു ഭാഗ്യവാനല്ല—ഇന്നു നളിനി തൻെറ സ്വന്തമാണ്—ശരീരംകൊണ്ടുമാത്രമല്ലാ ഹൃദയംകൊണ്ടും—പരിപൂർണ്ണമായി! അത്രയും സൗഭാഗ്യം പ്രതീക്ഷിക്കാൻ സ്വപ്നത്തിൽക്കൂടി മോഹമുപ്പെട്ടതല്ല. അത്തരത്തിലുള്ള ഒരു പ്രതികരണം തൻെറ പ്രേമാഭ്യർത്ഥനയ്ക്കു അവളിൽ നിന്നും വന്നാലത്തിനു മുൻപ് ഉണ്ടായതുമില്ലല്ലോ. പക്ഷേ, ആ കരം ഗ്രഹിച്ച വിരലിൽ രോമിതമണിയിച്ച ആ നിമിഷം മുതൽ ഇതുകൾ കടന്നാക്രമിച്ചു വിടർന്ന് പൂർണ്ണവികാസത്തിലെത്തിയ ഒരു സുഗന്ധപുഷ്പംപോലെ നളിനിയുടെ സ്നിഗ്ധതയെ പടിപടിയായി അതിൻെറ പരമകാഷ്ഠയിലേയ്ക്ക് ഉത്തേജിപ്പിക്കാൻ തനിക്കു കഴിഞ്ഞു.

മനോന്മത്തമായ, നിമിഷങ്ങളിലും മിനിററുകളിലും മണിക്കൂറുകളിലും പകലുകളിലും രാത്രികളിലുമായി കടന്നുപോയ ആ കാലയളവ്—കന്യാകുമാരിയിലും കൊടൈക്കനാലിലും മൈസൂറിലുമായി കഴിച്ച ആ മധുവിധുവിൻെറ നിമിഷങ്ങൾ—!

മൂന്നു സമുദ്രങ്ങൾ സമ്മേളിക്കുന്ന പുണ്യഭൂമിയിൽ ആകാശത്തിൻെറ നീലിമയായ അനന്തതയിലേയ്ക്കു ഉററുനോക്കിക്കൊണ്ട്,

പുകമഞ്ഞിൻെറ അവ്യക്തത തങ്ങിനിൽക്കുന്ന, പച്ചിലചാർത്തുകൾ നിഴൽവിരിച്ച തടാകത്തിൽ, വിരിയാൻവെമ്പുന്ന നീലാമ്പൽപൂക്കളുടെ മദ്ധ്യത്തിൽ ഉല്ലാസവഞ്ചിയിൽ മുട്ടിയുരുമ്മി തുഴഞ്ഞുനീങ്ങിക്കൊണ്ട്,

മനുഷ്യൻെറ കരവിരുതു് അത്ഭുതങ്ങൾ സൃഷ്ടിച്ച വെളിച്ചത്തിൻേറയും ജലധാരകളുടേയും മായാലോകത്തു്, കണക്കെട്ടിൻെറ സംഗീതം ശ്രവിച്ചുകൊണ്ട്, പരസ്പരം വിലയം പ്രാപിച്ച ആ അനർഘനിമിഷങ്ങൾ!

അസ്വസ്ഥതകൾ മാറിമാറി കടിയേറി പാർത്തിരുന്ന തൻെറ ഹൃദയത്തിൽ നളിനി ഒരു പ്രേമസാമ്രാജ്യം സൃഷ്ടിച്ചിരിക്കുകയാണ്—അതെ, തനിക്ക് ഒരു ശക്തി ദുർഗ്ഗം ലഭിച്ചിരിക്കുന്നു. ദുർഘടമായ ത

ന്റെ മനസ്സിനെ അസ്വസ്ഥതകൾ കടന്നാക്രമിക്കുമ്പോൾ ഒളിഞ്ഞിരുന്നുവാൻ ഒരാശ്രയസ്ഥാനം! ജീവിതത്തിലെ ഒരു പരാജയത്തിനും മേലിൽ തന്നെ നിർവീര്യമാക്കാൻ, നിരാശതയിൽ ആഴ്ത്താൻ സാദ്ധ്യമല്ല. മനസ്സ് ആനന്ദമൂർച്ഛയിൽ എത്തിയിരിക്കുന്നു. ഹൃദയം ഒരു വികാരപ്രപഞ്ചമായി മാറിയിരിക്കയാണ്.

വൈകുന്നേരം നളിനി വന്നപ്പോഴാണ് അനുഭൂതികളുടെ ലോകത്തുനിന്നും പൂർണ്ണമായി ഉണർന്നതു്.

"പുറത്തെങ്ങും പോകാതെ ഇങ്ങനെ മുറിയിൽ ഒററയ്ക്കു കഴിഞ്ഞപ്പോൾ രമേശിന് മുഷിച്ചിൽ തോന്നിയില്ലേ—ആഹാരം കഴിക്കാൻപോലും വിളിച്ചപ്പോഴാണ് താഴെചെന്നതെന്ന് അമ്മ പറഞ്ഞു" നിലാവത്തു് ആമ്പൽകുളക്കരയിൽ നളിനിയുടെ മടിയിൽ തലചായ്ച്ചു കിടന്നപ്പോൾ തിരക്കി.

"മുഷിച്ചിൽ എന്തിന്? നളിനി പോയ്ക്കഴിഞ്ഞപ്പോൾ എന്നോടു സല്ലപിക്കാൻ ഒന്നല്ല പല തോഴിമാർ എത്തികഴിഞ്ഞില്ലേ,—വൈവിധ്യവും ചൈതന്യവുമാണവർ! പിന്നെ ഏതോ ലഹരിയിൽ മുഴുകിയതുപോലെ സമയം പോയതറിഞ്ഞില്ല—!

നളിനിയുടെ മുഖത്തെ വിസ്മയഭാവം കണ്ടപ്പോൾ ചിരിച്ചുപോയി.

"കണ്ടോ മുഖം മങ്ങിയല്ലോ—മററാരുമായിരുന്നില്ല തങ്കം എന്റെ തോഴിമാർ! —എന്റെ ഹൃദയത്തിലെ "നീ" എന്ന മഹാകാവ്യത്തിലെ ഓരോ രാഗങ്ങളല്ലേ!"

"സാഹിത്യംപറഞ്ഞാൽഎനിക്കു മനസ്സിലാവില്ല — എന്തിനെപ്പററിയാണെങ്കിലും കാർത്തോർത്തിരിക്കുന്നതു് എനിക്കു മുഷിച്ചിലാണ്— വെറുതെ ചിരിക്കുന്നതു് എനിക്കു കൊള്ളുന്നവശിയാണ്. ഒരുപക്ഷേ, ഞാനൊരു പ്രാക്ടിക്കൽ മൂഡൺ ആയതുകൊണ്ടാവാം—അതാണല്ലോ— ഡോക്ടറായതു്!"

"എന്നാൽ എനിക്ക് എന്റെ നളിനി, പ്രാക്ടിക്കൽവുമണോ, ഡോക്ടറോ ഒന്നുമല്ല—എന്റെ ഹൃദയത്തിലെ പട്ടതിരികൾക്കു വെളിച്ചംനൽകിയ ദേവതയാണ്!"

നളിനി ചിരിച്ചുപോയി.

"രമേശ് ഒരു കവിയാകേണ്ടതാണ്. എടോതാക്കെ സങ്കല്പങ്ങളാണ്—കവിഹൃദയം ഉള്ളവർക്കേ ഇത്തരം ചിന്തകൾ വരികയുള്ളു."

രമേശിന്റെ മുഖം പെട്ടെന്നു ഗൗരവം പൂണ്ടു.

വേഗം മടിയിൽനിന്നും തലപൊക്കി അവളുടെ രണ്ടുതോളത്തും കൈകൾ വെച്ചിട്ട് ചോദിച്ചു.

"ഒരു കവിയാകുക—എനിക്കതു സാദ്ധ്യമാണോ നളിനി?"

"എന്തോ എനിക്കറിയില്ല—രമേശിനെപ്പോലെയുള്ള സ്വപ്നജീവികളല്ലേ കവികളാകുക!"

നളിനി കളിമട്ടിൽ പറഞ്ഞു.

രമേശ്പിന്നെയൊന്നും പറഞ്ഞില്ല-എന്തോ വിചാരം മനസ്സിൽ കയറിയതുപോലെ—

—o—

ഹസ്തരേഖാശാസ്ത്രം, ഗ്രഹപ്രശ്നം, ഭാവിഫലം, ദ്രാന്ത്, അപസ്മാരം, ഭൂതപ്രേതപിശാച്ബാധാ ഉപദ്രവങ്ങൾ ഉദ്ദിഷ്ടകാര്യനിവൃത്തി. അനുഭവത്തിൽ മനസ്സിലാക്കാവുന്നതും ,പരിപൂർണ്ണഫലംകൊടുക്കുന്നതുമാണ്. മറുപടി സ്റ്റാമ്പുസഹിതം അപേക്ഷിക്കുക!—

നേരിട്ടുവരുന്നവർ—പഴുചാഴൂർറോഡിൽ ബസ്സ് ഇറങ്ങിവരിക. തൃശ്ശൂർ തൃപ്രയാർ ചേർപ്പ്വഴി റോഡ്.

എന്നു്, എൻ. എസ്. ശങ്കരൻകുട്ടി,
ശ്രീചോററാനിക്കര ദേവിദർശനമഠം,
P. O. പഴവിൽ തൃശ്ശൂർ Dt.

ഓർമ്മയുടെ ഓളങ്ങളിൽ

ആയിരത്തിത്തൊള്ളായിരത്തിമുപ്പതിലാണ്, സാഹിത്യകൗതുകത്തിന്റെ നാലാംഭാഗം പുറത്തുവന്നതു്. വ്യക്തിപരങ്ങളായ ഭാവനകൾ മാത്രമല്ല, രാഷ്ട്രത്തിന്റെ അന്തഃകരണത്തിൽ അലതല്ലിയിരുന്ന ബോധസങ്കല്പങ്ങൾകൂടി ഈ സമാഹാരത്തിൽ കുറെക്കൂടി വ്യക്തമായി ആവിഷ്കരിച്ചിട്ടുണ്ട്. എം. എൻ. വിജയൻ പ്രസ്താവിക്കുംപോലെ എന്റെ കവിതാപ്രവണതകളുടെ അങ്കുരങ്ങൾ മിക്കതും "കൗതുക,'ങ്ങളിൽ ഇല വിരിഞ്ഞുതുടങ്ങിയിരിക്കുന്നു. നാലാംഭാഗത്തിന്റെ ആരംഭത്തിൽ "കാടക്കഴൽ"തന്നെ തന്നിലെ സംഗീതകല്ലോലിനിയുടെ സ്വഭാവവും ഭാവവും എന്തായിരിക്കുമെന്നു. സൂചിപ്പിച്ചിട്ടുണ്ട്!

"ഇമന്ദഹാസത്തിൻവെൺനുര,
(നിർമ്മലപ്രേമപ്രവാഹത്തിൻമന്ദ്രധ്വാനം,
ജീവിതമസരംതന്നോളംതല്ലലേററാവിലനിലനേതോല്ലലങ്ങൾ,
ദാരിദ്ര്യക്കോടക്കാർച്ചാർത്തിൻ-
(കരിനിഴൽ,
പാരിലെപ്പാപത്തിന്നാവർത്തങ്ങൾ,
—എന്നിവ ചേർന്ന് "എന്നിലെസ്സംഗീതകല്ലോലിനി" ഒഴുകട്ടെ എന്നാണ്, തന്റെ ജീവിതത്തെ ഉപകരണമെന്ന നിലയിൽ വിശ്വപ്രേമാത്മാവിന്റെ കൈയിൽ അർപ്പിച്ചിട്ടുള്ള അതിന്റെ പ്രാർത്ഥന. തന്റെ ഹൃദയത്തിൽക്കൂടി ജീവിതസത്യങ്ങൾ മുഴങ്ങണം, അതു സമുദായത്തിന്റെ അന്തഃകരണത്തിനു രൂപവും പ്രബോധവും ഉളവാക്കണം, എന്നാണ് ഏതു കവിയുടേയും ആത്യന്തികമായ ആഗ്രഹം. സ്വന്തം സ്വപ്നങ്ങളുടെ ഉറവിടം താനും ഒരംഗമായ സമുദായത്തിന്റെ ജീവിതമാകയാൽ "ആത്മാഭിഷ്കാരമാണ് കല" എന്ന സിദ്ധാന്തത്തിന് ഇതു് എതിരല്ല. "ചങ്ങമ്പുഴ"യുടെ "ആത്മവാഞ്ഛമിന്നാമ്പവാഞ്ഛമീ-ദ്യാമാമത്തിന്റെ രോമാഞ്ചം" എന്ന മനോമോഹന വാഗ്ഗീതം- അതു കുറേക്കൂടി കഴിഞ്ഞിട്ടുണ്ടുപിറന്നതു്. മലയാളിലെ സാമുദായികജീവിതസത്തയുടെ ഒരു

ഇരുപത്തിമൂന്ന് ജി,

മുൻ ചിററാളംമാത്രമാണ്, അതിലെ ഭാവനാബാലിക തന്റെ സ്മരണിലവും സ്പൃഹണീയവുമായ പ്രേമാലാപം ഗായകനായ ഇടയന്റെ കഴുത്തിൽ അർപ്പിക്കുന്നു, മററുള്ളവരെയെല്ലാം അവഗണിച്ചു്. ആ ആദർശപ്രണയത്തിന്റെ രാഗമാണ്, മററൊരുവിധത്തിലുള്ള പരിണാമമാണ്, വാസ്തവലോകത്തിൽ കണ്ടതു്. ആ സത്യം ഉൾക്കൊണ്ടപ്പോൾ "രമണൻ" എന്ന സർവാകർഷക നാടകീയഗീതികാവ്യം പിറന്നു. ഈ ആദർശവും യാഥാർത്ഥ്യവും അവ തമ്മിലുള്ള സംഘർഷങ്ങളും പരിണാമങ്ങളും, ആവിഷ്കാരരൂപമേതായാലും സാമുദായികാന്തഃകരണസത്തയുടെ രാഗമാണ്; അതിനെ സ്പർശിക്കുന്നതും രൂപപ്പെടുത്തുന്നതുമാണ്. രാഷ്ട്രീ

യ–സാമുദായിക–സാമ്പത്തിക പശ്ചാത്തലത്തിനനുസരിച്ച് ഈ വ്യാപാരത്തിന്റെ സ്വഭാവത്തിലും പരിണാമത്തിലും അന്തരം വരാമെന്നേയുള്ളൂ.

കൗതുകം നാലാം ഭാഗത്തിനു നല്ല സൂചികരണമാണു ലഭിച്ചതു്. അന്നു ഗാന്ധിയൻ ആദർശത്തെ അംഗീകരിക്കയും ആദരിക്കയും ചെയ്തിരുന്ന ഒരു യുവാവായിരുന്നു, "യോഗക്ഷേമ"ത്തിന്റെ പത്രാധിപത്യമോ നേതൃത്വമോ വഹിച്ചിരുന്നതു്. കലാലയവിദ്യാഭ്യാസം പൂർത്തിയാക്കാതെ ദേശീയാഹ്വാനംകേട്ടു പ്രവർത്തനരംഗത്തു വന്ന ഇ. എം. എസ്സ്–ആണു്, അന്നത്തെ ശ്രദ്ധേയനായ ആ വ്യക്തി. "കൗതുക"ത്തിന്റെ കലാപരമായ മൂല്യവും ദേശീയമായ ഭാവവും "യോഗക്ഷേമ"ത്തിന്റെ ഒരു പേജു നിറഞ്ഞ ആസ്വാദനത്തിനു വിഷയമായി. "സ്ത്രീ", "രാജ്യത്തിനു വേണ്ടി" മുതലായ കൃതികളുടെ പരോക്ഷലക്ഷ്യം രാഷ്ട്രസേവാതല്പരന്മാരുടെ ഹൃദയത്തിൽ ഉത്തേജനമുണർത്തുക എന്നതു് അതിൽ എടുത്തുപറഞ്ഞിരുന്നു. മൂന്നാഴ്ചകൊണ്ടും കഴിഞ്ഞു് ആ സഹൃദയസൂക്ഷ്മത്തിന്റെ പ്രേരണയാലാണു്, ഗാന്ധിജിയുടെ വ്യക്തിപ്രഭാവം വർണ്ണിച്ചിക്കുന്ന "ജന്മദീക്ഷം ജയിക്കുന്നു," എന്ന ഗീതി ഞാനെഴുതിയതു്.

സാഹിത്യകൗതുകത്തിൽ ചേർക്കാൻകഴിയാതെപോയ ഒരു ചെറുകവിതയുണ്ടു്. "കുസുമ" ഇന്നും അപൂർണ്ണമായിക്കിടക്കുകയാണു്. 1107–ൽ, ആ കൃതി ഉഴിച്ചിക്കാരനെന്നു, നശിച്ചുപോകാതിരിക്കട്ടെ എന്ന വിചാരത്തോടെ "കൈരളി"യിൽ പ്രസിദ്ധപ്പെടുത്തി. അതിന്റെ പ്രതികളൊന്നുമില്ല. പഴയ കൈയെഴുത്തുകോപ്പി ഈയിടെ കിട്ടി, നല്ലതിനു ലുപദ്യം ഓഗോറിന്റെ ഒരു കഥയെയാണു്, ഞാൻ ഉപജീവിച്ചിട്ടുള്ളതു്. "കുസുമ" വിവാഹമെന്നാണെന്നറിയുന്ന താരുണ്യത്തിലെയ്ക്കു കുസുമം അവളുടെ പരിണയം കഴിഞ്ഞു. അന്നത്തെ ബംഗാളിൽ സന്യാസത്തിന്റെ, ആധ്യാത്മികവാദത്തിന്റെ അന്തരീക്ഷമാണു്. സൂര്യാസ്ത്രബാണുപോലും അതിന്റെ സ്വാധീനശക്തിയാൽ സന്യസിക്കുന്നതു നാം ഗ്രന്ഥവിനെ കണ്ടുന്നതിനും ഹിമാലയത്തിൽ അലഞ്ഞു്, താഴ്ന്ന ഭാഗ്യത്താൽ തിരിച്ചുപോന്ന കഥ ഒരു സത്യമാണല്ലോ. "കുസുമ"യുടെ വരൻ കുറെ അകലെ ഒരിടത്തുണ്ടായിരുന്ന ഉദ്യോഗം ഉപേക്ഷിച്ചു് ഋഷ്യശൃംഗനെപ്പോലെ സന്യാസം സ്വീകരിച്ചു് താടിയും തലയും നീട്ടി ദേശാടനം ഇങ്ങോട്ടു്. "കുസുമ"ത്തിന്റെ ഭർതൃ ഏകാന്ത ബോധം വന്നപ്പോൾ അവൾ വിധവയാണു്. വിയോഗദുഃഖം ആളിപ്പിടിക്കുമ്പോൾ, കഴിഞ്ഞ വിവാഹം സ്വപ്നത്തിന്റെ ഒരു കനൽ പോലെ നീറിയെരിയുന്നു. ഗംഗയിൽ നിന്നു വെള്ളം കൊണ്ടുവരാൻ കുസുമ പോകുമ്പോൾ യാദൃച്ഛികമായി ഒരു തരുണയോഗിയെ കണ്ടു. രണ്ടുപേരുടെയും കണ്ണുകൾ അപ്പോൾ പരസ്പരം തിരിച്ചറിഞ്ഞില്ല. പക്ഷേ, ഉപബോധത്തിലെ ഒരു വെളിച്ചം ആ ഓർമ്മകൾ ഉണർത്തി. ഇതുതന്നെ കവിതയിൽ പരാമർശിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ള മൂലകഥ കുറച്ചുകൂടി നീണ്ടുപോകുന്നുണ്ടു്. "കുസുമ" തിലാവുനിറഞ്ഞ ഒരു രാത്രിയിൽ ഗംഗയുടെ കല്പടയിൽ ഏകാകിനിയായിരിക്കുന്നു. അതിലേ ഒഴുക്കിയാ വരുന്ന യോഗി എല്ലാം മറന്നു വിഷാദത്തോടെ നാട്ടുവിടുന്നു. "കുസുമ"ഗംഗയിൽ സ്വജീവനെ പരിത്യജിക്കുന്നു. ഇതാണു സംക്ഷേപം. സഖി ഈ സംഭവത്തെ സ്മരിക്കുന്ന രൂപത്തിലാണു്, കഥാനിബന്ധം. പൂർണ്ണമാക്കിയിരുന്നെങ്കിൽ, "കുസുമ"സാഹിത്യകൗതുകപംക്തിയിലെ ഗാംഭീര്യമായ ഒരു ശൃംഗത്തിൽ പ്രശോഭിക്കുമായിരുന്നില്ലേ എന്നു ഞാൻ എന്നോടുതന്നെ ചോദിക്കാറുണ്ടു്.

1. ഉപക്രമം

മായാൻതുടങ്ങി പകലിൻസ്മൃതി–
(രാഗപൂർണ്ണ–
മായാലുമന്നപരദിക്കിനു ഹൃ–
(ത്തിൻനിനാദം;
സ്ത്രീയായ്പിറന്ന ശ്രുതസൗഹൃദ–
(മുഴിവിട്ടു–
പോയാലുമെൻ "കുസുമ"മയങ്ങ–
(നെ ഞാൻ മറക്കും.

ധന്യാഗ്രഹായ സഖിതൻ പരിമു–
(ഗ്ധപാദ–
വിന്യാസമേറ്റ ചില കല്പട–
(യെത്താതാനായ്

അന്യാദൃശാദരദരാകുലമായ ജഹ്നു–
കന്യാതരംഗനിര തിക്കുകയായ്ക്കിക്കാം.

ഈ വാരിതൻനടുവിലാരുവലി–
(ച്ചുറിഞ്ഞു
ദ്രുവാസകാംക്ഷ;—നഴലിപ്പൊ–
(ന്തുഡുക്കളാലേ
രാവാസ്ഥലത്തതാരു കട്ടുന്ന വിടന്നേമുല്ല–
പ്പുവാരി ഹാ, വിതറിനില്പൂ
(വികാരമുകം!

2. ഓർമ്മകൾ, ചിന്താബിന്ദുക്കൾ

ഈയാററിലിക്കടവിലെത്രദിനം
(പ്രശാന്ത–
സായാഹ്നവേളകളിൽ മേൽക്ക
(ഴുകില ഞങ്ങൾ!
ഈയാററിലിക്കടവിലെത്രദിനം
(സുനീല–
തോയാർദ്രവേണി സഖി ഞാ–
(നൊരുമിച്ചുചിക്കി!

പാരത്രയും പരമ കൗതുകമാർന്നനില്ലം–
നേരത്തുതന്നെമറയുംപുലർകാലതാരം.
പാരംപ്രഹർഷമവനിയ്ക്കുള–
(വാക്കി,നിൽക്കാ–
താകെ"തസന്ധ്യുദയവിടേയ്ക്ക–
(റിയില്ലപോകം!

* * * *

പൂവിലധമോദമൊടു ചെത്തുള്ള
മന്ദഹാസം
ളുവിപ്പിറപ്പു നെടുവീർപ്പൊടു
(വാടിവീഴാൻ.
രാവിന്റെ കുളിരുൾവിഷാദത്തെ
(യശിച്ചു ചാവാ–
നാവിർഭവിപ്പതിവസം സവിലാ
(സഹാസം.

ഏകാകിയായയൊളിവിലിങ്ങനെ
(ദേവിതന്ന്–
ന്നാകാംപുരാണകവി ജീവിത
(നാകെങ്ങൾ,
ശോകാന്തമായെഴുതുന്നതുഹാ!
(സ്വപ്നന്ന–
മേകസ്വരമാനസഴുഖാന്ത്യമർത്ഥ
(മനന്നോ!

3. പരിണാമവേദന

വാടും പനീലെർ, പിറക്കുമനേകമാമ
കൂടുംപരിക്കു;കല്ലിതമ്പിളിയസ്തമിക്കും,
നീട്ടററകാന്തിയൊടുദിക്കു;–
ഇളയ്ക്കൊരിക്കൽ
വീടുന്നതല്ലസഖി–
പോയതിലുള്ളനഷ്ടം.

മാളങ്ങളായളകപാളികൾ,
കൺക്കളാന്ത–
പ്രീളങ്ങളഗ്രവിടളന്നളിനങ്ങളായി,
നീളംപെടും കബരി–
ശൈവലമായ് ഗുണാള–
നാളങ്ങളായ് ഗുടുല ചെഞ്ജള–
മംഗളാംഗം.

ആ കൈതഹൃത്തിനടെ ചായ–
മലിഞ്ഞലിഞ്ഞി
നിരത്തിലെത്ര–
നവകോകനദം വിടർന്നു
ധീരസ്വഭാവയുടെ ഉസ്സഹഗ്രഹദുഃഖ–
പൂരം പുഴയ്ക്കുടിയൊഴുക്കിനു–
വെമ്പലേററി

4. സൗഹൃദം

വാനിൻ വിശാലത മനസ്സിനു!
കൊച്ചുപേട
മാനിന്റെ ശാന്തതമുഖത്തിനു!
വാക്കുകൾക്കോ
തേനിന്റെ മാധുരി;–
മനോഹരതാകതത്ത്–
ലാനിത്യശുദ്ധയുടെ മനസ്–
വിളഞ്ഞുനൂനം.

ചേണുള്ള മുടി വശത്തു–
പകത്തിടാനും
ശോണപ്പനീലമിരുത്ത–
ണിയിക്കുവാനും
വേണം സഖിയ്ക്കിവളൊരാൾ;
ഇവളെപ്പിരാതെ
പ്രാണൻ കണക്കു ഹഹ!–
തോഴി നിനച്ചിരുന്നു.

5. താരുണ്യം വന്നപ്പോൾ.

പ്രേമത്തിനായ്–
പ്പുതിയൊരെണ്ണകലൻലോല–

ശ്യാമങ്ങളാം മിഴികൾ-
ദീർഘമനോഹരങ്ങൾ
കാമന്റെ ചാണയിൽ-
മിനുങ്ങിവിളങ്ങിയപ്പോ-
ളാനന്ദരാഗ്യ-
ഗതമർത്തുകയാണ്, പോരേ!

ക്രൂരം മനുഷ്യവിധിലീല!-
അതിന്നനൽകി-
യാരത്തിരസ്സുണി?-
തൊട്ടതൊടാതെനിൽക്കെ
രൈസ്പരം ശ്രുഭാശ-
വിഹരിച്ചമനം വിനോദാ-
ഗാരത്തിനാന്തമറിയില്ലതു-
കൊള്ളിവയ്ക്കാ!
കാലപ്പെരും കഴക ദുസ്സഹദുഃഖതുണ്ഡ-
ത്താലക്ഷമാരിയുടെ-
ജീവനെയിട്ടുകൊത്തി,
നാലഞ്ചുവട്ടമധുവന്ന പറന്ന ശാന്ത-
ശീലയ്ക്ക ചുററുമിതരർതൻ-
നിഴലാൾപ്പരത്തി.

6. അനുകമ്പയററവസന്തം.

മാവിന്റെ പൊൻതളിരണിഞ്ഞു,-
സുഗന്ധമെങ്ങും
തൂവി, ദ്രുമങ്ങളിൽ-
നിജപ്രിയനാമധേയം,
പൂവിൻ വിചിത്ര-
ലിപിയാലെഴുതിപ്പുളപ്പോ-
ളാവിർവിച്ചു നവമാധവ ലക്ഷ്മിവീണ്ടും.

ശ്രീ സമ്പിളനദ്ദ-
ലർച്ചഷകത്തിലാത്ത-
ശ്വാസത്തിനാൽ-
സുരഭിയാക്കിയ നവ്യമാധ്വീ
വാസന്തലക്ഷ്മി-
സവിധത്തിലുപാത്തമന്ദ-
ഹാസം വമം പകലുകൾക്ക-
പകർന്നനൽകി.

പുല്ലൽ സ്ഫുരം പുളകമാർന്ന-
ചിരിച്ചുപൂവാൽ
സല്ലാപകൗതുകമോദ്രി-
ശിരസ്സുയർത്തി
ചൊല്ലാതൊക്കെയുമെഴും-
മഹിയ്ക്കുനിഞ്ഞു

തെല്ലാഞ്ഞു സുന്ദരനരസ്സു-
മുകർന്നുനിന്നു.

നീലം വിശാലഗഗനം-
വിലസീവസന്ത-
കാലപ്രഫുല്ലമിഴിപോലെ-
വിലോരനീയം
കുലത്തളിർക്കലയുത്തു-
നടന്നിതാത്ത
ലീലം മദാലസചലാകല-
വേണിഗംഗാ.

ഗാനങ്ങളാൽ മണിഗൃഹങ്ങൾ-
തരിച്ചു, ധന്യോ-
ദ്യാനങ്ങളോ മധുരനൂപുര-
ശിഞ്ജിതത്താൽ,
സൂനങ്ങളാൽച്ചെടി-
നവാശകളാൽ സ്വേച്ഛാ-
ധീനം യുവാശയവുമാകലമാകയായി!

7. യാദൃച്ഛികദർശനം

ആരുകതകരുണകരാംഗ്രുഷ്ടിയാലുലഞ്ഞു-
പോംമുത്തമാംഗപടമൂന്നു
നേരെയാക്കി,
നീർമുക്കവാൻ കടവുമൊക്കി-
ലെടുത്തു കാല-
ത്താഗുഗ്ധ ചെന്നിതൊരുനാൾ
നദീതൻ തടത്തിൽ.

ആ നാരിതന്നരികിലൂടെ കടന്നുപോയി
നാനാജനം, വിജനമെന്നവളെണ്ണി
ലോകം,
ജ്ഞാനാധ്വനീനനെന്ത കൊച്ചു
മഹർഷിപോലെ
ദ്വിനാംഗനാംഗലത കോൾമയി-
ലാർന്നുപോയി!

നിരധ്രുപക്ഷുമധുരേക്ഷണ
തന്റെ തോളി-
ലാരുമൃദുപരേന്നറിയാതെ വീണു!
ചാരത്തണഞ്ഞളവു ചഞ്ചലമായ്
നടുങ്ങി
ധീരർഷിതൻ കരളൊരോർമ്മ
തടക്കപ്പോലെ.

8. പിരിയുകയാണ്

വല്ലാത്ത വേപഥുനിമിത്ത-
മിരട്ടിയായി
നല്ലാരിനംഗരുചി!
മാനസമാഞ്ഞടിക്കെ
മല്ലാക്ഷിയും, കരുതിടാത്ത
മനോവികാര-
ത്തല്ലാൻതളർന്ന യതിയും
നടകൊണ്ടു വേഗം.

ജീവന്ന ജീവനൊടെഴുന്നൊരു
ബന്ധമോത-
നാവശ്യമായ ചിലവാക്കള-
വക്കവാനായ്
പാവം പിടഞ്ഞു കരൾ,
കണ്ണുകൾ സംഭവിച്ച
ദുഃഖപ്പകർച്ചയതഹേതുകമായ്
ഗണിച്ചു.

വൻചിന്ധയോ ഹൃദയനിർ
വൃതിയോ നിമിത്തം
കൺപീലിനീലിമ വളർത്തി
നവാശ്രുലേശം.
ഗുൻപിവിധം ധൃതിലയം
സഖി പൂണ്ടതില്ലാ
വെമ്പിപദം, കഴലഴിഞ്ഞു,
കഴഞ്ഞു കൈകൾ

* * *

ഈ അപൂർണ്ണഖണ്ഡകാവ്യം മഹാവാനരോധമായ പശ്ചാത്തലത്തിൽ ഒരു മൂകശോകമായി ഒഴുകിത്തുടങ്ങിയ കാലത്ത് ഒരിക്കൽ പ്രസിദ്ധകവിയായ മേലങ്ങത്ത് അച്ചുതമേനോൻ എന്റെ ലോഡ്ജിൽ വന്നു. എനിക്ക് എന്തഹോ ഉദ്ദീപകമായിരുന്നു, ആ സന്ദർശനം എന്നോ! നല്ല സാഹചര്യവും പാണ്ഡിത്യവും ഉണ്ടായിരുന്നിട്ടും മേലങ്ങന്റെ കവിതാവാസന പൂർണ്ണവികാസം പ്രാപിക്കാതെ പോയതു് ഒരു ട്രാജഡിയാണ്. പരാജയങ്ങളും മോഹഭംഗങ്ങളും ജീവിത ക്ലേശങ്ങളോടു കൂട്ടുചേർന്ന് ഇടയ്ക്കു കടന്നുവന്നിരിക്കണം! കവിതയെ ലാളിക്കാനോ അനുനയിപ്പിക്കാനോ അവസരം കുറഞ്ഞുപോയിരിക്കാം. തനിക്കു പൂർണ്ണമായി ആത്മസമർപ്പണം ചെയ്യുന്ന പ്രതിഭാശാലിക്കുമാത്രമേ കവിത നിത്യസഖി ആയിരിക്കയുള്ളൂ! ഞാൻ കേട്ടിട്ടുണ്ട്, സ്വന്തം പേരുവയ്ക്കാതെ ഏതോ പുരോഹിതന്മാർക്കുവേണ്ടി "സങ്കീർത്തന"ങ്ങൾ എഴുതി മേലങ്ങൻ പ്രതിഫലം വാങ്ങിയിട്ടുണ്ടെന്ന്. സത്യമാണെങ്കിൽ. സാമ്പത്തികപരതന്ത്ര്യം മഹാവനാശാലികളെ എങ്ങനെ തെറ്റിക്കിയിരുന്നു എന്ന് ഓർത്തു നെടുവീർപ്പിടേണ്ടതാണ് "രസലക്ഷണശതകം", "ഗോശ്രീശദ്രിതുചരിതം", ഇങ്ങനെ രണ്ടു കൃതികളേ മേലങ്ങന്റെയായിട്ടു് അന്ന കണ്ടിട്ടുള്ളൂ. ആദ്യത്തെ കൃതി തിരുവിതാംകൂർ മഹാരാജാവിന്റെ പ്രീതിക്കു, പഴയ നാം

മഹാകവി "ജി"യുടെ സഹധർമ്മിണി സുഭദ്രാമ്മയും പുത്രി രാധയും.

സ്കൃതകവികളുടെ രാജപദാന വർണ്ണന രീതിയെത്തന്നെ പിൻതുടരുന്നു, പ്രകീർത്തിക്കുന്നതാണ്. "ചലിതേന്ദ്രിയവികാരം, പരിണതഗജനികാന്തനകം വഹിപ്പോൻ രവയ്ലിൽക്കാണുന്ന മുല്ലപ്പൂതലർ" എന്നിങ്ങനെ വ്യതിരേകരൂപത്തിൽ രാജയശസ്സിനെ പ്രശംസിക്കുന്ന ഒരു പദ്യത്തിന്റെ ശകലം അതിൽനിന്ന് എടുത്തു കാട്ടാവുന്നതാണ്, കല്പനാമഹിമകൊണ്ടും രചനാസൗഭാഗ്യംകൊണ്ടും, ഗോത്രീശാദിയുചരിതത്തിലുണ്ട്, കല്പനാ കൗശലം പ്രകാശിപ്പിക്കുന്ന ചില പദ്യങ്ങൾ.

"...രാജമൗലി
ഇണ്ണുന്നം ഇംഗപദാഗമാർത്ഥം"

എന്നതിലെ ശ്ലേഷത്തെയും ലക്ഷ്യത്തെയും കലശലു കൂട്ടുന്ന മഹാകവി വള്ളത്തോൾ തന്നെ ശ്ലാഘിച്ചിട്ടുള്ള ഒരു ആയശകല്പനം ഉദ്ധരിക്കാൻ തോന്നുന്നു!

പദ്മാനനത്തിൽ ശ്രമജാഞ്ജനച്ചാ-
ത്തിണകവാനുത്തികരം നിവർത്തി
വാചികദംഭം പ്രതിബിംബിതാക്ഷ-
ബിംബച്ഛലാൽ ദർപ്പണമേന്തിടുന്നു."

ത്രമപ്പുരുഷത്തു് ഭംഗതിലകം ചാർത്തി തരംഗഹസ്തത്തിൽ പ്രതിബിംബിക്കുന്ന സൂര്യബിംബദർപ്പണമേന്തി ചന്ദ്രം മനോഹരമായ വാചിയ്ൽ ഒരു സുന്ദരസങ്കല്പചിത്രമുണ്ട്. മേലങ്ങളുടെ കവിതകൾ സമാഹരിച്ചു പ്രസിദ്ധപ്പെടുത്തുവാൻ ആരോ പരിശ്രമിച്ചിരുന്നു, ഈയിടെ.

ശ്രീ: മേനോൻ "കുസുമ" മുഴുവൻ ആദ്യമിച്ചു വായിച്ചു. ശ്രദ്ധാലുവായ ശ്രോതാവിനെയും ആസ്വാദനക്ഷമമായ പരിപക്വതിയുള്ള നിരൂപകനെയും കിട്ടുന്നതു ഏതു കവിക്കും ഭാഗ്യമാണ്, ജാതകം തൽക്കാലഗ്രഹസ്ഥിതിയനുസരിച്ചാണ്, ഗണിക്കാറു്. തൽക്കാലമനഃസ്ഥിതിയാസ്പദമാക്കിയാണ് പലതുടേയും നിരൂപണങ്ങൾ. മേലങ്ങൻ സ്വയം മനസ്സുതുറന്നു തെളിയിച്ചിട്ടാണു കവിത ആസ്വദിക്കാറെന്നു തോന്നുന്നു. കവിഹൃദയം കാണാനാണ്, സ്വഹൃദയം പ്രതിഫലിപ്പിക്കാനല്ല അദ്ദേഹത്തിന് ഉത്സാഹം. ശ്രീ: മേനോൻ ആസ്വദിച്ചുരസിക്കുന്നതു കാണാൻതന്നെ ഒരു രസമുണ്ട്, മനസ്സു മാത്രമല്ലാ, കൈവിരലുകളും കണ്ണുകളും മുഖഭാവങ്ങളും ശിരസ്സും അതിൽ പങ്കുകൊള്ളും. അദ്ദേഹം ആ അപൂർണ്ണകൃതിയെ അഭിനന്ദിച്ചു, "കാളങ്ങളായ കപാളികൾ" എന്നാരംഭിക്കുന്ന പദ്യത്തിലെ അനുപ്രാസം "കാവാദ്രലാവണ്യത്തെ കടന്നുനില്ക്കുന്നു" എന്ന, സൗന്ദര്യമെങ്കിലും ശക്തമായ, നിരീക്ഷണം മാത്രമേ ദോഷദ്യോതകമായി ഉണ്ടായുള്ളു. അതു ശ്രദ്ധേയമർഹതാനം. എനിക്കും അതു തോന്നിയിരുന്നതാണ്. "കവിത മുഴുവനാക്കു, മനോഹരം ഒരു ഖണ്ഡകാവ്യം," എന്ന് ആ ഗുണദർശി സൗഹൃത്തോചിതമായ വിധത്തിൽ പ്രോത്സാഹിപ്പിച്ചുകൊണ്ടാണു പിരിഞ്ഞതു്. പക്ഷേ, "കുസുമ" പൂർണ്ണമാക്കുവാൻ കഴിഞ്ഞില്ല. "റുബായിയാത്തു്" ഇതിനിടയ്ക്കുണ്ട്, എന്റെ ഹൃദയത്തിൽ കടന്നിരുന്ന്. എന്നെ പ്രീതിപ്പെടുത്തിയതു്. ഈ പ്രേമഗതിയിന്റെ പ്രതികാരമായിട്ടായിരിക്കാം, "കുസുമ"യെന്നിൽനിന്നും അകന്നുപോയതും. അവളുടെ "സഖി" എന്നാടു സംസാരിക്കാതായതു്. പലതവണ പിന്നെ, റുബായിയാത്തു കാഴ്ചവച്ചതിനു ശേഷം. ഞാൻ ശ്രമിച്ചു, ആ സഖിയെ കാണാൻ; കുസുമയുടെ കഥ കേൾക്കാൻ! എനിക്ക് ആ അന്തർദ്ദേശത്തിലേക്കു വീണ്ടും പറക്കാൻ സാധിക്കാതെപോയി.

—0—

വയർ വേദന!

അൾസർ—ഗ്യാസ്ട്രബിൾ—
അർശസ്സ്?

രോഗവിവരം വ്യക്തമായെഴുതുക.

ആയുർവ്വേദാചാര്യ
വൈദ്യ കുഞ്ഞുരാമൻവൈദ്യർ
(ഗോൾഡ് മെഡലിസ്റ്റ്)

പൗരസ്ത്യഫാർമസി

പെരിനാട്, കൊല്ലം.

ഓ! മനം ഓർക്കുന്നതായിരുന്നു,

വിസ്മൃതിയുടെ ചാരക്കൂമ്പാരത്തിനുള്ളിൽ കുഴിച്ചു മൂടിയിട്ടിരുന്ന വാക്കുകൾ തലപൊന്തിച്ചു വെളിയിൽ വന്നിരിക്കുന്നു്. ശബ്ദമില്ലാതെ അട്ടഹസിക്കുന്ന അനുഭവങ്ങളുടെ, സ്വപ്നങ്ങളുടെ, ചേതിപ്പെടുത്തുന്ന പ്രേതങ്ങൾ.

അവസാനം ലളിതയ്ക്ക് ഗോപി നല്കിയ ബുക്കിനുള്ളിലെ കത്തെടുത്തു വായിക്കുവാൻതന്നെ ദേവകി അന്തിമമായി തീരുമാനിച്ചു.

ലളിതേ,

നീ പറഞ്ഞതുപോലെ ഞാനച്ഛനോടു് എല്ലാം തുറന്നുപറഞ്ഞു. കുറേനേരത്തേക്ക് മനസ്സു മിണ്ടിയില്ല. ആ ജോലി എനിക്കു വിട്ടുതരികയായിരുന്നു നല്ലതെന്നു പറഞ്ഞു. ചെന്നിനെപ്പററി ഞാനൊന്നുകൂടി അന്വേഷിക്കട്ടെ എന്നവസാനം പറഞ്ഞു. വലിയ പ്രതിബന്ധം എന്റെ അച്ഛന്റെ ഭാഗത്തുനിന്നു് ഉണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല.

നീയും നിന്റെ അമ്മയോടു് എല്ലാം തുറന്നുപറയണം. നിന്നെക്കൂടാതെ എനിക്കും, എന്നെക്കൂടാതെ നിനക്കും ജീവിക്കാൻ സാധ്യമല്ലെന്നുള്ളതു സത്യമാണല്ലോ അതുകൊണ്ടു് എത്രയും വേഗത്തെ എല്ലാം അമ്മയോടു തുറന്നുപറയുന്നതാണു നല്ലതു്.

ഒരുദിവസം നിന്റെ അമ്മായിഅച്ഛൻ അവിടെവന്നു്, കാര്യമായി സ്പീക്കിക്കാൻ എന്റെ അമ്മായി അമ്മയോടു പറയണേ, പിണക്കിയയച്ചുകളയരുതു്.

നാളെ സിനിമയ്ക്കു വരുമോ. മാററിനിക്കു ഞാൻ പോകുന്നുണ്ട്. ഏതു സിനിമയ്ക്കാണെന്നു് അറിയാമല്ലോ അമ്മയെക്കൂടെ കൊണ്ടുപോരുതു്. നീ തീർച്ചയായും വരണം. കൂട്ടിനു വേണമെങ്കിൽ ഭാരതിയെക്കൂടി വിളിച്ചോളൂ.

കത്തുകീറ്റ്.

അവസാനം, നിന്റെ ഗോപി, എന്നു എഴുതിയിരിക്കുന്നു.

അപ്പോൾ കാര്യങ്ങൾ അവിടംവരെ എത്തിയിരിക്കുന്നു. കള്ളി പൂച്ചയെപ്പോലെ പതുങ്ങി പതുങ്ങിയല്ല നടപ്പു്, സിനിമ കഴിഞ്ഞു് ഇങ്ങോട്ടുവരട്ടെ. എല്ലാം ചോദിച്ചുകളയാം. ഇങ്ങോട്ടു ചോദിക്കാനിരിക്കുകയല്ലേ ഇങ്ങോട്ടു എല്ലാം തുറന്നുപറയാനിരിക്കുകയല്ലേ. അതിനുമുമ്പ് അങ്ങോട്ടുതന്നെ ചോദിച്ചേക്കാം.

സമയം സന്ധ്യയായപ്പോൾ, മറ്റൊരു സന്ധ്യപോലെ, ലളിത കയറിവന്നു. അപ്പോൾ കേട്ടതു് തകർന്നുവീഴുന്ന നിശബ്ദതയുടെ മനോമണ്ഡലപ്പെടുത്തുന്ന നാദഘോഷമാണ്. എവിടെയോ ഓടിമറയുന്ന ഏകാന്തത.

നീണ്ടകഥ–2

കാമുകി

മനം ചോദിച്ചില്ല. ചോദിക്കാൻ ഒരുപാടുണ്ടായിരുന്നതുകൊണ്ടു് മനം ചോദിച്ചില്ല.

ഓർക്കുവാനും ഒരുപാടു് കാര്യങ്ങളുണ്ടല്ലോ. അതുകൊണ്ടു് അവയും ഓർക്കാതിരിക്കണം.

സിനിമ കഴിഞ്ഞുവന്ന ലളിത സ്വന്തം മുറിയിലേക്കു കയറിപ്പോയ്ക്കളഞ്ഞു വളരെനേരം കഴിഞ്ഞാണ് തിരികെവന്നതു്. അവളുടെ മുഖമാകെ തുടുത്തിരുന്നു.

ആ പുസ്തകം അതു വച്ചിരുന്ന രീതിയിൽതന്നെ മേശവലിപ്പിനുള്ളിൽ വച്ചിരുന്നു. ആ പുസ്തകത്തിനുള്ളിലെ കത്തു് അമ്മ വായിച്ചിട്ടുണ്ടാവും എന്നു സംശയിക്കാൻ അവൾക്കു യാതൊരു കാരണവുമില്ല. എങ്കിലും ആ മുഖം തുടുത്തിരുന്നു. കോപത്തിന്റെ തുടുപ്പായിരുന്നില്ല അതു്. ഒരു തീരുമാനത്തിന്റേതാണ്. തീരുമാനത്തിന്റെ തിളക്കമോണ്. അമ്മയോ

ട്ട് എല്ലാം ചോദിച്ചുകളയാം എന്ന തീരുമാനം. ആ തീരുമാനത്തിന്റെ തീ, ആ തീയുടെ ഉട്ടപ്പ്.

എങ്കിൽ ആ ഉട്ടപ്പിലേക്ക് തുറിച്ചുനോക്കിക്കൊണ്ട് സമാധാനം പറയേണ്ടിവരും. ഓരോ ചോദ്യത്തിനും സമാധാനം പറയേണ്ടിവരും. സ്വന്തം തീരുമാനം അറിയിക്കേണ്ടിവരും.

സ്വന്തം മനസ്സിന്റെ അട്ടപ്പുത്ത് തീരുമാനത്തിന്റെ തീ പടർന്നേണ്ട സന്ദർഭം സമാഗതമായിരിക്കുന്നു എന്നു ദേവകിഅമ്മ മനസ്സിലാക്കി.

"അമ്മേ, ഊണുകഴിക്കുന്നില്ലേ." മകളുടെ ചോദ്യം.

തുടർന്നുവരുന്ന ഏതോ വലിയ ചോദ്യങ്ങളുടെ ആരംഭമായിട്ടായിരിക്കാം ഈ ചെറുചോദ്യമെന്നു ദേവകിഅമ്മയ്ക്കു തോന്നി.

"നീ ഊണുകഴിച്ചോളൂ..." പെട്ടെന്നു മറുപടി പറഞ്ഞു.

ഇതുപോലെ എല്ലാ ചോദ്യങ്ങൾക്കും പെട്ടെന്നു മറുപടി പറയുവാൻ കഴിയുമോ.

"അമ്മയ്ക്ക്..."

"എനിക്കുവേണ്ട. ചെറിയ ഒരു തലവേദന."

"കാപ്പിയിടട്ടെ."

"വേണ്ട. ഒന്നുംവേണ്ട."

പിന്നെ, ലളിത ഒന്നും പറഞ്ഞില്ല.

നന്നായി. മറുപടികൾ നന്നായി. ഇനി ഒന്നും ചോദിക്കയില്ല. തലവേദനയല്ലേ, അമ്മ ഉറങ്ങിക്കോള്ളട്ടേ എന്നു വിചാരിച്ചുകാണും മകൾ. നല്ലതു്.

നാളെ, ലളിത അറിയാതെ മാധവിയെ രഹസ്യമായി ഇവിടെ വരുത്തണം. അവൾക്ക് എല്ലാ വിവരവും അറിയാമായിരിക്കും. എല്ലാം ചോദിച്ചറിയണം. എന്നിട്ടുവേണം ലളിതയെ നേരിടാൻ.

ആ യുദ്ധത്തിൽ തോൽക്കാൻ പാടില്ല. ചോദ്യങ്ങളുടെ അസ്ത്രങ്ങൾകൊണ്ടുള്ള യുദ്ധമാണ്. ചോദ്യങ്ങൾക്കു മറുചോദ്യങ്ങളുണ്ടാവും. ആഗ്നേയാസ്ത്രത്തിനു വരുണാസ്ത്രം. നാഗാസ്ത്രത്തിന് ഗരുഡാസ്ത്രം, അങ്ങനെ...

ദേവകിഅമ്മ മുറിയിലേക്കു പോയി. വിളക്കുതെളിക്കാതെതന്നെ കട്ടിലിലേക്കു ചരിഞ്ഞു.

മനസ്സിന്റെ വാതായനങ്ങൾ തുറന്നിട്ടു. ഒട്ടും കാററില്ല. ഒട്ടും വെളിച്ചമില്ല.

തുറന്നിട്ട വാതായനങ്ങളിലൂടെ, കാററും വെളിച്ചവും മാത്രമല്ല, കുറേ കടന്നലുകളും ഇരച്ചുകയറി.

ഓർമ്മകളുടെ കടന്നലുകൾ. കരളിനെ കുത്തിമുറിവേല്പിക്കുന്ന ഓർമ്മകളുടെ ഓരായിരം കടന്നലുകൾ.

ദേവകിഅമ്മ കണ്ണടച്ചുകിടന്നു.

രാജശേഖരൻനായർ, മാധവി,

പിന്നെ ലളിത, ഗോപി.

ഭരതി.

അങ്ങിനെ എത്ര എത്രപേർ മനസ്സിന്റെ വാതായനങ്ങളിലൂടെ എന്തിനോടുക്കുന്നു.

മന്ദാരങ്ങൾ കഴിഞ്ഞെങ്കിൽ...

കടന്നലുകളുടെ കുത്തേററു നിരയുടെ മുറിവേല്ക്കുന്നു.

നിമിഷങ്ങളോളം നിശ്ചലയായി കിടന്നപ്പോൾ മനസ്സിലായി ഉറക്കത്തിന്റെ ലോകം അങ്ങകലെയാണെന്ന്. ഓടിയെത്താവുന്നതിലും അധികം അകലെ. കണ്ണുകൾ ഇറുക്കെ അടച്ചുകൊണ്ടോടി നോക്കി. എത്തുന്നില്ല അതേ അകലം സൂക്ഷിച്ചുകൊണ്ട്, ചക്രവാളംപോലെ, ആ ലോകവും ഓടിഅകലുന്നു.

കണ്ണുകൾ തുറന്നു.

അടുത്ത മുറിയിലെ വെളിച്ചം, പകുതി അടഞ്ഞ വാതിൽപ്പാളികൾക്കിടയിലൂടെ, സ്വന്തം മുറിയിൽ വീണുകിടക്കുന്നു. ഒരു വാൾപോലെ. വെളിച്ചത്തിന്റെ വാൾ.

അടുത്ത മുറിയിൽ മകൾ എന്തു ചെയ്യുന്നു. അവൾക്കും ഉറക്കമില്ലേ. അവൾ ഉറങ്ങുന്നില്ലെങ്കിൽ, അതിനു കാരണം പ്രേമമാണോ.

എങ്കിൽ, അവളുടെ അമ്മ ഈ മുറിയിൽ എന്തുകൊണ്ട് ഉറങ്ങാതെ കിടക്കുന്നു. മകളുടെ പ്രേമത്തെക്കുറിച്ച് ഓർത്തിട്ടാണോ. പ്രേമം അത്ര വലിയ പ്രശ്നമാണോ.

എന്താ ഓർത്തിട്ടാണ്.

ആ ഓർമ്മയുടെ കടന്നൽക്കുത്തുകളേററിട്ടാണ് ഉറക്കംവരാത്തതു്.

ചിന്തയുടെ ചരടുകൾ വലിഞ്ഞുമുറുകി, മുറിവേററ ഓർമ്മകളിൽനിന്ന് ഒഴുകിപരിക്കുന്നതു് രക്തമല്ലേ.

ഓർമ്മകൾക്ക് ശ്വാസം മുട്ടുന്നു. ഓർമ്മകൾക്കു ദാഹിക്കുന്നു. ഒരിററു കാററിനുവേണ്ടി, ഒരിററു ദാഹജലത്തിനുവേണ്ടി. കണ്ണുകൾ തുറന്നു. ഹൃദയവും. കണ്ണുകൾ മിഴിച്ചു. അപ്പോൾ മനസ്സിന്റെ ഉള്ളറകളിലേക്കു വെളിച്ചവും കാററും കയറി.

ഇളകിപ്പറക്കുന്ന കടന്നലുകൾ.

അവസാനം എന്തായിരുന്നു?

അവസാനം...

എല്ലാററിന്റെയും അവസാനം എന്താണ്?

എന്നിങ്ങനെ, എപ്പോഴോ, ആലോചിച്ചു നിർത്തിക്കിട്ടുന്ന് പിന്നീടു തുടരാൻ കഴിഞ്ഞില്ല. തുടർച്ച മുറിഞ്ഞുപോയതിന്റെ ശ്വാസംമുട്ടലാണ്. അതിന്റെ ദാഹമാണ്.

അതെ!

രാജശേഖരനെ വളരെ അപൂർവ്വമായി മാത്രമേ കോളേജിൽവച്ചു കാണാറുണ്ടായിരുന്നുള്ളു. എങ്കിലും കണ്ണുകൾ ദിവസവും കൈമാറി. ഒരു കത്തിനുള്ള മറുപടിയല്ല മറെറാരു കത്ത്, രണ്ടുപേരും എഴുതുന്നു. പിന്നെറദിവസം, ആ കത്തുകൾ കൈമാറുന്നു.

രാജശേഖരനെ കോളേജിൽവച്ചു കണ്ടു സംസാരിക്കുവാൻ മടിയായിരുന്നു. മാധവി

കാണുമോ എന്ന ഭയം. മാധവി അറിയുമോ എന്ന ഭയം.

അവസാനം മാധവി കണ്ടു. മാധവി അറിഞ്ഞു.

മാധവി അന്നു ചോദിച്ചതു് ഇന്നും ഓർക്കുന്നു.

നീ ഇത്ര മയക്കരിയാണെന്നു് ഞാനറിഞ്ഞിരുന്നില്ല. നീ വിചാരിച്ചു എന്റെ പ്രതികാരം തീർന്നെന്നു്. എന്റെ പ്രതികാരം നടക്കാനിരിക്കുന്നതേയുള്ളു. വഴിയേ അറിഞ്ഞുകൊള്ളും നീയതു്.

നിശബ്ദമായിനിന്നു് അതു കേട്ടു, കേൾക്കുകയല്ലാതെ മറ്റൊന്നു ഗത്യന്തരമില്ലായിരുന്നു.

ഒരു ദിവസവും ആ മുഖം കാണാതിരിക്കാൻ വയ്യ. ഒരു ദിവസവും ആ കണ്ണു വായിക്കാതിരിക്കാൻ വയ്യ. മനസ്സിൽ ഒരേ ഒരു ചിന്ത, ഒരേ ഒരു രൂപം. മനോഹരമായ ഒരു സ്വപ്നത്തിന്റെ മായാവലയത്തിനുള്ളിൽ, സർവ്വവും മറന്നുകഴിയുന്ന ആ കുലുക്കത്തിൽ...

കുറച്ചുദിവസങ്ങളായി രാജശേഖരനെ കണ്ടിട്ടു്. കുറച്ചുദിവസങ്ങളായി രാജശേഖരന്റെ കണ്ണു കിട്ടിയിട്ടു്.

വേദനയോടെ, വിഷാദത്തോടെ, കാത്തുകാത്തിരിക്കുമ്പോൾ, ഒരുദിവസം രാജശേഖരന്റെ കണ്ണുകിട്ടി.

നിന്നെയും നിന്റെ ഹൃദയത്തെയും ശരിക്കറിയാവുന്ന എനിക്കു്, ഇത്രപോലൊരു കണ്ണു് ഇപ്പോൾ നിനക്കു് എഴുതേണ്ടി വന്നിരിക്കുന്നു.

എനിക്കു നിന്നെ ഇഷ്ടമാണു്. എന്നും ഞാൻ നിന്നെ ഇഷ്ടപ്പെടുകയും ചെയ്യും.

പക്ഷേ, ഞാനെന്റെ വിധിയെ പഴിക്കുന്നു. അങ്ങിനെയൊന്നുണ്ടു ദൈവം...വിധി എന്ന ഒരു കാര്യം. ആ വിധിക്കു് കണ്ണുകൾ ഇല്ല. കണ്ണുനീരു പൊഴിക്കാനോ, കണ്ണുനീരുകണ്ടാനോ, വിധിക്കു് കണ്ണുകൾ ഇല്ല. ആ വിധിയുടെ കൈകളിലെ കളിപ്പാവകളാണു നാമോരോരുത്തരും.

എന്റെ അച്ഛനു് ഒരു ആത്മസുഹൃത്തുണ്ടു്. ഒരു വലിയ വ്യവസായി. അയാൾക്കു് എന്റെ അച്ഛൻ കുറേയധികം രൂപ കൊടുക്കുവാനുണ്ടു്. ലക്ഷത്തോളം രൂപ. ആ രൂപ കൊടുത്തില്ലെങ്കിൽ താമസിക്കുന്ന സ്ഥലം വിട്ടിറങ്ങേണ്ടിവരും. ബാക്കി രൂപയ്ക്കു ജയിലിലും പോകേണ്ടിവരും. അയാളുടെ മകളെ ഞാൻ വിവാഹംകഴിച്ചാൽ, അച്ഛൻ അയാൾക്കു കൊടുക്കാനുള്ള രൂപ എനിക്കു സ്ത്രീധനമായി തരാമെന്നു്. ചുരുക്കത്തിൽ അച്ഛന്റെ കടം തീരും. എന്റെ കുടുംബം രക്ഷിക്കുവാൻ, എന്റെ അഭിമാനം രക്ഷിക്കുവാൻ, നീ ഈ ത്യാഗംചെയ്യണമെന്നു് അച്ഛൻ എന്നോടാവശ്യപ്പെടുന്നു. ഒരു മകനെന്നനിലയിൽ, എന്റെ കടപ്പാടിനെക്കുറിച്ചു് അച്ഛൻ അനുസ്മരിപ്പിക്കുന്നു.

ഞാനെന്തുവേണം. ഒരു മകനെന്ന നിലയിൽ ഞാനെന്തുചെയ്യണം.

നമ്മുടെ ബന്ധത്തെക്കുറിച്ചു് ഞാനച്ഛനോടു പറഞ്ഞു.

നീ സ്നേഹിക്കുന്ന പെണ്ണിനെ നീ കെട്ടിക്കോളൂ. നിന്റെ അച്ഛൻ ജയിലിലേക്കും നിന്റെ അമ്മ തെരുവിലേക്കും ആകണമെന്നു മാർക്കുവേണം.

അവസാനം ഞാൻ നിശ്ചയിച്ചു. ആ വ്യവസായിയുടെ മകളെ വിവാഹം കഴിക്കുവാൻ.

എന്റെ ആത്മാവു് നിന്നോടൊപ്പം ഉണ്ടു്. എന്റെ ഹൃദയം ഒരുകൈമാശംവന്നിരിക്കുന്നു. ജീവിതത്തിന്റെ മരുഭൂമിയും തേടി ഞാൻ പോകുന്നു.

ഞാൻ വിവാഹംകഴിക്കാൻപോകുന്ന പെൺകുട്ടി മറ്റാരുമല്ല. ഒരിക്കൽ എനിക്കു കണ്ണുതന്നിട്ടു ഞാൻ മറുപടിനല്കാത്ത, മാധവി. നിന്റെ കൂട്ടുകാരി മാധവി.

എന്നെ നീ മനസ്സിലാക്കണം.

എനിക്കു മാപ്പുതരൂ ദേവൂ...

അന്നു മരിച്ചതാണു്. പിന്നിട്ടു് ഇന്നുവരെ ജീവിച്ചിട്ടില്ല. കൈമാശം വന്ന ജീവിതത്തെ മാർത്തു ചിലപ്പോഴൊക്കെ കണ്ണുനീർവാർത്തു.

ആ കണ്ണുകിട്ടിയപ്പോൾ മാർത്തു. മാധവി പ്രതികാരം നിർവ്വഹിച്ചിരിക്കുന്നു. ശരിക്കും പ്രതികാരംനടത്തിയിരിക്കുന്നു.

ആ വിവാഹത്തിനു പ്രത്യേകം ക്ഷണമുണ്ടായിരുന്നു. പോയില്ല.

രാജശേഖരൻ എന്ന മകനെ അന്നു മനസ്സിലാക്കി. എന്നാൽ, രാജശേഖരൻ എന്ന കാമുകനെ മനസ്സിലാക്കാൻ കഴിഞ്ഞില്ല.

മാധവിയെ ശരിക്കും മനസ്സിലായി.

കുറെനാളത്തേക്കു് അവരെക്കുറിച്ചു യാതൊരു വിവരവും ഉണ്ടായിരുന്നില്ല. എന്തെങ്കിലും അറിയണമെന്നു് ആഗ്രഹവും ഉണ്ടായിരുന്നില്ല.

ഇഷ്ടസ്വപ്നങ്ങളുടെ നഷ്ടസ്വർഗ്ഗത്തെപ്പററി മാർത്തു കാലംകഴിക്കുന്ന കാലഘട്ടത്തിൽ...

മനസ്സിന്റെ മൃദുലമായ ഭാവങ്ങൾ മുരടിക്കുകയായിരുന്നു. ഹൃദയത്തിന്റെ തിളക്കമുള്ള ഭാഗങ്ങൾ തുരുമ്പിക്കുകയായിരുന്നു.

അച്ഛന്റെയും അമ്മയുടെയും കണ്ണുനീരു കണ്ടു മടുത്തു. ഒരുദിവസം സമ്മതം കൊടുത്തു.

അങ്ങിനെ തന്റെ വിവാഹം നടന്നു.

ഇഷ്ടസ്വപ്നങ്ങളെ വീണ്ടെടുക്കാനുള്ള നഷ്ടസ്വർഗ്ഗത്തെ കണ്ടെത്താനുള്ള ഒരു ശ്രമമായിരുന്നു അതു്.

ഭർത്താവിനോടു് കൂടുതൽ ആത്മാർത്ഥത കാട്ടാനായി, ആ നല്ല മനുഷ്യനോടു് മനസ്സുകളിച്ചുവഞ്ചിക്കാതിരിക്കാനായി, ആദ്യരാത്രിയിൽതന്നെ ആ കഥ മുഴുവൻ വിശദീകരിച്ചുകൊടുത്തു.

ഞാനൊരു യുവാവിനെ ഒരിക്കൽ സ്നേഹിച്ചിരുന്നു്. അനവധി കണ്ണുകൾ ഞങ്ങൾ കൈമാറിയതാണു്,

അങ്ങിനെ...

അങ്ങിനെ...

എല്ലാം പറഞ്ഞു,

സംസ്കാരസമ്പന്നനായ ആ നല്ല മനുഷ്യൻ ആ കഥ മുഴുവൻ കേൾക്കാൻ തയ്യാറായി. മുഴുവൻ കേട്ടു. ഒരു ഭാവവ്യത്യാസവും ആ മുഖത്തു കണ്ടില്ല.

"കഴിഞ്ഞതൊക്കെ പോകട്ടെ. അതൊക്കെ മറന്നേക്കൂ. ഞാനും മറക്കാം. ഇനി നീ എന്നെ സ്നേഹിച്ചാൽ മതി."

കഥ മുഴുവൻ കേട്ടുകഴിഞ്ഞതിനുശേഷം അദ്ദേഹം പറഞ്ഞു.

നല്ല മനുഷ്യൻ!

മാധ്യ ഒരുകാലത്തു മറ്റാരുടെ കാമുകി ആയിരുന്നു എന്നറിഞ്ഞിട്ടു്, അതിന്റേതായ യാതൊരു വികാരവിക്ഷോഭവും കൂടാതെ മത്തായ്യ പറയുന്നു ഇനി നീ എന്നെ സ്നേഹിച്ചാൽ മതിയെന്നു്. ആ ഭർത്താവു നല്ല മനുഷ്യനല്ലേ?

ആ നല്ല മനുഷ്യനോടാണു് ഒരുദിവസം പറഞ്ഞതു്...

എന്തു ധൈര്യമായിരുന്നു. എന്തു തന്റേടമായിരുന്നു.

മുറിയിൽ വീണുകിടന്നിരുന്ന വെളിച്ചത്തിന്റെ വാളിനു ചെവ്വന്നു വിതുമ്പി.

മകൾ കരകളുറന്നു നോക്കിയതാണു്. കണ്ണുകൾ അടച്ചു്. ഉറങ്ങുന്നതുപോലെ അനങ്ങാതെ കിടന്നു.

അവൾ കുറേനേരം നോക്കി നിന്നുകാണും. പിന്നെയും കരകകൾ അടഞ്ഞു. മുഴുവൻ അടയാത്ത വാതിൽപ്പാളികൾക്കിടയിലൂടെ വെളിച്ചം. ആ പഴയ വാൾ അവിടെത്തന്നെ.

അടുത്ത മുറിയിലെ മകൾ രാജകുമാരിയുടെ മകളാണു്, അടുത്ത മുറിയിൽനിന്നു വീഴുന്ന വെളിച്ചം കാർമ്മകളുടെ വെളിച്ചമാണു്. മകൾതന്നെ മാറ്റാരുമല്ലേ. സ്വന്തം ജീവിതത്തിന്റെ നേരെ വിധി വീശിപ്പിടിച്ചിരിക്കുന്ന വാൾ,

അവൾ ഒരു ഗോപിയെ സ്നേഹിക്കുന്നു. ആ ഗോപിയുമായി കണ്ണുകൾ കൈമാറുന്നു. ആ ഗോപി ഒരു കാമുകൻ മാത്രമാണോ. ഒരു മകൻകൂടി ആയിക്കൂടെ, മതാപിതാക്കളോടുള്ള കടപ്പാടിന്റെ പ്രശ്നം വരുമ്പോൾ ഒരു കാമുകൻ, ചിലപ്പോൾ മകനായി മാറി എന്നു വരാം. രാജശേഖരൻനായരുടെ മകനായിക്കൂടെ ആ ഗോപി. ലളിതയുടെ കൂട്ടുകാരിയായ രാധതി, മറ്റൊരു മാധവിയല്ലേ.ഒരുകാലത്തു തന്റെ കൂട്ടുകാരിയായിരുന്ന മാധവി!

ഒരുദിവസം ഗോപിയുടെ അച്ഛൻ ഈ വീട്ടിൽ കയറിവരും. ലളിതയും, അയാളുടെ മകൻ ഗോപിയുമായി സ്നേഹമാണെന്നു പറയും, എന്തു സമാധാനം പറയും. എന്തു സമാധാനം പറയണം. അതിനുമുമ്പായി മകളും അക്കാര്യങ്ങൾ പറഞ്ഞു എന്നു വരും. അവളോടു് എന്തു സമാധാനം പറയും,

സ്വന്തം മകളുടെ ചോദ്യങ്ങളിൽനിന്നു് എത്രനാൾ ഒഴിഞ്ഞുമാറി നടക്കാൻ കഴിയും.

മകളുടെ വിവാഹക്കാര്യം, മകളുടെ അച്ഛനും അറിയണ്ടേ. ജീവിച്ചിരിക്കുന്ന ആ മനുഷ്യനെ അവഗണിക്കാൻ കഴിയുമോ.

ലളിതയുടെ അച്ഛനായ ആ നല്ല മനുഷ്യനെക്കുറിച്ചുള്ള ഓർമ്മകൾ തന്നെ പിന്നെയും ഓടിയെത്തുന്നു.

എല്ലാം മുറുമുറുപറഞ്ഞു്, മനസ്സിലെ എല്ലാം കഴിഞ്ഞകാല സംഭവങ്ങളും കഴുകി

(ശേഷം 45-ൽ)

യുവപ്രതിഭകളുടെ മേള

യുദ്ധമില്ലാത്ത സമത്വസുന്ദരമായ ഒരു ലോകം പടുത്തുയർത്തുക എന്നതാണ് വരുന്ന ജൂലൈ 25 മുതൽ ആഗസ്റ്റ് 5 വരെ ബർളിനിൽ നടക്കാൻ പോകുന്ന പത്താമത്തെ ലോകയുവജനോത്സവത്തിന്റെ മുദ്രാവാക്യം. ലോകമാകെ യുവജനങ്ങൾക്കിടയിൽ കാണുന്ന അസ്വസ്ഥതയുടെ കാരണങ്ങളിലേയ്ക്ക് ഈ ഫെസ്റ്റിവൽ വിരൽചൂണ്ടുമെന്ന നമുക്കാശിക്കാം. ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നും വരുന്ന യുവജനങ്ങൾ അവിടെ ഒന്നിച്ചുചേരുന്നു. വ്യത്യസ്ത ഭാഷകളും ജീവിതരീതികളും അവിടെ ഒത്തുചേരുന്നു. ഭാരതരാജ്യത്തിന്റെയും ദേശീയോത്സവങ്ങളിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന കലാരൂപങ്ങൾ അവിടെ അവതരിപ്പിക്കപ്പെടുന്നു.

ലോകയുവജനോത്സവത്തിന്റെ ബഹുമാനാർത്ഥം ഇക്കഴിഞ്ഞ ജൂൺ 12-ാം തീയതി മുതൽ 21-ാം തീയതി വരെ തിരുവനന്തപുരത്ത് ഒരു സംസ്ഥാന യുവജനോത്സവം സംഘടിപ്പിക്കപ്പെടുകയുണ്ടായി. കേരളത്തിലെ മിക്ക ജില്ലകളിൽനിന്നുമായി എണ്ണൂറോളം യുവപ്രതിഭകൾ ഈ യുവജനോത്സവത്തിൽ പങ്കെടുപ്പിക്കാൻ കഴിഞ്ഞു എന്നതിൽ ഇതിന്റെ സംഘാടകരായ ആൾഇന്ത്യാ സ്റ്റുഡന്റ്സ് ഫെഡറേഷനും ആൾഇന്ത്യാ യൂത്ത്ഫെഡറേഷനും അഭിമാനിക്കാൻ വകയുണ്ട്.

ജൂൺ 12-ാം തീയതി വൈകുന്നേരം വി. ജെ. ടി. ഹാളിൽ നടന്ന ഉൽഘാടന സമ്മേളനമാണ് ഈ യുവജനമേളയുടെ തുടക്കം കുറിച്ചത്. കേരളാഗവർണ്ണർ ശ്രീ. എൻ. എൻ. വാഞ്ചൂ യുവജനോത്സവം ഉൽഘാടനം ചെയ്തു. പൊതുമരാമത്തുവകുപ്പ് മന്ത്രി ശ്രീ. ടി. കെ. ദിവാകരൻ യുവജനോത്സവത്തിനു ഭാവുകങ്ങൾ നേർന്നു. പ്രസിദ്ധ നർത്തകനും കേരളത്തിന്റെ അഭിമാനഭാജനവുമായ ശ്രീ. ഗുരുഗോപിനാഥാണ് കലാപരിപാടികൾ ഉൽഘാടനം ചെയ്തത്. തുടർന്നു നടന്ന തിരുവാതിരക്കളി, മണിപ്പൂരിനൃത്തം, മോഹിനിയാട്ടം, കഥകളി തുടങ്ങിയ കലാപരിപാടികൾ കണ്ണിനും കാതിനും ഒരുത്സവംതന്നെയായിരുന്നു.

13-ാം തീയതി മുതൽ 29-ാം തീയതി വരെ നടന്ന 50-ൽപരം സാഹിത്യകലാമത്സരങ്ങളിൽ എണ്ണൂറോളം യുവകലാകാരന്മാരും കലാകാരികളും പങ്കെടുത്തു. 13-ാം തീയതി കാലത്തു വി. ജെ. ടി. ഹാളിൽ നടന്ന ശാസ്ത്രീയ സംഗീതമത്സരങ്ങളിൽ അവതരിപ്പിക്കപ്പെട്ട പരിപാടികൾ

സുനിത ഭരതനാട്യത്തിൽ (ജൂനിയർ) രണ്ടാംസമ്മാനം

അരസ്സിനെ മന്നടക്കം ആകർഷിച്ചു. ആൺകുട്ടികളുടെ ജൂനിയർ വിഭാഗത്തിൽ ആലപ്പുഴയിലെ എൻ. ശ്രീകുമാർ ഒന്നാം സ്ഥാനവും ആതിഥേയ ജില്ലയിലെ മോഹനൻ രണ്ടാം സമ്മാനവും കരസ്ഥമാക്കി. പെൺകുട്ടികളിൽ കെ. എസ്. ബീന, സുഭലക്ഷ്മി എന്നിവർ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയെടുത്തു. ഉച്ചയ്ക്കുശേഷം സീനിയേഴ്സിന്റെ ശാസ്ത്രീയസംഗീതമത്സരവും നടന്നു.

13-ാം തീയതി വൈകിട്ട് 5-30 ന് വൈ. എം. സി. എ. ഹാളിൽ, ഫെസ്റ്റിവലിനോട് അനുബന്ധിച്ചു സംഘടിപ്പിക്കപ്പെട്ട പ്രദർശനത്തിന്റെ ഉൽഘാടനം മന്ത്രി ശ്രീ. എം. എൻ. ഗോവിന്ദൻനായർ നിർവ്വഹിച്ചു. സോഷ്യലിസ്റ്റു രാഷ്ട്രങ്ങളിലെ ജനതയുടെ പുരോഗതിയേയും പ്രത്യേകിച്ചു ജി. ഡി. ആറിലെ ജനതയുടെ പുരോഗതിയേയും സംബന്ധിക്കുന്നതും വിയററ്നാം ജനതയുടെ ഐതിഹാസികസമരത്തെ ചിത്രീകരിക്കുന്നതും, സാമ്രാജ്യത്വവിരുദ്ധ പ്രകടനങ്ങൾ ചിത്രീകരിക്കുന്നതുമായ ഒട്ടനവധി ചിത്രങ്ങളും കൗതുകവസ്തുക്കളും നിറഞ്ഞ്നിന്ന പ്രദർശനം ഒട്ടനവധി പ്രേക്ഷകരെ ആകർഷിക്കുകയുണ്ടായി

തുടർന്നുനടന്ന ദിവസങ്ങളിൽ പദ്യപാരായണം, ഇംഗ്ലീഷിലും മലയാളത്തിലും ഉപന്യാസം, പ്രസംഗം, ഉപകരണസംഗീതം, ക്ലാസ്സിക്കൽ ഡാൻസ്, ഫോക്ഡാൻസ്, കഥകളി, പെയ്ന്റിംഗ്, പെൻസിൽ സ്കെച്ച്, തുടങ്ങിയ ഒട്ടനവധി ഇനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ജൂനിയർ, സീനിയർ വിഭാഗങ്ങൾക്ക് പ്രത്യേകം പ്രത്യേകം മത്സരങ്ങൾ നടത്തപ്പെട്ടു.

കേരളത്തിന്റെ കലാരൂപമായ കഥകളിയിൽ കുട്ടികൾ കാഴ്ചവച്ച രൂപഭാവാദികൾ ഏററവും ആകർഷകമായിരുന്നു. കഥകളിജൂനിയർ വിഭാഗത്തിൽ പ

പ്രദർശനം ഉൽഘാടനം ചെയ്തശേഷം മന്ത്രി എം. എൻ. പ്രദർശനം നടന്നു കാണുന്നു.

ക്കപ്പെട്ട പ്രദർശനത്തിന്റെ ഉൽഘാടനം മന്ത്രി ശ്രീ. എം. എൻ. ഗോവിന്ദൻനായർ നിർവ്വഹിച്ചു. സോഷ്യലിസ്റ്റു രാഷ്ട്രങ്ങളിലെ ജനതയുടെ പുരോഗതിയേയും പ്രത്യേകിച്ചു ജി. ഡി. ആറിലെ ജനതയുടെ പുരോഗതിയേയും സംബന്ധിക്കുന്നതും വിയററ്നാം ജനതയുടെ ഐതിഹാസികസമരത്തെ ചിത്രീകരിക്കുന്നതും, സാമ്രാജ്യത്വവിരുദ്ധ പ്രകടനങ്ങൾ ചിത്രീകരിക്കുന്നതുമായ ഒട്ടനവധി ചിത്രങ്ങളും കൗതുകവസ്തുക്കളും നിറഞ്ഞ്നിന്ന പ്രദർശനം ഒട്ടനവധി പ്രേക്ഷകരെ ആകർഷിക്കുകയുണ്ടായി

തുടർന്നുനടന്ന ദിവസങ്ങളിൽ പദ്യപാരായണം, ഇംഗ്ലീഷിലും മലയാളത്തിലും ഉപന്യാസം, പ്രസംഗം, ഉപകരണസംഗീതം, ക്ലാസ്സിക്കൽ ഡാൻസ്, ഫോക്ഡാൻസ്, കഥകളി, പെയ്ന്റിംഗ്, പെൻസിൽ സ്കെച്ച്, തുടങ്ങിയ ഒട്ടനവധി ഇനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കപ്പെട്ടു. ജൂനിയർ, സീനിയർ വിഭാഗങ്ങൾക്ക് പ്രത്യേകം പ്രത്യേകം മത്സരങ്ങൾ നടത്തപ്പെട്ടു.

കേരളത്തിന്റെ കലാരൂപമായ കഥകളിയിൽ കുട്ടികൾ കാഴ്ചവച്ച രൂപഭാവാദികൾ ഏററവും ആകർഷകമായിരുന്നു. കഥകളിജൂനിയർ വിഭാഗത്തിൽ പ്രഥമ ഡി. നമ്പൂതിരിയും, വി. കെ. സുജാതയും ഒന്നും രണ്ടും സമ്മാനങ്ങൾ നേടി. ഭരതനാട്യത്തിൽ ജൂനിയർ വിഭാഗത്തിൽ ഒന്നാം സമ്മാനം നേടിയ കുമാരി പ്രേമാചന്ദ്രൻ കലാകേരളത്തിന്റെ ഒരു മുതൽക്കൂട്ടാണെന്ന് തെളിയിക്കപ്പെട്ടു. ഉപകരണസംഗീതമായിരുന്നു അത്യധികം ശ്രദ്ധയാകർഷിച്ച മററൊരിനം. പലതരം ഉപകരണങ്ങളിൽനിന്നും അടർന്നുവീണ സംഗീതധ്വനികൾ കാതുകളിൽ അലയടിച്ചുനിന്നു.

വിനീതാമേനോൻ

ഏകാങ്കനാടകങ്ങൾ എല്ലാംതന്നെ ഉദ്ദേശപ്പെട്ട നിലവാരം പുലർത്തുന്നവയായിരുന്നു. ആകെ തിരഞ്ഞെടുക്കപ്പെട്ട ഏഴുനാടകങ്ങളിൽ ജവഹർ ബാലഭവനിലെ കുട്ടികൾ കാഴ്ചവെച്ച "ഞമക്കം പുടികിട്ടി" എന്ന നാടകത്തിന് അവതരണത്തിനുള്ള ഒന്നാം സമ്മാനം ലഭിച്ചു. രണ്ടാം സമ്മാനം ചിറയിൻകീഴിലെ ഫ്ളയിംഗ് ആരോസ് കഴ്ചവച്ച "അഭയം" എന്ന നാടകത്തിനാണ് കിട്ടിയത്. നല്ലനടനുള്ള സമ്മാനം "ഞമക്കം പുടികിട്ടി"യിലെ സന്തോഷ്കുമാറും നല്ലനടിക്കുള്ള സമ്മാനം "അഭയ"ത്തിലെ ഹേരിതോമസ്സും കരസ്ഥമാക്കി.

യുവജനോത്സവത്തോടനുബന്ധിച്ച് സംഘടിപ്പിക്കപ്പെട്ട സിമ്പോസിയങ്ങൾ ഉന്നതനിലവാരം പുലർത്തുന്നവയായിരുന്നു. "സർവ്വകലാശാലാ വിദ്യാഭ്യാസപ്രശ്നങ്ങൾ" "തൊഴിലില്ലായ്മയും തൊഴിലധിഷ്ഠിതവിദ്യാഭ്യാസവും" "യുവജനപ്രശ്നങ്ങളും ആധുനികസംഹിതയും" എന്നീ വിഷയങ്ങളിൽ സംഘടിപ്പിക്കപ്പെട്ട സിമ്പോസിയങ്ങളിൽ ഗതാഗത വിഷയങ്ങളിൽ ആധികാരികമായി സംസാരിക്കാവുന്ന ഒട്ടനവധി പ്രശസ്തവ്യക്തികൾ പങ്കെടുക്കുകയുണ്ടായി.

കേരളത്തിലെ യുവകലാകാരന്മാർക്കും കലാകാരികൾക്കും ആവേശവും ഉത്തേജനവും പകർന്നുകൊടുത്ത ഈ യുവജനോത്സവത്തിന്റെ തിരശ്ശീല വീണതു് 21-ാം തീയതി രാത്രി നടന്ന സമാപനസമ്മേളനത്തോടെയാണ്. സമ്മേളനത്തിൽ ശ്രീ കണിയാപുരം രാമചന്ദ്രൻ അദ്ധ്യക്ഷം വഹിച്ചു. മുഖ്യമന്ത്രി ശ്രീ. സി. അച്ചുതമേനോൻ, ആഭ്യന്തരമന്ത്രി ശ്രീ. കെ. ക

ഭരതനാട്യം ജൂനിയർവിഭാഗത്തിൽ ഒന്നാംസമ്മാനംനേടിയ പ്രേമാചന്ദ്രൻ മിസ്സിസ് ചന്ദ്രമോഹിനി വാഞ്ചുവിൽനിന്ന് സമ്മാനം സ്വീകരിക്കുന്നു

ശശികല: ഭരതനാട്യ (സിനയർ) ത്തിൽ ഒന്നാംസമ്മാനംനേടി

രുണാകരൻ എന്നിവർ സമ്മേളനത്തിൽ സംസാരിക്കുകയുണ്ടായി. മത്സരങ്ങളിൽ വിജയികളായവർക്ക് കേരളാഗവർണ്ണറുടെ പത്നി ശ്രീമതി ചന്ദ്രമോഹിനിവാഞ്ചു സമ്മാനങ്ങൾ നല്കി. ഇർഷാദ് ഖിജയികളായ കലാകാരന്മാരുടേയും കലാകാരികളുടേയും തെരഞ്ഞെടുക്കപ്പെട്ട കലാപരിപാടികളും ഉണ്ടായിരുന്നു.

നമ്മുടെ നാട്ടിലെ ചെറുപ്പക്കാർ തങ്ങളിൽ ആരോഗ്യകരമായ ഒരു വലിയ സൗഹൃദം വളർത്തിയെടുക്കുക, അവരുടെ കലാഭിരുചികൾ വളരാൻ പുതിയ ശാഖലകൾ ഒരുക്കിക്കൊടുക്കുക എന്നിവയാണ് ഈ യുവജനമേളയുടെ ഏററവും വലിയ നേട്ടങ്ങൾ.

—o—

ശാസ്ത്രപംക്തി III

മദ്യം

ഡോ: ഹരിദാസ്

വും പ്രസ്താവിച്ചുകൊള്ളട്ടെ. ശരീരഗതക്കും അത്തരമൊരു തോന്നൽ പൂർവ്വധാരണകൾ സൃഷ്ടിച്ച മാനസികാവസ്ഥകൊണ്ടു മാത്രമുണ്ടാകുന്ന കരുതേണ്ടിയിരിക്കുന്നു. ഷേക്സ്പിയർ മദ്യത്തേയും സെക്സിനേയും ബന്ധിപ്പിച്ചിങ്ങനെ പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്—It produces the desire' but it takes away from the Performance— (ആഗ്രഹമുണ്ടാക്കുന്നു. പക്ഷേ, കൃത്യത്തിൽനിന്നകററി കൊണ്ടുപോകുന്നു.)

മനോവൈകല്യങ്ങൾക്കടിമപ്പെടുവരാണു മദ്യപാനത്തിന്നടിമപ്പെടുന്നതു് എന്നാണല്ലോ ഒരു തിയറി. പക്ഷേ, ഈ നിയമത്തിന്നാപവാദമാണു് "ജയിഷ്"നാട്ടുകാർ. അവർ വൈകാരികസമ്മർദ്ദത്തിൽ നിന്നകതിരൊന്നുമല്ലല്ലോ. എന്നാലും അവരിൽ ശരീരാഗംപേക്ഷം മദ്യപാനികളല്ല.

മനശ്ശാസ്ത്രജ്ഞന്മാർ മദ്യപാനികളെ ശാന്ത മദ്യപാനികളെന്നും പ്രകോപനക്കാരായ മദ്യപാനികളെന്നും രണ്ടായി തരംതിരിക്കുന്നുണ്ട്. ആദ്യവിഭാഗക്കാർ ശത്രുതയ്ക്കോ കോപപ്പെടലിനോ നില്ക്കുന്നവരല്ല. മററുള്ളവരുടെ വികാരങ്ങളെക്കുറിച്ചു് അത്യധികം ശ്രദ്ധാലുക്കളാണു്. ഇവർ എളുപ്പത്തിൽ പ്രലോഭനങ്ങൾക്കടിമപ്പെടുന്നു. തർക്കത്തിനോ വാദത്തിനോ അവർ ഇഷ്ടപ്പെടാറില്ല. ബന്ധുക്കളും മേലധികാരികളും അവരെ വേണ്ടവിധം സംരക്ഷിക്കാൻ താല്പര്യം കാണിക്കുന്നു. എന്നാൽ ആത്മവിശ്വാസം വളരെ കുറഞ്ഞ ഇവർ പുതിയ പ്രശ്നങ്ങളിൽ ഇടപെടുമ്പോൾ പരാജയബോധം മനസ്സിൽനിന്നകററാനായി കുടിയാരംഭിക്കുന്നു. പ്രകോപനക്കാരായ മദ്യപാനികളാകട്ടെ പൊതുവിൽ നല്ല ശരീരബലമുള്ളവരും ഉദ്യോഗശക്തിയുള്ളവരുമാണു്. പലപ്പോഴും ഇത്തരക്കാർ ബോധം കെടുവോളം തന്നെ കുടിക്കുന്നു. ഇത്തരക്കാരിൽ പലരും ഉദ്യോഗമണ്ഡലങ്ങളിൽ ഉന്നതസ്ഥാനങ്ങളിലിരിക്കുന്നവരാണു്.

"മദ്യപാനം നിർത്തണമെന്നാഗ്രഹിക്കുന്നു. പക്ഷേ, സാധിക്കുന്നില്ല" എന്ന പ്രശ്നവുമായി പലരും വൈദ്യശാസ്ത്രകാരന്മാരെ സമീപിച്ചേക്കും. ചികിത്സ, മററു രോഗങ്ങളെപ്പോലെ ഭിഷഗ്വരന്റെ കൈപ്പിടിയിൽ മാത്രം ഒതുങ്ങിനില്ക്കുന്ന തന്നല്ല. മന്നാമതായി ഒരു പരിധിവരെ രോഗിയുടെ പരിപൂർണ്ണസഹകരണം ചികിത്സാവിജയത്തിന് ആവശ്യമാണു്. രണ്ടാമതായി രോഗത്തിന്റെ മൂലകാരണങ്ങൾക്കൊത്ത പരിഹാരം ആവശ്യമായിവന്നേക്കും. ഇതു സാമൂഹ്യവും സാമ്പത്തികവുമായ പ്രശ്നപരിഹാരങ്ങൾകൂടി ഉൾപ്പെടുന്ന കാര്യമാണു്. ഔഷധങ്ങളാണു് അടുത്തതു്. അവയെക്കുറിച്ചുകൂടി ചുരുക്കിപ്പറഞ്ഞു് ഈ ലേഖനമവസാനിപ്പിക്കാം.

മദ്യം ശരീരത്തിലെത്തുമ്പോൾ താഴെ പറയുന്ന മാററങ്ങൾ സംഭവിക്കുന്നു.

മദ്യം → അസററാൽഡിഹൈഡ് (ACETALDEHYDE) → അസററിക്ക്
↓ ആസിഡ്
കാർബൺഡയോക്സൈഡ് (CO_2)
⊕
വെള്ളം +
ഊർജ്ജം (Energy)

ഇവയിൽ വെള്ളം, കാർബൺഡയോക്സൈഡ് എന്നിവ വിസർജ്ജിക്കപ്പെട്ടുപോകുന്നതിനാൽ അപകടം സംഭവിക്കുന്നില്ല. എന്നാൽ "അസററാൽഡിഹൈഡ്" ശരീരത്തിൽ തങ്ങിനില്ക്കുന്നപക്ഷം അത്യന്തം അസ്വസ്ഥകരമായ പല ലക്ഷണങ്ങളും രോഗിയെ ബാധിക്കുന്നു—ഛർദ്ദി, നെഞ്ചിടിപ്പ്, രക്തസമ്മർദ്ദം താഴൽ എന്നിവ. Antabuse; Citrated calcium carbamide തുടങ്ങിയ ഔഷധങ്ങൾ മദ്യത്തോടൊപ്പം ഉപയോഗിക്കുന്നപക്ഷം, അസററാൽഡിഹൈഡ് രൂപാന്തരപ്പെടാതെ ശരീരത്തിൽ കെട്ടിനില്ക്കുകയും മേൽപറഞ്ഞ ലക്ഷണങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. ഏതാനും ദിവസങ്ങൾചികിത്സനടത്തുമ്പോൾ, രോഗിക്ക്, മദ്യം കാണുമ്പോഴേയ്ക്കതന്നെ, മേൽപ്പറഞ്ഞ ലക്ഷണങ്ങളുണ്ടാകുന്നു. ഇതൊരുതരം മാനസികമായ "കണ്ടീഷനിങ്ങ് റിഫ്ളക്സ്" ആണെന്നു പറയേണ്ടിയിരിക്കുന്നു. തന്മൂലം രോഗിക്കു മദ്യപാനത്തോടു വിരക്തി വരുന്നു.

↓ മദ്യം
അസററാൽഡിഹൈഡ്
↓
↓ +—(Antabuse)
അസററിക്ക് ആസിഡ്
↓
CO_2 ⊕ വെള്ളം ⊕ ഊർജ്ജം
(അവസാനിച്ചു)

ഒരു ഹിപ്പിതരുണിയുടെ കഥ

(23-ൽനിന്നും തുടർച്ച)

ങ്ങൾ, ഭക്തിപൂർണ്ണമായ പെഗാഡകൾ, ചുംബനത്തിനുവേണ്ടി കണ്ണുംനട്ടിരിക്കുന്ന കാമുകി, മുലകുടിക്കാൻ ബദ്ധപ്പെടുന്ന ശിശു.....എല്ലാമെല്ലാം..... ഒന്നെങ്കിലും രക്ഷപ്പെടില്ല. എന്റെ ആ കവിത നിങ്ങൾ വായിച്ചില്ലേ? ഒരു ഗ്രാമത്തെക്കുറിച്ചെഴുതിയ "വിയററ്നാംസൈമൺ" എന്ന കവിത? സൈമൺ എന്ന യുവാവ് മാതാപിതാക്കളുടെ ക്ഷണമനുസരിച്ച് തന്റെ രാവിവധുവെ കാണാനായി സ്വഗ്രാമത്തിൽ വന്നിരിക്കയാണു്. കത്തർമണികൾ നിറഞ്ഞുകിടക്കുന്ന പാടങ്ങൾ കഴിഞ്ഞാൽ അയാളുടെ ഗ്രാമമായി. പാടങ്ങളുടെ വരമ്പിലൂടെ ശ്രദ്ധിച്ചുവേണം സൈക്കിൾ ചവിട്ടാൻ. എങ്കിലും അല്പം വേഗത്തിൽ തന്നെയാണു് അന്നയാൾ സൈക്കിൾ ഓടിച്ചിരുന്നതു്. അയാളുടെ വസതിയിൽ നിന്നു നാലു പറമ്പുകൾക്കപ്പുറത്താണു് അവളുടെ വീടു്, കൊച്ചുന്നാളിലെ പരിചയമുള്ള ശാലീനയായ ഒരോമലാൾ. ഒന്നിച്ചു കളിച്ചിട്ടുണ്ടു്, മാദ്യാമത്താക്കന്മാരായി അഭിനയിച്ചിട്ടുണ്ടു്. വഴക്കുകൾ കൂടിയിട്ടുണ്ടു്. ഇണങ്ങുകയും പിണങ്ങുകയും ചെയ്ത ആ നല്ല നാളുകൾ! ഇന്നവൾക്കു നഗ്നയായി നടക്കാൻ പററില്ല ഓ! തലയും മുലയും വന്നുകഴിഞ്ഞ ഒരു "പെണ്ണ്"ല്ലേ അവളിപ്പോൾ! അതെ, അവൾക്കുവേണ്ടിതന്നെയാണു് ഈ മാല വാങ്ങിയിരിക്കുന്നതു്."

വീട്ടിലെത്തിയ ഉടൻ അച്ഛൻ പറഞ്ഞു: "വെറുംകൈയോടെ വന്നിരിക്കയാണു്! സൈഗോണിൽ താമസിച്ചിട്ടും നിനക്കൊരു നല്ല ബുദ്ധി ഉദിച്ചില്ലേ? കെട്ടാൻപോകുന്ന കുട്ടിക്ക് ഒരു മാലപോലും നൽകിക്കൂടെ അല്ലേ?

അങ്ങിനെ അയാൾ സൈഗോണിലേക്കു തിരിച്ചുതായിരുന്നു. മാല വാങ്ങി ചുണ്ടിൽ ചുളുവുമായി ഇപ്പോൾ വസതിയിലേക്കു മടങ്ങുകയാണു്. എന്തിനു് ഒരു പ്രാവശ്യം! ആ പെൺകിടാവിനുവേണ്ടി ഒന്നല്ല നൂറുതവണ ഇങ്ങിനെ അങ്ങോട്ടും ഇങ്ങോട്ടും യാത്രചെയ്യാൻ അയാൾ തയ്യാറാണു്. മനസ്സിനുള്ളിൽ ലക്ഷക്കണക്കിനാണു് നിറമുള്ള സങ്കൽപങ്ങൾ പാറിനടക്കുന്നതു്. മധുരമധുരമാർന്ന സുന്ദരസ്വപ്നങ്ങൾ. സമ്മതമറിയിക്കാനായി അയാളവളുടെ കഴുത്തിൽ മാല ചാർത്തും. രണ്ടു കുടുംബാംഗങ്ങളുടേയും പ്രമാണിമാരുടെയും മുമ്പിൽവെച്ചു് മററില്ലാവണം തങ്ങളെ ആശീർവദിക്കും. അപ്പോഴാ പെൺകുട്ടി എന്തായിരിക്കും ആലോചിക്കുക? യുവാവിന്റെ ശ്വാസത്തിനു വേഗത കൂടിക്കൂടിവരുന്നുണ്ടായിരുന്നു. ദേഹത്തിൽ വസന്തത്തിന്റെ മൃദുലസ്പർശം. എന്നാൽ പൊടുന്നനെ ഒരു പ്രതിമാതിരി അയാൾ

അന്യർ

(39-ൽ നിന്നും തുടർച്ച)

ക്കുണ്ടു്, രക്തമേശം വന്ന ജീവിതത്തിനു പകരം മറെറാരു ജീവിതം കൈയ്യിലാക്കി, പുതിയൊരു ജീവിതം ജീവിക്കുവാൻ കഴിയുമോ എന്ന പരിശ്രമമാണു് ആദ്യരാത്രിയിൽ നടന്നതു്.

കഴിഞ്ഞതെല്ലാം മറന്നേക്കുവാൻ അദ്ദേഹം പറഞ്ഞു. എല്ലാം മറന്നു. ഹൃദയത്തിന്റെ എല്ലാ വികാരങ്ങളും വാരിപ്പുണർന്നുകൊണ്ടു് അദ്ദേഹത്തെ സ്നേഹിക്കുന്നു. ആ സ്നേഹഗന്ധം ശ്വസിക്കുന്നതായി മനസ്സിന്റേയും ഹൃദയത്തിന്റേയും ആത്മാവിന്റേയും എല്ലാ വാതായനങ്ങളും തുറന്നിട്ടു. സ്നേഹത്തിന്റെ വെളിച്ചം, സ്നേഹത്തിന്റെ വായു, സ്നേഹത്തിന്റെ ഗന്ധം, ആവോളം ആസ്വദിക്കാൻ കാത്തിരുന്നു.

ആ കാത്തിരിപ്പിനിടയിൽ സംഭവിച്ചതു് ഒന്നു മാത്രമായിരുന്നു.

ഗർഭിണിയായി.

ഉളിതരെ പ്രസവിച്ചു.

—o—

അടുത്തലക്കത്തിൽ

ഭർത്താവ്

സ്തംഭിച്ചുനിന്നുപോയി. അയാളുടെ കൺമുമ്പിൽ ഗ്രാമമുണ്ടായിരുന്നില്ല. ഗ്രാമത്തിലെ പൊടിപടലവും ചൂടുകാറ്റുമല്ലാതെ അയ്യായിരുന്നു. ആകച്ചിലോടെ ഉണ്ടാകിയിരുന്നതു കത്തിച്ചാമ്പലായ ആ ഗ്രാമത്തിന്റെ ഒരു ചിത്രമോ ആയിരുന്നു. കാറ്റു മണ്ണിച്ചുഴുകൾക്കുമുമ്പ് ജനത്തിരക്കുകൊണ്ടു നിറഞ്ഞ ആ ഗ്രാമം ശോഷിച്ചുവിണ്ണ് ഇവയ്ക്കുവെണ്ണീറായിത്തീർന്നിരിക്കയാണ്. "നേപാം തീ പടർന്നുപിടിച്ചു ഗ്രാമം ഒഴുവൻ ആളിക്കത്തവേ ആ പെൺകിടാവ് എന്തുചെയ്തു കയായിരുന്നിരിക്കാം? ചെറുപ്പക്കാരൻ തന്റെ പത്നിയെ ആ ശ്മശാനം ഒഴുവൻ തേടാനൊരുമ്പെട്ടു...ആ അമേരിക്കൻഹാരം അയാളുടെ കീശയിൽത്തന്നെയുണ്ടായിരുന്നു!"

"ഓ! മതിമതി. ഒന്നു നിർത്തൂ." ഐരിസിന്റെ നയനങ്ങൾ നിറഞ്ഞൊഴുകി. "അല്ല അല്ല, ഇതൊക്കെ കള്ളമാണ്," അവൾ പറഞ്ഞു.

അപ്പോൾ ഞാൻ പറഞ്ഞു, "കള്ളമല്ല ഐരിസ്, നൂറുശതമാനം സത്യമാണിപ്പറഞ്ഞതെല്ലാംതന്നെ. സത്യത്തിന്റെ മുമ്പിൽ തീരുമ്പോൾ ചെറി ചെറി മോശം!"

"യാതൊന്നും മറച്ചുവയ്ക്കാതെ എല്ലാം വ്യക്തമായി പറഞ്ഞുതരാൻ നിങ്ങൾ തന്നെയല്ലേ എന്നോടാവശ്യപ്പെട്ടതു്, അവിടെ പ്രതിദിനം നടക്കാറുള്ള സംഭവങ്ങളാണ് ഇവയൊക്കെ. ഓരോ നാളും കഴിയുന്തോറും നമ്മുടെ തീർച്ചും പൈശാചികവും തീക്കരവുമായിക്കൊണ്ടിരിക്കുന്ന സംഭവങ്ങൾ..."

ഐരിസ് തീർച്ചും ആശ്ചര്യചകിതയായിത്തീർന്നിരുന്നു. എന്റെ ആ കവിതയിലെ ചായം ചേർക്കാത്ത സത്യത്തിന്റെ പ്രതീകമെന്നു പറഞ്ഞുകൊടുക്കവേ, അധീരയായിട്ടെന്നോണം അവളുടെ കൈകൾ മുറുകെ പിടിക്കുന്നുണ്ടായിരുന്നു. അങ്ങിനെയിരിക്കുമ്പോൾ ഞങ്ങൾ "കോളേജ് സ്ട്രീറ്റിലെ കാൻഡിൻ ലൈറ്റ്" റസ്റ്റാറന്റിലെത്തി, ബിയ്നിക്കുകളുടേയും ഹിപ്പികളുടേയും കൂടിക്കാഴ്ചയ്ക്കു പ്രസിദ്ധമാണിത് ഹോട്ടൽ. ഞങ്ങളിരുവരും ഇരുന്നിട്ടുള്ള മേശയുടെ അടുക്കെ നേരത്തെതന്നെ രണ്ടു ഹിപ്പിത്തരുണികൾ ഇരിപ്പുറപ്പിച്ചിരുന്നു. രണ്ടുപേരും കൈയിൽ ബിയർ കേനുകളുമായി നിശ്ശബ്ദം ഇരിക്കയാണ്. അവരുടെ അനുവാദത്തോടെ ഞങ്ങൾ രണ്ടുപേരും ഭ്രേമാദരേണത്തോടെ അവിടെ ചെന്നിരുന്നു, രണ്ടു്റ്റററോട് രണ്ടു ബിയർ കൊണ്ടുവരാൻ ചുറ്റുമേശക്കുറത്തെ മെഴുകുതിരിയുടെ പ്രഭാപ്രസരത്തിൽ ഐരിസ് അതിവസുന്ദരിയായിത്തോന്നി. അവളെന്നോട് ഒട്ടിച്ചേർന്നാണിരുന്നിട്ടുള്ളതു്. ഒടിയിൽനിന്ന് ഷാംപൂവിന്റെ നറുപരിമളം ചുറ്റും പരക്കുന്നുണ്ടായിരുന്നു. അല്പസമയത്തിനു ശേഷം അൽപനഗ്നയായ ഒരു പരിചാരിക മുമ്പിൽ ബിയർകൊണ്ടുവന്നു വെച്ചു. ഐരിസ് ബിയറിൽ സ്വല്പം താഴ്ത്തിക്കൊണ്ടു പറഞ്ഞു, "ബുദ്ധദേവനെപ്പററി എനിക്കു കൂടുതലറിയണമെന്നുണ്ട്. പുസ്തകങ്ങൾ വായിച്ചു് കിട്ടിയ എന്റെ അറിവ് വളരെ പരിമിതമാണ്, ആ പുസ്തകങ്ങളാണെങ്കിൽ ക്രിസ്ത്യൻ മിഷനറിമാർ എഴുതിയതുമാണ്. എങ്ങിനെയായിരിക്കും ഉള്ളുടക്കം എന്ന് ഏതാണ് നിങ്ങൾക്കും ആലോചിച്ചാൽ മനസ്സിലാകുമല്ലോ. ഞാ...ഗൌതമന്റെ മതം തന്നെ അതാണല്ലോ, അപ്പോൾ നിവേധികാര്യങ്ങൾ ബുദ്ധമതത്തെക്കുറിച്ചു് അറിയുമെന്നു തീർച്ച."

"ബുദ്ധമതവും ഹിലോസഫിയും പരിഭാവാരംപോലെ അഗാധമാണ്. ആട്ടെ, നിങ്ങൾക്കെന്താണറിയേണ്ടതു്?"

"വിയററ്നാമിൽ ബൌദ്ധസന്യാസികൾക്കും സന്യാസിനികൾക്കും എങ്ങിനെയാണ് ആത്മഹത്യ ചെയ്യാൻ ധൈര്യം വരുന്നതു്? എന്തേ ഞങ്ങൾക്കതിനുള്ള തന്റേടം വരാത്തതു്?"

അൽപം ബിയർ കഴിച്ചുകൊണ്ടു ഞാൻ പറഞ്ഞു, "അതിനെ, ആത്മഹത്യയായി ഞങ്ങൾ കണക്കാക്കാറില്ല. കാരണം പറയാം, ശരീരവുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ സ്ഥായിയായ ഒരു വസ്തുവാണ് ആത്മാവ്. എന്നാൽ ആ ആത്മാവു ചിരസ്ഥായിയൊട്ടല്ലതാനും. നിവേധിസംസ്കാരങ്ങളുടെ സമുച്ചയത്തെ നമുക്കാത്മാവെന്നു വിളിക്കാം. എന്നാൽ അജ്ഞതമൂലം അസ്ഥായിയും ജലകുമിളകൾപോലെ ക്ഷണഭംഗുരവുമായ ആ സമഷ്ടിയെ ജനം ശാശ്വതമായി കണ്ടുന്നു. പിന്നീടതിൽനിന്ന് ആസക്തിയും ആ ആസക്തിയിൽനിന്നു ജനനമരണമാകുന്ന ചക്രവും ഉടലെടുക്കുന്നു."

"അപ്പോൾ അനശ്വരനായ ഈശ്വരനോ? അങ്ങിനെ ഒന്നില്ലെന്നാണോ?"

ഐരിസിന്റെ സ്വരത്തിൽ അപൂർവ്വമായ ആനന്ദത്തിന്റെ അലയടിയുണ്ടായിരുന്നു.

ഞാൻ പറഞ്ഞു:"ശരിയാണ്, ജനങ്ങൾ ബുദ്ധദേവനെത്തന്നെ ഈശ്വരനായി പൂജിക്കുന്നുവെങ്കിലും നമ്മുടെ മതത്തിൽ ദൈവമെന്നൊന്ന് ഇല്ലതന്നെ."

"ആഹാ! എത്ര സുന്ദരവാദഗതി! ഇനി എന്തേ ബുദ്ധമതക്കാർ ആത്മഹത്യയെ പേടിക്കാത്തതെന്ന് പറയൂ."

"പേടിക്കാനെന്തിരിക്കുന്നു? ഈ ലോകത്തു് വല്ലതും ശാശ്വതമായിട്ടുണ്ടെങ്കിലല്ലേ സ്വർഗ്ഗത്തിലോ, നരകത്തിലോ പോകുന്നതിനെപ്പററി പേടിക്കേണ്ടതെന്തു വേണ്ടു? എന്നാൽ സകലതും സമഷ്ടി...വെറും സമുച്ചയംമാത്രം കഞ്ഞിക്കുകളുണ്ടതിൽ പേടിക്കുന്നതെന്തിന്? തന്നെയല്ല ജനത്തിന്റെ നന്മയും കൂടി അതുകൊണ്ടുദ്ദേശിക്കുന്നുവെങ്കിൽ... അതിനാൽ ബൌദ്ധരുടെ "നൈരാത്മ്യവാദം" തന്നെയാണ് അവരുടെ പേടിയില്ലായ്മയ്ക്ക് പ്രധാനകാരണവും."

സംഭാഷണത്തിൽ നിന്നുണർന്നിട്ടെന്നോണം ഐരിസ്സിന്നോടു ചോദിച്ചു. "നിങ്ങളിനി ലൈബ്രറിയിൽ പോകുന്നുണ്ടോ?"

"അങ്ങോട്ടു് പോകണമെന്നുതന്നെയാണ് ഞാൻ കരുതിയിരുന്നതു്. എന്നാൽ ഐരിസിന്റെ മുഖത്തു പരന്ന ഒരു വിചിത്രമായ ഭാവം എന്റെ ദൃഷ്ടിയിൽ പെട്ടു. ഞാൻ പറഞ്ഞു. "ഇല്ല, ഇനിയേതായാലും ഇന്നങ്ങോട്ടു് പോകുന്നില്ല. വീട്ടിൽത്തന്നെ ഇരുന്ന് ഐരിസ് പറഞ്ഞ കാര്യങ്ങളെപ്പററിത്തന്നെ ആലോചിക്കാമെന്ന് തോന്നുന്നു."

"എന്നെക്കുറിച്ചാണെങ്കിൽ ആലോചിക്കേണ്ടതായ ആവശ്യംതന്നെയുണ്ടാവില്ല. കാരണം ഞാൻ നിങ്ങളുടേതായി കഴിഞ്ഞിരിക്കുന്നു."

"ഐരിസ്!! വാസ്തവമാണോ ഇപ്പറയുന്നതു്?"

ഞങ്ങൾ രണ്ടുപേരും ഗ്ലാസ്സുകളുടെ എപ്പാർട്ട്മെൻറിലിരുത്തി, ഞാൻ ടി. വി. ശരിയാക്കിവെച്ചു. ആറാം നമ്പർ ചാനലിൽ "വ്യൂച്ചിഡ്" ആയിരുന്നു. പിന്നീട് ബോട്ടിൽ തുറക്കാനായി അടുക്കളയിൽ പോയി. "കനഡാ ഡ്രൈ" തുറക്കുമ്പോഴുണ്ടാവുന്ന ടുക് ടാക് കേട്ടതോടെ ഐരിസ് ടി. വി. യുടെ ചാനൽ മാററാനുള്ള ശ്രമത്തിലാണെന്ന് മനസ്സിലായി,



ഒരു പക്ഷേ, "വൃച്ചിഷ്" അവളിഷ്ടപ്പെട്ടിരിക്കയില്ല. ഞാൻ ചോദിച്ചു. "ഐരിസിന്നു് ഏതുചാനലാണിഷ്ടം?"

"നമ്പർ ഫോർ."

എങ്കിൽ ഞങ്ങളുപ്രാവശ്യം പിമ്പോട്ടു് തിരിച്ചു. ഓ, പിന്നെ ഒരു കാര്യം, അക്ഷരം വായിക്കാൻ മെനക്കെടുത്തതാണു് നല്ലതു്. പഴയ സാധനമല്ലേ, എഴുത്തൊക്കെ അപ്പടി തകരാറിലായിരിക്കയാണു്.

ഒരു ഗ്ലാസ്സിൽ "ശൈശവം" എടുത്തു് ഞാൻ ഐരിസിന്നു കൊടുത്തു. ഞങ്ങളുപേരും ചിപ്പേഴ്സ് പറഞ്ഞു് കുടിതുടങ്ങി. അപ്പോൾ ടി. വി. ശബ്ദിച്ചു. "ഇപ്പോൾ നാലാംനമ്പർ ചാനലിൽ ഇന്നുപതു മിന്നിട്ടുനേരം വിയററുനാം യുദ്ധംസംബന്ധിയായ വാർത്താചിത്രങ്ങൾ കാണാവുന്നതാണു്."

ഉടനെ ടി. വി. ഓഫാക്കാനായി ഞാനെഴുന്നേററു. പക്ഷേ, ഐരിസ് പറഞ്ഞു് "ഓഫ്ചെയ്യാൻ വരട്ടെ, എനിക്കതു കാണണം."

ഞാൻ എതിരഭിപ്രായമൊന്നും പറഞ്ഞില്ല. അവളുടെ അരികിൽവന്നു് കടലയിലിരുന്നു. യു. എസ്സ്. എ. യിൽ നിർമ്മിച്ച ആ ചിത്രത്തിലെ അമേരിക്കയുടെ രാക്ഷസീയ ശക്തി എന്തൊണെന്നറിയിക്കാനായി, തായ്‌ലൻറിലെ കിഴക്കോട്ടുസ്സിൽ നിന്നു് പറന്ന കുതന്ത്രാൻ അമേരിക്കൻ ഫാൻറം ഏറോപ്ലെയിൻ ഉത്തരവിയററുനാമിലെയും ദക്ഷിണവിയററുനാമിലെയും "ഹോചിമിൻ" നിരത്തിൽ ബോംബു് വർഷിക്കുന്ന ദൃശ്യമാണു് ആ ദൃശ്യം പ്രദർശിപ്പിച്ചതു്. പിന്നീടു് "നേപാംബോംബുകൾ കൊണ്ടു് വിയററുനാമിലെ പച്ചപിടിച്ച പാടങ്ങൾ കത്തിച്ചാമ്പലാകുന്ന ദൃശ്യമായിരുന്നു. ഒരു കൊച്ചുഗ്രാമത്തിൽനിന്നു് പേടിച്ചോടിമറയുന്ന ജനത്തിൻെറയും, അവരുടെ പിറകെ പരക്കംപായുന്ന അമേരിക്കൻഭടന്മാരുടേതുമായിരുന്നു ഒടുവിലത്തെ ദൃശ്യം. ഈ ഗ്രാമത്തിൽ വിയററ്കോങ്ങിൻെറ വളരെ വലിയ ഒരു താവളമുണ്ടെന്നും. അസ്ഥിക്കൂടംമാത്രമുള്ള ആ കറുത്ത മനുഷ്യർ വിയററ്കോങ്കാരാണെന്നും ഇങ്ങിനെ വ്യാഖ്യാനംനല്കപ്പെട്ടുന്നുണ്ടായിരുന്നു. ഞാൻ ഐരിസിനെ നോക്കി. ഈ കാര്യങ്ങളിലൊക്കെ അവൾക്കു വിശ്വാസം വരുന്നുണ്ടെന്നു് എനിക്കു തോന്നി. എനിക്കെന്തെന്നെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ഞാൻ എന്തെന്നില്ലാതെ ചൊട്ടിച്ചിരിച്ചുപോയി. എന്നെ അത്ഭുതപരതന്ത്രനാക്കിക്കൊണ്ടു് അപ്പോൾത്തന്നെ ഐരിസ് എഴുന്നേററിരുന്നു. അവൾ ടി. വി. നിർത്തി. പൊട്ടുന്നനെയുള്ള അവളുടെ പ്രതികരണംകണ്ടു് ഞാനാശ്ചര്യപ്പെട്ടു. അവളുടെൻെറ നേത്രങ്ങളിൽതന്നെ സാകൂതം നോക്കിക്കൊണ്ടു പറഞ്ഞു, "നമ്മങ്ങൾക്കൊന്നു പ്രേമിക്കാൻ കഴിയുമോ, ഗൌരം?"

ഐരിസ്സിൻെറ നേത്രങ്ങൾ കണ്ടപ്പോൾ ഞാൻ തെല്ലൊന്നു പേടിക്കാതിരുന്നില്ല. ഉടൻെ അവളുടെൻെറ കൈയിൽനിന്നു് കുങ്കുമം വേർപെടുത്തി. മറുപടിക്കു കാത്തുനില്ലാതെ. സാവധാനം ഐരിസ് ടെറിലിൻഷർട്ടഴിച്ചു് സോഫമേൽ വെച്ചു. മേലിഞ്ഞ ദേഹമാണവളുടേതെന്നു തായിരുന്നു എൻെറ ധാരണ. എന്നാൽ അവളുടെ ശരീരത്തിൻെറ ആ "ഐശ്വര്യം"കണ്ടു് ഞാനാകെ കോരിത്തരിച്ചു. ഞാനെഴുന്നേററു് അവളെ കരവലയത്തിലെടുത്തു. പിന്നീടവളിൽ പ്രേമത്തിൻെറ ചുട്ടുചുംബനം പകരവേ കാതുകളിൽ ഒരു "മധുരശബ്ദം" വന്നലച്ചു: "എന്നെ പ്രേമിക്കൂ. ഗൌരം! അഗാധമായി...ഒരു വിയററ്കോങ്ങ്യുവാവു് ഒരു തരുണിയെ പ്രേമിക്കുന്നമാതിരി. അതെ, അതുപോലെതന്നെ...ശരിക്കും വിയററ്നാംമണ്ണിൽ."

വല്ല തൊന്നും കാണിക്കുന്നതായി അവൾ കരുതുന്നുമില്ലല്ലോ എന്നറിയാനായി മധുരമുള്ള ചുട്ടുചുംബനം പകരവേ ഞാനാ നേത്രങ്ങളിൽത്തന്നെ ദൃഷ്ടിപതിച്ചു. എന്നാലവയ്ക്കു ദൃഢസങ്കല്പമായിരുന്നു നിഴലിച്ചിരുന്നതു്,

* * *

രാവിലെ എഴുന്നേററ ഉടൻ ടി. വി. ഓൺചെയ്തു് നിത്യകർമ്മങ്ങളൊക്കെ കഴിഞ്ഞതിനുശേഷം ന്യൂസ്കേൾക്കാറാണു പതിവു്. താല്പര്യമുള്ള വല്ല വാർത്തയും കേട്ടാലുടൻ ബാത്ത്റൂമിൽനിന്നോടി ടി. വി. യുടെ മുമ്പിൽ വന്നുനിൽക്കും. പ്രത്യേകിച്ചും, അതിൻെറ മുമ്പിലിരുന്നു വിയററ്നാംയുദ്ധസംബന്ധപ്പററിയുള്ള കാര്യങ്ങൾ കേൾക്കാൻ ഞാനൊരിക്കലും അമാന്തിക്കാറില്ല. രാത്രി കമ്പമുണ്ടിക്കുമുമ്പു ഐരിസ് പോയിരുന്നു. എത്ര പറഞ്ഞിട്ടും രാത്രി എന്നോടൊന്നു കഴിയാൻ അവൾ കൂട്ടാക്കിയില്ല. "മാസ്റ്റ്"യുസ്സ്നായി പഠിക്കൽവരെ ഞാൻ പോയപ്പോൾ അവൾ പറഞ്ഞു. "താങ്ക്സ്, എന്നെ ദയവായി ഓർക്കുക."

പിന്നീടു് പതിവനുസരിച്ചു് വായനയും ഡിന്നറുമൊക്കെ കഴിഞ്ഞു് ഏകദേശം 12 മണിയോടെ ഞാനുറങ്ങാൻ കിടന്നു. അന്നും അലാറംകേട്ടുണ്ണാ ഞാനെഴുന്നേററതു്. ബാത്ത്റൂമിൽ പോയി ടൂത്ത്ബ്രഷിൽ "കോളിനോസ്" എടുത്തു് കണ്ണാടിക്കുമുമ്പിൽ ചെന്നുനിന്നു കഴിഞ്ഞ രാത്രിയിലെ ആ അനിർവ്വചനീയനിമിഷങ്ങളുപ്പററി ആർക്കുകയായിരുന്നു ഞാൻ. പെട്ടെന്നു് ടി. വി.യിൽ പറയാൻ തുടങ്ങി: "ഓറേഞ്ചുവാഴ്സിററിയിലെ ഐറിസ്ആൽസപ് എന്ന വിദ്യാർത്ഥിനി യുനിവേഴ്സിററി അവസ്ഥയിലെ അമേരിക്കൻ കോൺസുലേററിനുമുമ്പിൽ വെച്ചു് ഇന്നവെളുപ്പിന്നു് ആത്മഹത്യചെയ്തിരിക്കുന്നു."

ഞാനവാർത്ത കേട്ടമാത്രയിൽ ബദ്ധപ്പെട്ടോടിവന്നു. "റിപ്പോർട്ടർ" ഒട്ടും നിർത്താതെ പറയുന്നുണ്ടായിരുന്നു, "മിസ്സ് ആൽസപ് വിയററ്നാംയുദ്ധത്തിനെതിരായി സ്വശരീരത്തിൽ ഗ്ലിസറിനൊഴിച്ചു് തീകൊളുത്തുകയാണു ചെയ്തതു്. ആളിക്കത്തുന്ന അവളുടെ ശരീരത്തിൽനിന്നു് 'ധർമ്മം ശരണം ഗച്ഛാമി, സംഘം ശരണം ഗച്ഛാമി, ബുദ്ധം ശരണം ഗച്ഛാമി...' എന്നു മാത്രം കേൾക്കുന്നുണ്ടായിരുന്നു. "യർക്ക 'ഗ്രാമത്തിലെ ഏകദേശം ഇരുപതു്–ഇരുപത്തിയഞ്ചു്" വിദ്യാർത്ഥികൾ അവൾക്കുചുററും നിന്നുകൊണ്ടു മുദ്രാവാക്യങ്ങൾ മുഴക്കുന്നുണ്ടായിരുന്നു.

അഗ്നിപിടിച്ചുകൊണ്ടിരുന്ന ഐറിസ്സിൻെറ ചില ശരീരഭാഗങ്ങൾ മൂകനടയി ഞാൻ നോക്കിക്കണ്ടിരുന്നു. വിയററ്നാമിലെ ഗോറില്ലാക്കേമ്പിൽ വളരെനാൾ കഴിച്ചുകൂട്ടിയതിനുശേഷമുള്ള എൻെറ ഉരുക്കു ഹൃദയംപോലും ചൊട്ടിപ്പിളരുന്നതായി എനിക്കു തോന്നി. കത്തിയെരിഞ്ഞുകൊണ്ടിരുന്ന ആ ഹിപ്പിത്തരുണിയുടെ ശരീരം എനിക്കധികനേരം നോക്കിനില്ക്കാൻ കഴിഞ്ഞില്ല. എൻെറ നയനങ്ങൾ വഴിഞ്ഞു. ശരീരം വിണ്ടുകീറുന്നപോലെ എനിക്കു തോന്നി. കനഡക്കാരുടെ സഹതാപം സമ്പാദിച്ചെടുക്കാൻ വിയററ്കോങ്ങ്നേതൃത്വം തിരഞ്ഞെടുത്തയച്ച ഒരു വ്യക്തിയാണെന്ന കാര്യംപോലും ഞാനങ്ങു മറന്നുപോയി.

എൻെറ അന്തരാത്മാവു് നിലവിളിക്കുണ്ടായിരുന്നു...

"മിസ്ററർ ഭീയൻ...! മിസ്ററർ ഭീയൻ..."

അശ്രുപൂരിതമായിരുന്ന എൻെറ നേത്രങ്ങൾ ഉണ്ടുണ്ടിവന്നു. പെട്ടെന്നു് പുറത്തുനിന്നു് ഏതോ ആരോ വിളിക്കുന്നതു കേട്ടു. ഞാൻ വാതിൽ തുറക്കാതെ ജനൽപ്പാളിയിലൂടെ താഴെ നോക്കി. കനഡിയൻ മൌണ്ടഡ്പോലീസ്സും, ററുയർന്ന പോലീസ്സുദ്യോഗസ്ഥന്മാരും എന്നെയും പ്രതീക്ഷിച്ചു്, തഴെ കൂട്ടംചേർന്നു നില്ക്കുന്നു.

—0—

ഫ്രീഡം ദൈവാരിക

ഗ്രഡ്ഷെഡ് റോഡ്,

തലശ്ശേരി.

കളരിയഭ്യാസത്തിൻെറ നാട്ടിൽ നിന്നും ഒരു സാഹിത്യവിതരണം. ശ്രദ്ധേയമായ നോവലുകൾ, കഥകൾ, കവിതകൾ, എസ്റ്റാബ്ളിഷ്മെൻറുകളോടു സന്ധിയില്ലാ സമരം, സിനിമ-സാഹിത്യനിരൂപണങ്ങൾ; സ്ത്രീകൾക്കുഫാഷൻ, സൗന്ദര്യം. മാനസിക പ്രശ്നങ്ങൾക്കു വസ്തുനിഷ്ഠമായ പരിഹാരങ്ങൾ.

കേരളത്തിനകത്തും പുറത്തും ഏജൻസി ആവശ്യമുണ്ടു്;

വ്യവസ്ഥകൾക്കു് എഴുതുക:

മാനേജർ,

ഫ്രീഡം ദൈവാരിക

തലശ്ശേരി.

മുപ്പത്തിയേഴ്

വൃദ്ധനായ ശേഷയ്യന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

അതു ദയനീയമായ ഒരു പരാജയകഥയായിരുന്നു. ഒരു വരിയിൽ എഴുതിത്തീരാവുന്ന കഥ. ശേഷയ്യൻ കൊടുത്ത ചെലവിലൊരുമൊന്നും ചിരിഞ്ഞുകിട്ടിയില്ല. എല്ലാം കിട്ടാക്കടമായിത്തീർന്നു.

ഗദ്ഗദത്തോടെ ശേഷയ്യൻ പറഞ്ഞു നിർത്തി.

"അയ്യപ്പസ്വാമിയുടെ വലിയ അടുക്കളയിൽ എല്ലാവർക്കും പച്ചരികൊടുത്തുകഴിഞ്ഞു് മിച്ചംകിടക്കുന്ന ചോറു തുണ്ടുവാരി കൊണ്ടുവന്ന ഈ മരം കഴിയുന്ന കിട്ടുശ്ശാരെ."

കിട്ടുശ്ശാർ മനസ്സുംനിറഞ്ഞു നില്ക്കയാണ്. ഈ പറഞ്ഞതൊന്നും കിട്ടുശ്ശാരുടെ ചെവിക്കുള്ളിലേക്കു കടന്നില്ല.

കുടുംബത്തിന്റെ മാനം തകർന്നു. വെകിടി ഒരു തുണി കൊച്ചുനാണിക്കു കൊടുത്താൽ മാനം രക്ഷിച്ചു.

ഇട്ടുണ്ണാന്റെ ആദ്യത്തെ ഭാര്യ മണ്ണിന്റെ കൊച്ചുപാപ്പിയായിരുന്നു. കൊച്ചുപാപ്പി കണ്ണിൽകൊള്ളാവുന്നവളായിരുന്നു. കൊച്ചുപാപ്പിക്ക് ഇട്ടുണ്ണാനെ ഇഷ്ടപ്പെട്ടില്ല. രാത്രിയിൽ അത്താഴം ഊണുകഴിഞ്ഞു് ഒരുനാൾ ഇട്ടുണ്ണാൻ ചെന്നപ്പോൾ കൊച്ചുപാപ്പി കതകുതുറന്നില്ല. ഇട്ടുണ്ണാൻ പലപ്രാവശ്യംമുട്ടിവിളിച്ചു. അവൾ വിളികേട്ടില്ല. കതകുതാക്കെ എടുത്തു ഇട്ടുണ്ണാൻ കതകിന് ഒരു തൊഴിതൊഴിച്ചു. ചുഴക്കുറ്റികളിൽപിടിപ്പിച്ച ആ കതകുകൾ അനങ്ങിയില്ല. ആ പൂട്ടയാക്കെ ഒന്നു കുലുങ്ങിയിരിക്കാം.

അവൾക്കു പുടവകൊടുത്തു, അവൾക്ക് അയാളെ വേണ്ടെന്നുതോന്നി. നാട്ടിൽ പിന്നെയും പെണ്ണുങ്ങളില്ലേ? മറിച്ചു് ആണിനു പെണ്ണിനെ വേണ്ടെന്നു തോന്നി. നാട്ടിൽ ആണില്ലാതായോ? അങ്ങിനെയല്ലല്ലോ് ഇത്തരം കാര്യങ്ങൾക്കാണേണ്ടതു്.

ഇട്ടുണ്ണാന്റെ ഉള്ളു് ആളിക്കത്തുകയായിരുന്നു. കുഞ്ഞൻപിള്ളയും കർത്താവും പലതും പറഞ്ഞുനോക്കി, ഇട്ടുണ്ണാൻ അടങ്ങിയില്ല.

ഇട്ടുണ്ണാൻ പറഞ്ഞു:

"ഞാൻ അവളെ കൊല്ലും."

ഒരുവൾ കതകുതുറന്നില്ലെന്നുവച്ചു ഇത്രവാശിവരേണ്ട കാര്യമുണ്ടോ?

ആ വെട്ടുപോത്തു് അതു ചെയ്യുകയും,

ഇട്ടുണ്ണാനോടു കർത്താവു പറഞ്ഞു:

"എടോ ഇതെല്ലാം നാട്ടിൽ നടന്നുവരുന്ന കാര്യമാ."

ഇട്ടുണ്ണാൻ പറഞ്ഞു:

"അതു പാടില്ല. നാട്ടിലങ്ങിനെ നടക്കാൻ പാടില്ല."

കുഞ്ഞൻപിള്ളയും കർത്താവും പൊട്ടിച്ചിരിച്ചുപോയി. അതെങ്ങിനെ നടക്കാൻ പാടില്ലാത്ത കാര്യമാകും?

"കതകുതിക്ക്" അവൾക്കു പുടവകൊടുത്ത ആളെ വേണ്ടെങ്കിൽ, പിന്നെന്തിനാണോ അവരു അച്ചീം നായരുമായിട്ടിരിക്കുന്നു?"

ഇട്ടുണ്ണാന്റ് ഉത്തരംമുട്ടിയ മട്ടാണ്. പ



ക്ഷേ, അയാളുടെ ഉള്ളിൽ ഉത്തരം നിറഞ്ഞുനില്ക്കയാണ്, അതിനു രൂപം ഉണ്ടാകുന്നില്ലെന്നേയുള്ളു.

"എന്നാലു് ഈ പെണ്ണുങ്ങൾക്ക് അതു് നേരത്തേ അങ്ങു കഴുവേറാറുതോ?"

"അതും തൊള്ളാം. തനിക്കു പിരാന്തു പിരിച്ചോടോ? പെണ്ണുങ്ങളു കാമണവന്നാ പറയുന്നതു നിഷേധിക്കണം എന്നാണോ താൻ പറയുന്നതു്? നന്നായിപ്പോയി. കുഞ്ഞൻപിള്ളയാണു ചോദിച്ചതു്. ഇട്ടുണ്ണാന്റെ ഉള്ളിലിരിപ്പിനു തുള്ളും ഞ്ഞ്യവും മുളച്ചു. അയാൾ ചോദിച്ചു:

"ഒരു തറവാട്ടിലെ പെണ്ണ് അവക്കു പൊടവകൊടുക്കാൻ ആലോചനവന്നാലു്, അയാളു വേണ്ടെന്നുപറഞ്ഞാലു് അതു കാരണോന്നാക്ക് അങ്ങു കേട്ടാലെന്താ?"

സഭ്യകാരണവന്മാരോടുമെന്നപോലെ ഒരു ചോദ്യമായിരുന്നതു്.

കർത്താവു തലകുലുക്കുന്നു.

"ഇക്കണക്കിനു താൻ പറയുമല്ലോ അന്നന്നവരു പെൺപിള്ളാരു നേരെനിന്നു കണക്കു ചോദിച്ചാലെന്തുണ്ടെന്നു്."

ഇട്ടുണ്ണാൻ ചോദിച്ചു:

"ഞാ, ചോദിച്ചാലെന്താ?"

പല്ലുകടിച്ചുകൊണ്ടു് ഇട്ടുണ്ണാൻ അമറി:

"പുവേകൊടുത്താലു് അവളു ചാകുവരെ അവന്റെ ആയിരിക്കണം. അതായിരിക്കണം മുറ."

മറിച്ചു് അവൻ അവളുടെ ആയിരിക്കണമെന്നുണ്ടോ എന്നു കുഞ്ഞൻപിള്ള ചോദിച്ചില്ല. കർത്താവും ചോദിച്ചില്ല. അവർ പരസ്പരം നോക്കി ഇരുന്നുപോയി. പ്രതിമകളെപ്പോലെ.

പക്ഷേ, അതുതന്നെ ഇട്ടുണ്ണാൻ പറഞ്ഞു:

"പൊടവകൊടുക്കുന്നവൻ അവളുടേം ആയിരിക്കണം, അവനും അവളു ഇട്ടേച്ചുപൊയ്ക്കളഞ്ഞാ."

എന്തൊക്കെ വകതിരിവുകേടാണ് ഇട്ടുണ്ണാൻ പറയുന്നതു്! തലചുറ്റിവെളുത്ത ഒരു പെണ്ണു കൈവിട്ടുപോയതിനു ഇത്രയേറെ നാട്ടുനടപ്പിനെ തള്ളിപ്പറയാനുണ്ടോ? സംബന്ധത്തിന്റെ ഉദ്ദേശം തറവാട്ടിൽ സന്തതിയുണ്ടാവുകയെന്നാണ്, പണ്ടിനാലെ അതാണ്. ഭാര്യയും ഭർത്താവും ഒന്നായി കഴിയുക എന്നല്ല.

ഇട്ടുണ്ണാൻ പറഞ്ഞു:

"ഒരു നെറീം മുറേം വേണം."

❋

കൊച്ചുനാണിയോടു ഇട്ടുണ്ണാൻ പറഞ്ഞു:

"ഞാൻ നെറീം മുറേം ഉള്ളവനാ."

കൊച്ചുനാണിക്ക് അതു വിശ്വാസമാണ്. പക്ഷേ, പള്ളിച്ചാൻ സ്വരൂപക്കാരിക്കു മുണ്ടുകൊടുത്തുള്ളു നടപ്പില്ല. സ്വരൂപക്കാരൻ കഞ്ഞു എങ്ങിനെ പള്ളിച്ചാനെ 'അച്ഛാ' എന്നു വിളിക്കും?

വർഗ്ഗവ്യത്യാസമുണ്ട് അവരെയല്ലാം.

ഇട്ടുണ്ണാൻ ചോദിച്ചു:

"നീ ഏതൊരുക്കുടെ എന്റെ വീട്ടിലേക്കു വരുന്നോ?"

കൊച്ചുനാണി ഞെട്ടിപ്പോയി. നാട്ടിൽ നടപ്പില്ലാത്ത കാര്യമാണതു്. അമ്മാവിയായി ഭർത്താവിന്റെ വീട്ടിൽപോയി താമസിക്കാം, ഭർത്താവു മേൽജാതിക്കാരനായിരിക്കണം.

ഇട്ടുണ്ണാന്റെ വീട്ടിലേക്കു പോയാൽ, പിന്നെ കൊച്ചുനാണി അവളുടെ വീട്ടിലേക്കു മടങ്ങിവരുന്നതെങ്ങിനെ?

★

കൊച്ചുനാണി നാരിനോടു പറഞ്ഞു:

"ഞാൻ സ്നേഹിച്ചവന്റെകൂടെ ഇറങ്ങിപ്പോണു."

അച്ഛനെക്കുറിച്ചു പരാമർശമുണ്ടാകുന്നില്ല. സംസാരം അമ്മാവനെക്കുറിച്ചാണ്. ഉമ്മാൻ തന്നെയല്ലേ അമ്മാവനാണ്! അപ്പോൾ അച്ഛൻവേണ്ട.

അമ്മയുടെ മടിയിൽ തലചായ്ച്ചു കിടന്നു് അമ്മയുടെ മുഖത്തു നോക്കി കേശവൻ കല്യാണിഅമ്മയോടു ചോദിച്ചു.

"അമ്മേ, അച്ഛനെ എവിടെ ചെന്നാലേ കാണാം?"

"അങ്ങു തിരുവനന്തപുരത്തു്."

നോവൽ: തകഴി

പലതും പലതുമ്മും കൂടി വർത്തമാനം പറയുന്നതിനിടയിൽ ക്ലാസ്സിപ്പേരു കൊച്ചുപിള്ളയെക്കുറിച്ചു പറയുന്നതു കേശവൻ കേട്ടിട്ടുണ്ട്. അദ്ദേഹം നല്ലവനായിരുന്നു. മനോഗുണംപോലെതന്നെ രൂപഗുണവും ഒത്തിരുന്നു. പലപല വീട്ടുകാർക്കു കുഞ്ഞിക്കണ്ണനെ നിജപ്പെടുത്തി കൊടുത്തിട്ടുണ്ട്. നല്ലനല്ല മാർക്കുകളാണു ക്ലാസ്സിപ്പേരെക്കുറിച്ചു നാട്ടിലുള്ളതു്.

ക്ലാസ്സ്പേരെ കണ്ടില്ലാത്ത ആളോടു കണ്ടിട്ടുള്ള മട്ടാൽ പറയുന്നതു കേശവൻ കേട്ടു.

"ആരും എങ്ങിനെയിരിക്കട്ടെന്നു വേണമെങ്കിൽ പറയാം. ശീലാന്തിപ്പിള്ളയിൽ കേശവൻ ആരും കൊള്ളാത്തിരിക്കുവോ."

ചിലരെല്ലാം മിണ്ടാതെ കേശവനെ നോക്കി ആശ്ചര്യത്തോടു ചോദിക്കുമായിരുന്നു.

"എന്താ കൊച്ചുകൊച്ചു പിള്ള ഏതാന്നേ?"

★

ശേഷയ്യനെ അച്ഛനെന്നു വിളിക്കാൻ ബന്ധുസ്ഥരായ ചില പിള്ളർ നാട്ടിലുണ്ട്. അതിൽ ഒരാളായിരുന്നു കൊച്ചുരാമൻ.

കൊച്ചുരാമനും കേശവനും മത്തിച്ചാണ്ണ പള്ളിക്കൂടത്തിൽ ചേർന്നു്.

അമ്പലത്തിലെ വലിയ അടുക്കളയുടെ വാതിൽക്കൽ ചെന്നു് അണക്കേഴത്തു നില്ക്കുന്ന വലിയ ശക്തിച്ചിമാവിന്റെ ചുവട്ടിലേയ്ക്കു പോകാൻ.

കേശവനും കൊച്ചുരാമനും പരസ്പരം തോളിൽ കയ്യിട്ടുപോവുകയായിരുന്നു. ശേഷയ്യൻ വാതിൽക്കലിരുന്നു പാക്കു വെട്ടുന്നു.

ഉമ്പോരിക്കൽ കേശവനോടു കൊച്ചുരാമൻ പറഞ്ഞിട്ടുണ്ട്, അമ്പലത്തിലെ ചോറുപടയ്ക്കുന്ന സ്വാമിയാണ് അവന്റെ അച്ഛനെന്നു്. അതങ്ങു പറഞ്ഞു പോയതാണ്! അച്ഛനോടുള്ള അടുപ്പം കൊണ്ടല്ല! ചുമ്മാ പറഞ്ഞു.

കൊച്ചുരാമനെ ശേഷയ്യനും ശേഷയ്യൻ കൊച്ചുരാമനേയും കണ്ടു. കണ്ടെങ്കിലെന്താണ്? കൊച്ചുരാമൻ മാഞ്ചുവട്ടിലേയ്ക്കു നടന്നുപോയി. സ്വാമി പാക്കു വെട്ടിക്കൊണ്ടുമിരുന്നു.

അവർക്കു തമ്മിൽ ഒരു ബന്ധവുമില്ല. അങ്ങിനെയല്ല ആൾക്കു തോന്നുകയുള്ളു. സത്യമെന്തെന്നോ? അച്ഛനും മക്കളും എന്ന കാര്യത്തിൽ സത്യം നോക്കണ്ട. പ്രകൃതി നിർദ്ദേശിച്ചിട്ടില്ല.

കൊച്ചുരാമൻ കറുകറാ കറുത്തതാണ്. ശേഷയ്യൻ ഇത്തിരിവെളുത്തതാണ്. ക്ലാസ്സിപ്പേരുകൊച്ചുപിള്ള കൊച്ചായിരിക്കുകയാണ്! കേശവനെങ്കിൽ—ശേഷയ്യൻ കൊച്ചായിരിക്കുക ആയിരിക്കണം കൊച്ചുരാമൻ. അങ്ങിനെയല്ല.

കൊച്ചുരാമന്റെ അച്ഛൻ ആരാണാലെന്ത്? കേശവന്റെ അച്ഛൻ ആരായാലെന്ത്? സത്യം അമ്മമാത്രം. അച്ഛൻ മിഥ്യ. അതാണു പ്രകൃതി പറയുന്നതു്.

★

കേശവന്റെ ക്ലാസ്സിൽ ഒരു പെണ്ണ് പഠിക്കുന്നുണ്ട്. ആകെക്കൂടി ആ പള്ളിക്കൂടത്തിൽ ഒരു പെണ്ണു പഠിക്കുന്നുള്ളു.

അവളുടെ പേർ കൊച്ചുതേവിയെന്നാണ്. വീട്ടുപേർ കട്ടക്കാരൻ.

ഉച്ചിയിൽ തലമുടി തുത്തുകെട്ടിവച്ച്, കഴുത്തിൽ ചുമന്ന നൂലിൽ കഴുവച്ച അരപ്പവനുമിട്ടു കരുകിൻചൊട്ടു കമ്പളവുമുടുത്തു, കാതു വളരാൻ മരക്കൊരുമിട്ടു ക്ലാസ്സിൽ ഒരു പെണ്ണുവന്നു.

വെള്ളി അരഞ്ഞാണവും പട്ടുകോണകവുമുടുത്തു കേശവൻ ക്ലാസ്സിൽ ചേർന്നപ്പോൾ കൊച്ചുരാമനും ഭാതുവും അല്ലാക്കുചട്ടയും അരയിൽ കെട്ടി വെള്ളക്കോണകമുടുത്തിരുന്നു.

കുട്ടികളെല്ലാം പള്ളിക്കൂടത്തിൽ ചേർന്നതന്നുതന്നെ സുബ്ബയ്യൻ പ്രഖ്യാപിച്ചു.

"ഇന്നു പള്ളിക്കൂടമില്ല. നാളെ എല്ലാവരും തോർത്തുടുത്തുകൊണ്ടു വരണം."

പിറ്റേന്നു കേശവനും കൊച്ചുതേവിയും മാത്രം പള്ളിക്കൂടത്തിൽ വന്നു. മററാരും വന്നില്ല. കേശവൻ കസവുള്ള മഞ്ഞമുണ്ടാണ് ഉടുത്തു വന്നതു്, എല്ലാ രാണത്തിനും കല്യാണിഅമ്മ മകന് ഒരു കസവുള്ള മഞ്ഞമുണ്ടു വാങ്ങിക്കും. കഴിഞ്ഞ രാണത്തിന് അമ്പലപ്പുഴ തട്ടുപുഴയിൽ മഠത്തിൽ ശ്രീപ്പയ്യന്റെ ചരക്കുകടയിൽനിന്നു വാങ്ങിയ മഞ്ഞമുണ്ടായിരുന്നതു്.

കൊച്ചുതേവി ഒരു ചെറിയ ചുട്ടിപ്പട്ടവയുടെ പകുതിയാണ് ഉടുത്തിരുന്നതു്. അതു് അവളുടെ അമ്മയുടെ ചെറിയ ചുട്ടിപ്പട്ടവയുടെ പകുതിയാണ്.

★

കൊച്ചുതേവിയുടെ കൂട്ടിനുവേണ്ടി ഒരു മത്സരമുണ്ടായിരുന്നു.

കേശവനു മാത്രമായി കൊച്ചുതേവിയുടെ കൂട്ടുവേണം. കൊച്ചുരാമനു മാത്രമായി കൊച്ചുതേവിയുടെ കൂട്ടുവേണം. അതാണു മത്സരം.

"ഇനിയും നിങ്ങൾ പുറത്തുപോയിട്ടു വരിൻ!"

കുറേനേരം പഠിപ്പിച്ചുകഴിഞ്ഞു സുബ്ബയ്യൻസാർ ഇങ്ങിനെ പറയും.

അതു വെളിക്കുവിട്ടുന്ന സമയമാണ്. അപ്പോൾ മൂത്രം ഒഴിക്കണം. പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ഒരുവനു "എനിക്കു പോകണം സാർ" എന്നു പറഞ്ഞുകൂടാ. അതാണ് മുറ. അതിനാണു സാർ പുറത്തു പോകാൻ പിള്ളരെ അനുവദിക്കുന്നതു്.

കൊച്ചുതേവിയുമായുള്ള കേശവൻ പോകണം. കൊച്ചുരാമനും അതുതന്നെ വേണം. അപ്പോളുടെ ഒരുദിവസം കൊച്ചുരാമൻ പിടിച്ചുവലിച്ചു. മറുകൈയിൽ കേശവനും. കൊച്ചുതേവി കരഞ്ഞുപോയി. അവൾക്കു തൊന്നു. അല്ലേ, ഒന്നു് ആൺപിള്ളർ ഓരോ കൈയ്ക്കും പിടിച്ചുവലിച്ചാൽ എന്തുചെയ്യും? നോവുകയില്ലേ?

ആയം കൂട്ടുതൽ കൊച്ചുരാമന്റെ പിടിക്കായിരുന്നു. ആ വശത്തേയ്ക്കു കൊച്ചുതേവി ചരിഞ്ഞുപോയി.

നൊമ്പരംകൊണ്ടാവാം കൊച്ചുതേവി കൊച്ചുരാമന്റെ കൊഞ്ഞനംകുത്തി.

അങ്ങിനെ അല്ലായിരിക്കാം ഒരു പെണ്ണിനെ പിടിക്കേണ്ടതു്; കൊച്ചുരാമനു പെണ്ണിനെ പിടിക്കാൻ അറിഞ്ഞുകൂടാ.

കൊച്ചുരാമൻ നില്ലേ അവൾ കേശവന്റെ തോളിൽ കൈയിട്ടുകൊണ്ടു നടന്നു. കൊച്ചുരാമനു തോന്നി കൊച്ചുതേവി പിണങ്ങിയതന്നു്.

★

കേശവന്റെ ഏററവും അടുത്തകൂട്ടു കൊച്ചുതേവിയായിരുന്നു. അവർ ഒരുപാടൊരുപാടു കാര്യങ്ങൾ പറഞ്ഞു. പറഞ്ഞിട്ടും പറഞ്ഞിട്ടും പറയാനുള്ളതു തീരുന്നില്ല.

കൊച്ചുതേവിക്കു അച്ഛനുണ്ട്. പേർ മുഞ്ഞനാട്ടു കൊച്ചെക്കനായർ എന്നാണ്. രാത്രിയിൽ കിഴക്കുനിന്നും ചുട്ടുകററ മിന്നിമിന്നിവരുന്നതു കൊച്ചുതേവി നോക്കിയിരിക്കും, തിന്നുയിലിരുന്നു്. അവളുടെ അച്ഛൻ അങ്ങിനെയാണുവരുന്നതു്; കത്തിച്ച ചുട്ടും തെളിച്ചു്.

പഴമോ ശർക്കരയുണ്ടയോ എന്തെങ്കിലും തിന്നാനുള്ളവക അവളുടെ അച്ഛൻ കൊണ്ടുവരും. കൊച്ചുകുട്ടിനായതിക്കു് അങ്ങിനെ ഒരു വ്യത്യാസമുണ്ട്,

എന്നും മക്കളുടെ അടുത്തുവരുന്ന അച്ഛന്മാരുണ്ട്. ഒരിക്കലും വരാത്ത അച്ഛന്മാരുമുണ്ട്. വല്ലപ്പോഴും വരുന്ന അച്ഛന്മാരുമുണ്ട്, അച്ഛനെക്കുറിച്ചു് എന്തെങ്കിലും പറയാനുണ്ടോ? അതുകൊണ്ടു് കേശവൻ പറഞ്ഞു.

"എന്റെ അച്ഛൻ അങ്ങനെ തിരുവനന്തപുരത്താ."

മലയാളനാട്ടു്
വാരിക

മേയ്മാസംമുതൽ പുതുക്കിയ
വരിസംഖ്യനിരക്കു്

ഒരു വർഷത്തേക്കു്	23–00
ആറുമാസത്തേക്കു്	11–50
ഒററപ്രതി	0–40

വിദേശങ്ങളിൽ അയയ്ക്കുന്നതിനു് വരിസംഖ്യനിരക്കിൽനിന്നും പോസ്റ്റേജ് കൂട്ടുതലായിരിക്കുന്നതാണ്.

മാനേജർ.

അതൊരു അന്തസ്സാണ്. കൊച്ചുതേവിയുടെ അന്തസ്സ്. അവളുടെ അച്ഛൻ അടുത്തതാണെന്നുള്ളതാണ്.

കല്യാണിഅമ്മ മകനോടു പള്ളിക്കൂടത്തിലെ വിശേഷങ്ങൾ എന്നും ചോദിക്കും,

എന്തെല്ലാം പഠിച്ചു?

പഠിച്ചതെല്ലാം എഴുതികേൾപ്പിക്കണം.

പഠിച്ചതെല്ലാം ചൊല്ലി കേൾപ്പിക്കണം.

കൂട്ടുതൽ പഠിപ്പിക്കും. അവനെക്കൊണ്ടു ചൊല്ലിക്കും.

ഒരു പുതിയ വിശേഷമുണ്ട്. സാർ ചോദ്യങ്ങൾ ചോദിക്കും. ആരോടാണോ ചോദ്യം ചോദിക്കുന്നതു്, ആ കുട്ടി ഉത്തരം പറയണം.

"അമ്മേ, ഇന്നു ഞാൻ എല്ലാ ചോദ്യത്തിനും ഉത്തരം പറഞ്ഞു. സാർ മിടുക്കനെന്നു പറഞ്ഞു."

അമ്മ മകനെ ഉമ്മകൊണ്ടുമൂടി, അല്ലാതെന്താണ് ഒരമ്മ ചെയ്യുക? ഒന്നുമില്ല. മകന്റെ മിടുക്കുകാണുമ്പോൾ അമ്മയ്ക്കു നൽകാൻകഴിയുന്നതു് ഉമ്മമാത്രം.

"കൊച്ചുതേവി ഒരു ചോദ്യത്തിനും ഉത്തരം പറഞ്ഞില്ല."

"ആരാ മോനേ കൊച്ചുതേവി?"

കേശവൻ പറഞ്ഞു;

"എന്റെ കൂട്ടുകാരി."

കേശവന്റെ മുഖം പ്രകാശിക്കുന്നതായി കല്യാണിഅമ്മയ്ക്കു തോന്നി.

(തുടരും)

—o—

ഓർക്കുന്നു. കാറിന്റെ തൊക്കത്തിൽ കവിത കേട്ടിരുന്ന, പക്ഷികളുടെ ശബ്ദത്തിൽ സംഗീതം ശ്രവിച്ചിരുന്ന കാലം നിറം മങ്ങിയതെങ്കിലും മാർമ്മയില്ലുണ്ട്.

സ്വന്തം ചരിത്രത്തിലേക്കു തിരിഞ്ഞു ധ്യാനിച്ചപ്പോൾ, പരാജയം സമ്മതിച്ചു ചതവുപററിയ ദേഹവുമായി ഫണം താഴ്ത്തി ഉറങ്ങുകയായിരുന്ന നാഗത്തെ എന്തിനുണർത്തി?

നിശ്ശബ്ദതയ്ക്കു, വീണ്ടും നോവിക്കാനോ?

ശിക്ഷണം യന്ത്രത്തിനില്ലാത്ത ഡ്രൈവർക്കുള്ളിൽ സംഗീതിച്ചുവച്ചിരുന്ന കാലം, ചെറു നിമിഷങ്ങളായി ഒഴുകിക്കൊണ്ടിരുന്ന ഒരു സായാഹ്നത്തിൽ മയക്കംവിട്ടുണർന്ന ബസ്സ്. ഇഴഞ്ഞുതുടങ്ങിയപ്പോൾ പുറത്തേയ്ക്കു യാത്രചോദിക്കുന്ന കണ്ണുകൾ...

അശ്രുകളുറഞ്ഞുനിന്ന കണ്ണുകൾ.

ആ കണ്ണുകളാണ്...

—തിരിവുകഴിഞ്ഞു. അപ്രത്യക്ഷമായപ്പോൾ ഒപ്പാട്ടിക്കൊണ്ടല്ലെങ്കിലും നെടുവീർപ്പുകളുതിർത്തുകൊണ്ടായിരുന്നില്ലേ? എന്തു കാരണം?

നഷ്ടബോധം, അർബ്ബുദമെന്നപോലെ വളരുന്നു. കൈക്കുമ്പിളിലിരുന്ന അമൂല്യമായ സമ്പാദ്യം ഇനിയൊരിക്കലും വീണ്ടെടുക്കാൻ കഴിയാത്തമാതിരി ഊർന്നുപോവുകയായിരുന്നു.

—അതിനുശേഷം എത്ര വർഷങ്ങൾ! ഈശ്വരാ!

എങ്ങനെ തുടങ്ങണം? പുനസമാഗമത്തെ പ്രതിപാദിച്ചിട്ടുള്ള കഥകൾ ഓർമ്മയിലെത്തി. ജീവിതത്തിലും—

"അമ്മ പറയാറില്ലേ, മാമൻ."

അമ്മ പരിചയപ്പെടുത്തി.

ഉൽഫുല്ലമായ മനസ്സ്മിതത്തോടെ മകൾ കൈകൂപ്പി. തുകിലിതമായ സ്വന്തം കൈകൾ ഇച്ഛയ്ക്കു വിപരീതമായി വിറച്ചതെന്തു?

യുഗതുല്യമായ ഒരു നിമിഷം. കുഞ്ഞേ, നിനക്കു നല്ലതുവരട്ടെ.

അകത്തു ചിതറിക്കിടക്കുന്ന പണ്ടെന്നോ തകർന്ന സൗധത്തിന്റെ ഓപശിഷ്ടങ്ങൾ തേടിക്കൂട്ടുമ്പോൾ, ആത്മസംതൃപ്തനായ നല്ല സ്വന്തം കഴിവുകേടിൽ ലജ്ജിതനാവുന്നു.

സാഭിമാനപൂർവ്വം കണ്ടുകൊണ്ടുകളിപ്പിക്കുന്ന അമ്മയുടെ മുഖത്ത്, മകളുടെ അത്യുഗ്രം വിടർന്ന മിഴികൾ. കുഞ്ഞേ, നിനക്കറിയുമോ അമ്മയുടെ കണ്ണീരിന്റെ അർത്ഥം?

—ഇരുപത്തിരണ്ടായാന്ന വർഷങ്ങൾക്കുമുമ്പാണ്—ഇരുപത്തിരണ്ടായാന്ന്—

അമ്പത്തിനാലുനുഴിക അകലെയുള്ള കലാലയത്തിലെ ചുവരുകൾക്കറിയാവുന്ന, കേട്ടിട്ടില്ലാത്ത തേങ്ങലുകൾ അങ്ങനെ അതിലെ മൺതരികൾക്കുമറിയാവുന്ന ഒരു കഥ.

—വിഷാദം ഉറങ്ങുന്ന മിഴികളുള്ള ഒരു പെൺകുട്ടി അവിടെ പഠിച്ചിരുന്നു. ആ കണ്ണുകളെപ്പററി സഹവിദ്യാർത്ഥിയായ ഒരു ചെറുപ്പക്കാരൻ കവിതയെഴുതി. അതിനു പ്രതിഫലമായി അവൾ അവളുടെ ഹൃദയം അവനിലർപ്പിച്ചു. അവരുടെ മതം ഒന്നായിരുന്നെങ്കിലും മററുള്ളവരുടെ കണ്ണിൽ അവർ ഭിന്നമതസ്ഥരായിരുന്നു.

"അമ്മേ, വണ്ടിവന്നു—"

ബഹളമോടിക്കുന്ന വണ്ടിയുടെ കിതപ്പടങ്ങിയില്ല. വൃദ്ധനെപ്പോലെ അമ്പരന്നുകയും മുരളുകയും ചെയ്തു. ശ്വാസം നേരെയാക്കാൻ നിമിഷങ്ങളെടുത്തു.

റിസർവ്ഡ് കമ്പാർട്ടുമെന്റിൽ മകൾ കയറി. ബാഗ് മകളെ ഏല്പിക്കുമ്പോൾ അമ്മ താക്കീതിപ്പിച്ചു!

"രചനാലുടൻ എഴുതണം—"

മകൾ അനുകൂലഭാവത്തിൽ തലകുലുക്കി. ഇരുമ്പുപാളങ്ങളിൽ ചക്രങ്ങളുരഞ്ഞു. ഇനിയും ഓടുന്നതിൽ വെല്ല പ്രതിഷേധിച്ചു നോക്കി, ഗത്യന്തരമില്ലാതായപ്പോൾ മെ

എന്റെ ആദ്യത്തെ കഥ

ശജില

നിയമമായി നിലവിളിച്ചുകൊണ്ട് വണ്ടി നീങ്ങി.

നാം ഓടേണ്ടിയിരിക്കുന്നു! ഒരിക്കൽ തളർന്നുവീഴുന്നതുവരെ. സ്വന്തമനസ്സാലെയാണോ? മനസ്സുമതത്തിനു പ്രസക്തിയില്ല. വണ്ടിയുടെ ദിനരോദനം. അപ്രതീക്ഷിതമായ ഓർമ്മയുണർന്നപ്പോൾ ഒരു കുമ്പസാരിക്കുപോലെ അയാൾ ചോദിച്ചു!

"സുഖമല്ലേ?"

വിളറിയ മന്ദസ്മിതം. അനന്തരം പതറിയ സ്വരം!

"അതെ. സുഖം."

എന്തുവച്ചാൽ? വാക്കുകൾക്ക് അർത്ഥം മാറുന്നു. ഒരു മഹാഗ്രന്ഥത്തിന്റെ ആകെത്തുക ഒരുവാക്ക് അല്ലെങ്കിൽ ഒരു ഭാവം പ്രതിനിധാനം ചെയ്യുന്നു.

"—അദ്ദേഹം?" ചോദിക്കാനുമായിത്തന്നോ?

"ഭാര്യസ്ഥാനിൽ—"

ഇടമുന്ന അസ്വസ്ഥത. ഇതല്ലെങ്കിലും ആശ്വാസം കിട്ടുവാൻ പിന്നിലേയ്ക്കു നോക്കിപ്പോകുന്നു —

ഒരുത്തിനു ചുട്ടണ്ടായ്ക്കുന്ന കാലം. ഇന്ന സിരകളിൽ ഉഷ്ണമില്ല. ഇന്ദ്രിയങ്ങളിലുഷ്ണമില്ല. ഉഷ്ണരക്തം ഒഴുകിയിരുന്ന കാലത്തു ഹൃദയം മന്ത്രിച്ചിരുന്നു! നീ എന്റെ പകുതിയാണ്. ജനിതനമങ്ങൾക്കല്ലാതെന്നോ എന്നിൽനിന്നു പോയ പകുതി. "കഥകളൊക്കെ വായിക്കാറുണ്ട്. ദുഃഖത്തിന്റെ കഥകളേ എഴുതാറുള്ളോ? ജീവിതം ദുഃഖിക്കാൻ മാത്രമുള്ളതാണോ?"

വാക്കുകൾക്ക് ഒഴുക്കുണ്ട്. പഴയ പ്രസരിപ്പിനേ ചോർച്ച വന്നിട്ടുള്ളു.

—വീർപ്പുമുട്ടലിന്റെ നിമിഷങ്ങളിൽ, വലിഞ്ഞുമുറുകിയ സ്വപ്നം വീണക്കമ്പികളിൽ വിരൽമുട്ടിപ്പോകുന്നു; ചത്തുപോകാതിരിക്കാൻ. അപ്പോൾ—

"വീട്ടിൽ കയറിയിട്ടുപോകാം. എനിക്ക് ചിലതൊക്കെ പറയാനുണ്ട്."

പോകേ? പറഞ്ഞതെല്ലാം യാഥാർത്ഥ്യമായിരുന്നോ? ജീവിതകാലം മുഴുവനും, എന്റെ ദേവന്റെ...

—ഉൾക്കനമില്ലാത്ത വാക്കുകൾ. പാലിക്കാത്ത വാഗ്ദാനങ്ങൾ. എന്റെ പൊററകൾ ദയവുചെയ്ത് ഇളക്കാതിരിക്കൂ. ഉണങ്ങിയെന്നു പ്രത്യക്ഷത്തിൽ തോന്നിച്ചിരുന്ന മുറിവുകളുണ്ടും പച്ചയാണ്; ഇരുപത്തിയൊന്നു വർഷങ്ങളായി യത്നിച്ചിട്ടും. കാലത്തിന്റെ ചികിത്സയിൽ ഉണങ്ങാത്ത മുറിവുകളില്ലെന്നു പറഞ്ഞതാരാണ്? ഒരു പക്ഷെ അങ്ങനെ പറഞ്ഞയാൾക്ക് അനുഭവമുണ്ടായിരിക്കും.

അസഹ്യതയോടെ, ഒന്നാമത്തോടെ നഷ്ടങ്ങളെ ലേക്ക കണ്ണുനട്ടുമ്പോൾ, ആശിക്കുന്നു: എനിക്കു ശക്തികിട്ടിയെങ്കിൽ! ഒക്കെ സഹിക്കാൻ, ശ്രമിയെപ്പോലെ സഹിക്കാൻ ശക്തികിട്ടിയെങ്കിൽ!

"ജോലി— ?"

"—ൽ. ഒരു പത്രമാപ്പീസിൽ."

"താമസം?"

അനന്തമായ ശ്മശാനത്തിൽ ഇതരശവകുടീരങ്ങളിൽനിന്നാററപ്പെട്ടുനില്ക്കുന്ന വാക്കേയുള്ളു ഒരു ശവകുടീരം. അന്തിയുറങ്ങാൻമാത്രം അവിടെയെത്തുന്നു. സൂര്യവെളിച്ചമെത്തുമ്പോൾ ആപ്പീസിലേക്ക്.

"—അടുത്തൊരു വാടകക്കെട്ടിടത്തിൽ—"

"ഒററയ്ക്കോ?"

"അതെ."

നിർവ്വികാരതനടിച്ച് ആ മുഖത്തുനോക്കി. കണ്ണുകളിൽ ജലം തുളുമ്പുന്നുവോ! ഇരുപത്തിയൊന്നു വർഷങ്ങൾക്കുമുമ്പത്തെ തിളക്കമാർന്ന നീലത്തടാകങ്ങൾ ഇന്നു കവിഞ്ഞൊഴുകുകയാണോ?

മിനീ, ഇത്ര ദുർബലയാകരുതു്. വല്ലവരും കണ്ടാൽ—"

ആശ്വസിപ്പിക്കാനുച്ചരിച്ച വാക്കുകൾ കടിക്കുന്നു്.

"ഞാനൊരു പാപിയാണ്—"

ഉയർന്നവരുന്ന തിരകളെ അമർത്താൻ പണിപ്പെടുന്ന കടലിന്റെ ദുർബ്ബലത.

"ആരും കുററക്കാരല്ല. വിവാഹം എനിക്കു പാടില്ലായിരുന്നു, ഡോക്ടർ ഉപദേശിച്ചിട്ടാണ്—"

ശബ്ദത്തിനെന്തു പതർച്ച? നാല്പത്തിയഞ്ചു കാരി വിക്കാരത്തിന്റെ അതിമധുരരസം—

ഇതിനാണോ നാം കണ്ണുമുട്ടിയതു്? ആണോ?

മോഹശതങ്ങളുടെ കുഴിമാടങ്ങൾ ഇറക്കുന്നു്. ദയവുചെയ്ത്, ദയവുചെയ്ത്—

"പററ്, വീട്ടിലേക്കു വരില്ലേ!"

"ഞാൻ... വരണോ?"

"അത്രയ്ക്കു വെറുപ്പാണോ?"

—ഒരു സ്ഫോടനം. തേങ്ങൽ—

"മറക്കൂ!" പണിപ്പെട്ടുവരുത്തിയ മന്ദഹാസം പരാജയപ്പെട്ടു. ശ്വാസനത്തിനു തടസ്സം. "എനിക്കോ?"

തെററിയ സമനിലയ്ക്ക് വീണ്ടുകിട്ടാൻ, കഷ്ടപ്പെടിച്ച് ചുവരുകൾക്കുള്ളിൽ പറുദീസ്സ്ചമച്ച് ചുററിപ്പിണഞ്ഞു കിടന്നിരുന്ന രാവുകൾ—

അന്ധകാരത്തിനും തിരശ്ശീലവീഴുമ്പോൾ, അരങ്ങിൽനിന്നു പിരിയുമ്പോൾ, മാരോടുമന്ത്രരോടും പറഞ്ഞു: മറക്കാനല്ല, സ്നേഹിക്കാനാണ് നാം ഒന്നിക്കുന്നതു്.

നീലച്ചായം പൂശിയ ഒഗയിററു ഇറക്കുമ്പോൾ വീണ്ടും ക്ഷണം: "വരൂ."

പകച്ചുനോക്കി. നഗരത്തിനിങ്ങനെ ഒരുവേശ്യവരുണ്ടെന്നറിയുന്നതു നാണക്കേടാണ്. തികച്ചും അപരിചിതരായ സ്ഥലം. എവിടെയും അപരിചിതനായിരുന്നു. ഒററയ്ക്ക്, കടപ്പാടില്ലാതെ, ലക്ഷ്യമില്ലാതെ, സ്വയം നഷ്ടപ്പെട്ടത്തി ജീവിച്ചു.

വസ്തുതിയുടെ ലോകത്തു്, നഷ്ടങ്ങൾ മറന്ന് സ്വപ്നങ്ങളില്ലാത്ത നിദ്രയ്ക്കു വശഗനായെന്ന ധാരണ തെററിക്കിട്ടിയ സമ്പാദ്യവുമായി, സ്വയം കുഴിച്ചു കുഴിയിലിറങ്ങി രക്ഷപ്പെട്ടെന്ന ആശ്വാസത്താൽ ഉറങ്ങുകയായിരുന്നപ്പോൾ, ശ്മശാനത്തിൽ കറുത്ത നിശീഥിനി പോലെ നഷ്ടപ്പെട്ടറങ്ങിയനേരം അതാ ലെ വൃക്ഷങ്ങളുടെ ഒന്നിൽ ചേക്കേറിയിരുന്ന പക്ഷി, നീ എന്റെ നന്ദിയെ വിഷ്ണപ്പെടുത്തി. നിന്റെ സ്വപ്നം ഏതെന്നു ഉണർത്തി—

സ്ഥലമെങ്ങനെ?"

"സുന്ദരം—"

"പുറംപകിട്ടുമുള്ളു."

"ആയിരിക്കാം."

"അനുഭവം എന്തുപറയുന്നു?"

"ക്ഷണഭവം—" അവിടെ പദസമുദ്രം വററുന്നു. വരണ്ട സമുദ്രത്തിലേക്കു നോക്കി നെടുവീർപ്പയയ്ക്കുന്നു

സിനിമകൾ തുടുന്ന ചുവരുകളുള്ള മുറിയിൽ തടിവലിക്കുന്ന ആനയുടെ ദന്തനിർമ്മിതമായ പ്രതിമയും ഒളുങ്ങൾകൊഴിഞ്ഞുതുടങ്ങിയ ഫ്ളവർവേയിസും വഹിക്കുന്ന മേശയ്ക്കുമുന്നിൽ ഉറങ്ങുകയായിരുന്ന ചുരൽക്കസേര ചുണ്ടി ആതിഥേയ പറഞ്ഞു: "ഇരിക്കൂ."

—അർഹതയില്ലാത്ത ഒരിടത്തെത്തിയ പോലെ അയാൾ പരുങ്ങി.

"ഇപ്പോൾ വരാം."

വാതിൽമറവു കടന്ന് ആതിഥേയ അന്തർധാനംചെയ്തപ്പോൾ ആശ്വാസിക്കുന്നു. കൈയെത്തി, ജാലകമറനീക്കി പുറത്തേക്കു കണ്ണുകളിഴച്ചു. ആകാശത്തിന്റെ അനന്തതയിൽ മേഘക്കീറുകൾ ഗതികിട്ടാതലയുന്ന ഗോചരീവീക്ഷണമ്പോൾ...

ആട്ടോഗ്രാഫിൻ ഇളംനീലത്താളിൽ തുടിക്കുന്ന അക്ഷരങ്ങൾ:

—ജീവിതം ചിലപ്പോൾ പൊട്ടിച്ചിരിക്കുകയും പൊട്ടിക്കരയുകയും ചെയ്യുന്നു, എന്നാൽ അവിടെയെല്ലാം മാനുഷശക്തി ജാതിഭേദമില്ലാതെ, കാലഭേദമില്ലാതെ...

"ഒററയ്ക്കിരുന്നു മുഷിഞ്ഞോ?"

"എവിടെയും ഒററയ്ക്കാണിരുന്നു—"

സൗഹൃദസ്വരം തകരുന്നു. മോചനംപ്രാപിച്ച ജലത്തിന്റെ ഒഴുക്ക്—

പാവനതയ്ക്കുന്നു.

ആവിപറക്കുന്ന ചായ ഊതിക്കുടിക്കുമ്പോൾ മനസ്സം ഖനീഭവിക്കുന്നു. വാക്കുകളുടെ ശേഖരം ഒഴിഞ്ഞുകിടക്കുന്നു.

ഗ്ലാസ്സ് മേശപ്പുറത്തുവച്ചു. ഒക്ഷരപ്പെടാനുള്ള വ്യഗ്രത സഹായത്തിനെത്തി "പോട്ടെ."

ചതവുപററിയ ഇഴജീവിയുടെ ദൈന്യമായ നടപ്പ്, ഭാഷയുടെ പരിമിതിയെ അനുസ്മരിപ്പിക്കുന്ന ഈ നോട്ടം. സ്യൂട്ട്കേസിലെടുത്തു പുറത്തിറങ്ങി! നടക്കുമ്പോൾ സ്വരത്തിനു സങ്കോചംവരാത്ത രീതിയിൽ പറഞ്ഞൊപ്പിച്ചു:

"ഇനിയും കാണാം—"

ഒപ്പം അരിലക്ഷിച്ചു: "ജനിക്കലും കാണാതിരുന്നെങ്കിൽ, ഈശ്വരാ!"

— 0 —

വരൻ അപ്രത്യക്ഷനായി

കാരണം പൊന്തിയ പല്ലുകൾ,

പൊന്തിയ പല്ലുകളെ താഴ്ത്തികൊടുക്കുന്നു,

സമയം — 6 മാസം; സന്ദർശനം — മാസത്തിൽ ഒരിക്കൽ;

ചാർജ്ജ്—100 രൂപ;

സമീപിക്കുക:—

പുള്ളോലിക്കൽ ഇലക്ട്രോ ഡെന്റൽ ക്ലിനിക്ക്

സുൽത്താൻപേട്ട; പാലക്കാട്-1;

സാഹിത്യവിചാരഫലം

(19-ൾനിന്നു തുടർച്ച)

മാവവും ഇങ്ങനെത്തിൽ ആയിക്കൂടെന്നില്ല. പക്ഷേ, ഇതു കാണുമ്പോൾ നാം അത്ഭുതപ്പെട്ടുപോകും. ഇതുകൂടി ഇവിടെ എഴുതിയതു മലയാളനാട്ടിൽ കമാരിചന്ദ്രിക എഴുതിയ "പിരിയുന്ന പാതകൾ" എന്ന ചെറുകഥ വായിച്ചതിനാലാണ്. അഹല്യ, കന്നിര, കളമ്പടിയൊച്ച, സ്വപ്നം, രഥം, മേഘം എന്നിങ്ങനെയുള്ള റൊമാന്റിക് മാജനങ്ങൾ നീട്ടിപ്പിടിച്ചുകൊണ്ടു ചന്ദ്രിക, കുറെക്കാലമായി ആസ്വാദനമെന്ന നാണയം ആവശ്യപ്പെടുന്നു. പെൺകുട്ടിയല്ലേ, വിദ്യാർത്ഥിനിയല്ലേ, കൗമാരപ്രായം തികച്ചും കടന്നിട്ടില്ലാത്ത കുട്ടിയല്ലേ എന്നൊക്കെ വിചാരിച്ചു വളരെക്കാലമായി അനുവാചകർ നാണയമറിയുന്നു. അവരെക്കൊണ്ട് "ഇനി ഇല്ല" എന്നു പറയിക്കരുത് കമാരി ചന്ദ്രിക.

ആർതർമില്ലറുടെ "Death of a salesman" എന്ന നാടകം ഞാൻ വായിച്ചിട്ടു കാലം വളരെയായിക്കഴിഞ്ഞു. വില്ലി എന്ന പേരുള്ള ഒരു വിഡ്ഢിനക്കാരന്റെ കഥയാണത്. അയാൾ ജീവിതത്തിലും ബിസിനസ്സിലും തെന്നുപോലെ പരാജയപ്പെട്ടു. മകനെങ്കിലും ജീവിതത്തിൽ വിജയം വരിക്കുമെന്ന് അയാൾ വിചാരിച്ചു. അതുമുണ്ടായില്ല. മകൻ പരാജയപ്പെട്ടപ്പോൾ താൻ അവനിലൂടെ പരാജയപ്പെടുകയാണുണ്ടായതെന്നു വില്ലിക്കു തോന്നി. അയാൾ വളരെ വേഗത്തിൽ കാറോടിച്ച്, അതു തകർത്തു മരിക്കുന്നു. ദൈവയവസംയികതപ്പവും അതിന്റെ കൂടെച്ചേർന്ന ഭൗതികതപ്പവും വ്യക്തിയെ നശിപ്പിക്കുന്നതെങ്ങനെയെന്നു വ്യക്തമാക്കുകയാണു മില്ലർ. ആധ്യാത്മികമൂല്യങ്ങളെ നിഷേധിക്കുന്ന അമേരിക്കൻ സംസ്കാരത്തിന്റെ നേർക്ക് ഉപാലംഭം ചൊരിയുകയാണ് അദ്ദേഹം. "മലയാളനാട്ടി"ൽ "ഒരു ബിന്ദുവിലവസാനിക്കുന്ന രണ്ടു വഴികൾ" എന്ന ചെറുകഥയെഴുതിയ ശ്രീ. എസ്സ്. മഹാദേവൻതമ്പിയും അന്വേഷിക്കുന്നതു ഇതുതന്നെ. അദ്ദേഹത്തിന്റെ കഥ വിരിന്നമാണെന്നു മാത്രം. ശങ്കരയ്യർ ബിസിനസ്സിൽ വിജയംവരിക്കാൻവേണ്ടി പരക്കംപാഞ്ഞു. മേലുദ്യോഗസ്ഥനെ കാണാൻ കാറിൽ പാഞ്ഞുപോകുമ്പോൾ 213-ാം നമ്പർക്കുറ്റിക്കടുത്തു വൃക്ഷത്തിൽ കാറിടിച്ച് അയാൾ മരിച്ചു. ഭൗതികതപ്പത്തിന്റെ മരണം. വർഷങ്ങൾക്കുശേഷം ശങ്കരയ്യുടെ മകൻ ശ്രീനിവാസയ്യർ അച്ഛന്റെ ജോലിയിൽത്തന്നെ ഏർപ്പെട്ടു മേലുദ്യോഗസ്ഥനെ കാണാൻ ആ നമ്പർക്കുറ്റി കടന്നു പാഞ്ഞുപോയി. ആ നമ്പർക്കുറ്റിയുടെ കാഴ്ച ശ്രീനിവാസയ്യരെ ത്രസിപ്പിച്ചു. എങ്കിലും അയാൾക്ക് ആപത്തുണ്ടായില്ല. ഭൗതികതപ്പം മരിച്ചില്ലെങ്കിലും മരണത്തിനെക്കാൾ ശോചനീയമാണ് ആ അവസ്ഥയെന്നു മഹാദേവൻതമ്പി വ്യഞ്ജിപ്പിക്കുന്നു. നല്ല ആശയം.

ഹെൻട്രിമില്ലറുടെ എല്ലാ ഗ്രന്ഥങ്ങളും ഇതെഴുതുന്ന ആളിനു വായിക്കാൻ കഴിഞ്ഞിട്ടുണ്ട്. അവയിൽ ഏററവും നല്ലതു "The colossus of Maroussi" എന്ന യാത്രാവിവരണമാണ്. ഗ്രീസിന്റെ സൗന്ദര്യരേഖ ആ ഗ്രന്ഥത്തിൽ ആവിഷ്കരിച്ചിട്ടുണ്ടു മില്ലർ. അതിൽ ഒരു കൊച്ചു പെൺകുട്ടിയെ കണ്ടതിനെക്കുറിച്ച് അദ്ദേഹം പറയുന്നു. അവൾക്കു പത്തുവയസ്സു പ്രായംവരും. മില്ലർ പരമസുന്ദരികളെ കണ്ടിട്ടുണ്ട്; അവരോടു സംസാരിച്ചിട്ടുണ്ട്. പക്ഷേ, അവൾ ഉത്പാദിപ്പിച്ച "ആരാധനാമനോഭാവം" മററാരും സുന്ദരിയും ജനിപ്പിച്ചിട്ടില്ല. അവൾ ശിശുവാണ്, കന്യകയാണ്, മാലാഖയാണ്, വിമോഹകയാണ്, അനാഗതദർശിനിയാണ്, വേശ്യയാണ്, ചാരിത്രശാലിനിയാണ്, മില്ലറും കൂട്ടുകാരും കടന്നുപോയപ്പോൾ അക്രോപൊളിസിന്റെ ചുവട്ടിൽനിന്നു കളിക്കുന്ന അവൾ പുഞ്ചിരി പൊഴിച്ചു. ആ പുഞ്ചിരിയാണ് ഡാവിഡ്വി അനശ്വരമാക്കിയതു്. ഭാരതത്തിലെ വലിയ ഗുഹകളിലെ ബുദ്ധചിത്രങ്ങളിൽ അവളുടെ മന്ദസ്മിതം കാണാം. ജാവയിലെയും ബാലിയിലെയും നർത്തകികളുടെ ചുണ്ടുകളിൽ ആ പുഞ്ചിരി ദർശിക്കാം. വിധി അവളെ വീണ്ടും തന്റെ മാർഗ്ഗത്തിൽ കൊണ്ടുവന്നു വിട്ടാൽ താൻ എന്തു ബുദ്ധിമുട്ടുകൾക്കു വിധേയനായി പ്രവർത്തിക്കുമെന്ന് അറിഞ്ഞുകൂടെന്ന് ഹെൻട്രിമില്ലർ പറയുന്നു. മില്ലറുടെ ഈ മാനസികനിലയ്ക്കു സാർവജനീനസ്വഭാവമുണ്ട്. ശ്രീ. എം. ബാലകൃഷ്ണനായർ മലയാളനാട്ടിലെഴുതിയ "കവചം" എന്ന ചെറുകഥ ഈ മാനസികനിലയെ ഭംഗിയായി സ്ഫുടീകരിക്കുന്നു.

■ ■ ■

ഇരുപതാംശതകത്തിലെ മഹാനായ നോവലിസ്ററാണ് നീക്കോസ്കസാൻഷാക്കിസ് (1883–1957.) അദ്ദേഹത്തിന്റെ Odyssey a modern sequel എന്നതിനെ ജയിക്കാൻ വേറൊരു ഗ്രന്ഥമില്ല. പാബ്ലോനെറുദയുടെ Canto general ഒരുപക്ഷേ, അതിന്റെ അടുത്തെത്തിയേക്കും. കാസൻഷാക്കിസിന്റെ പ്രസിദ്ധമായ നോവലാണ് "The last Temptation of christ." ആ നോവലിനെക്കുറിച്ചുള്ള ഒരു പഠനം "ശലാക" മാസികയിൽ കാണാം. ലേഖകൻ ശ്രീ. രാജു കായിക്കരയാണ്. ലേഖകന്റെ വാക്യങ്ങൾക്കു ചാരുത പോരെങ്കിലും ഇത്തരം ലേഖനങ്ങൾ സ്വാഗതാർഹങ്ങളാണ്.

കാഴ്ചയ്ക്കു ഭംഗി കുറവാണെങ്കിലും ഉത്കൃഷ്ടമായ വാരികയാണ് "ദേശാഭിമാനി." അതിൽ (ലക്കം 50) "എഴുത്തു നിർത്തേണ്ടവരും എഴുതിത്തെളിയേണ്ടവരും" എന്ന തലക്കെട്ടിൽ ശ്രീ. കടത്തനാട്ടു നാരായണൻ ഗ്രന്ഥനിരൂപണം നിർവഹിച്ചിരിക്കുന്നു. ശ്രീ! മുട്ടത്തുവർക്കിയും ശ്രീ! കാനം ഇ. ജെയും എഴുത്തു നിറുത്തേണ്ടതാണെന്നു നാരായണൻ സൂചിപ്പിക്കുന്നു. സൂചിപ്പിക്കേണ്ട കാര്യമില്ല. ഉറക്കെത്തന്നെ അക്കാര്യം പറയാം, പക്ഷേ, അവരെപ്പോലെ എഴുത്തു നിറുത്തേണ്ട പലരും കേരളീയരെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നില്ലേ? ആ സത്യത്തിന്റെനേർക്കു നാം എന്തിനു കണ്ണടയ്ക്കുന്നു? ഈ ചോദ്യം നാരായണനോടു മാത്രമല്ല, ഞാൻ എന്നോടും ചോദിക്കുന്നു.

■ ■ ■

തികച്ചും വ്യക്തിപരമായ ഒരു കാര്യം, അതു് എഴുതുന്ന മര്യാദകേട് പ്രിയപ്പെട്ട വായനക്കാർ സദയം ക്ഷമിക്കണം. എനിക്ക് എഴുത്ത് എഴുതുന്നവർ കത്തിലും മേൽവിലാസത്തിലും പ്രൊഫസർ എന്നു ചേർക്കുന്നു. എന്റെ ജോലിയുടെ പേര് അതുതന്നെ. പക്ഷേ, ഓംബുഡുത്തിന്റെ ബില്ല് എഴുതുമ്പോൾ മാത്രമേ ഞാൻ ആ ആ ജോലിപ്പേര് വയ്ക്കാറുള്ളു. ഇല്ലെങ്കിൽ അക്കൗണ്ടന്റ് ജനറൽ ബില്ല് പാസ്സാക്കുകയില്ല. വേറൊരിടത്തും ഞാൻ പ്രൊഫസർ എന്ന് എഴുതാറില്ല. കുശലപ്രശ്നവധിക്ക് അപേക്ഷിക്കുമ്പോഴും ജോലിപ്പേര് വയ്ക്കാറില്ല. മലയാളഭാഷയിലെ എല്ലാ അക്ഷരങ്ങളും അറിയാവുന്ന എന്നെ പ്രൊഫസർ എന്നു വിളിക്കരുതെന്നു വിനയപൂർവം അപേക്ഷിക്കുന്നു. ഇതെഴുതിപ്പോയ തെററിനു വായനക്കാരോടു വീണ്ടും മാപ്പു ചോദിക്കുന്നു.

■ ■ ■

ഈശ്വരൻപോലും ഉറക്കെ സംസാരിക്കാതെ ബഹുമാനത്തോടെ മന്ത്രിക്കുക മാത്രം ചെയ്യുന്ന ഒരു മണ്ഡലമുണ്ട്. അതാണു കലയുടെ മണ്ഡലം. അവിടെ ചിലർ കടന്നുചെന്നു ബഹളംകൂട്ടുന്നു. ഈ ദുഷ്ടചരിത്രന്മാരെയും സൃഷ്ടിച്ചതു താനാണല്ലോ എന്നു വിചാരിച്ച് ഈശ്വരൻ ലജ്ജിക്കുന്നു.

പവൻമാററു സ്വർണ്ണാഭരണങ്ങൾ, വാച്ചുകൾ, ക്ലോക്കുകൾ,
ഒടെംപീസുകൾ മുതലായവ വാങ്ങുന്നതിനു്
വിശ്വസ്തസ്ഥാപനം

കെ. പ്രഭാകരൻ നായർ

ജ്യൂവലേഴ്സ് & വാച്ചുഡീലേഴ്സ്
മെയിൻറോഡ്, കൊല്ലം. Phone: 3095

ബ്രാഞ്ച്: കൃ. എസ്. റോഡ്, പുനലൂർ.

കഥ

പ്യൂൺ കുട്ടൻപിള്ളയുടെ കൊച്ചപ്പിയാശാൻ

അടുത്തുള്ള ഒരു മാസം ബാക്കിയുള്ള പ്യൂൺ കുട്ടൻപിള്ള, അടുത്തിട്ടും അടഞ്ഞുകിട്ടാത്തക്കുട്ടാക്കാരെവച്ചാലിനെപ്പോലെ പിണങ്ങിനില്ക്കുന്ന നക്ഷത്രമാർക്കു കടുതുകൾക്കിടയ്ക്കുവെച്ച് ഒരുവിധം കൂട്ടിപ്പിടിച്ചുകെട്ടി, കാലിൽത്തൂക്കിയ കോഴിയെപ്പോലെ അയിനെ തലകുത്തനെയെടുത്ത്, കോരിച്ചൊരിയുന്ന ഇടവപ്പാതിയിൽ അദ്യാംഗം കളിച്ച് ആഫീസ്തിണ്ണയ്ക്കു കയറി തുണുകത്തിപ്പിഴിഞ്ഞിട്ട് കൗപീനാഗ്രം എത്താക്കിയിട്ടുകൊണ്ട് നടന്നുകയറി വന്നു.

"മഴയെങ്ങനെയുണ്ട് കുട്ടൻപിള്ളേ?" നനഞ്ഞ മുണ്ടിന്റെ തുമ്പുകൊണ്ടും പിഴിച്ചു വീശി ഉണക്കിക്കൊണ്ടിരുന്ന ഞാൻ ചോദിച്ചു.

"എന്തെന്ന് പറയാൻ സാറേ, ഒരു മഴയുമല്ല! ഹാ!!!!!!!"

കുട്ടൻപിള്ള ഒരു തുമ്മൽ! പല്ലിന്റെ ഒരു ഒരുണ്ടുന്നുവേണം പറയാൻ. സാറനൊരു സംഭവം കേക്കണോ?"

കുട്ടൻപിള്ള എന്റെയടുക്കൽ വന്നുനിന്ന് ആ പഴയ ഏടുകളിൽ ഒന്നിന്റെ കെട്ടഴിക്കാൻ തുടങ്ങി. മുണ്ടേതാണ്? ഉണങ്ങിക്കഴിഞ്ഞതുകൊണ്ട് ഞാനതുടുത്ത് കുട്ടൻപിള്ളയ്ക്കു ചെവിമണ്ണും കൊടുത്തു.

"പണ്ട്, എന്നുവെച്ചാലു് ഇന്നലെയും മെനഞ്ഞാന്നുമൊന്നും നടന്നതല്ല. ആയിരം തിരുനാൾ മഹാരാജാവ് തിരുമനസ്സുകൊണ്ട് നാടുവണിരുന്നപ്പം, തെക്കൻതിരുവിതാംകൂറിലു് രാജാവിറവിളയെന്ന സ്ഥലത്ത് ഒരു കൊച്ചപ്പിയാശാനൊണ്ടായിരുന്നു. അന്ന് ഈ കുട്ടൻപിള്ളേടെ ഒരു വകയിലു് പോററിക്കാരണവരായിരുന്നു കൊട്ടാരത്തിലു് ചെല്ലുമെട്ടപ്പ്. "ചെല്ലും ചെല്ലോമ്പിള്ള"യെന്നു പറഞ്ഞാൽ അന്നാരും അറിയും. ഞാ! ഈ കൊച്ചപ്പിയാശാൻ ആളൊരു മഹാജ്യോസ്യനായിരുന്നു. പോരെങ്കിലു് മന്ത്രവാദി, ത്രികാലജ്ഞാനി, നമ്മളിപ്പം ഇവിടെയിരുന്നോണ്ട് മനസ്സിലു് നിരിക്കണതു് ആശാൻ ആശാന്റെ വീട്ടിലിരുന്നോണ്ട് വിളിച്ചു പറയും. വീട്ടിൽക്കേറിച്ചെന്നാലോ? "എന്തു് കുട്ടൻപിള്ളയുണ്ണാ! മററേ എടപോട്ടു സമ്പന്തിച്ചല്ലേ വന്നതെന്ന്" ചോദിക്കും! അത്ര ഭയങ്കരൻ! ഞാ. ഇനി മന്ത്രവാദത്തിലാണെങ്കിലോ? ജയിക്കാനാളില്ല. ചുട്ടിട്ട കോഴിയെ പറപ്പിക്കുന്നു. വെട്ടിയിട്ട പോത്തിനെ വെള്ളത്തിൽക്കൂടി നടത്തും.

അയ്യപ്പിന്നെ ചോദിക്കണോ? ആശാന്റെ അച്ഛനാണ്?"

"എന്ന്ക്കറിഞ്ഞുകൂട."

"ദൈവമേ! ഹയ്യോ! കേട്ടില്ലേ? ഉക്കന്റെ! നിന്നിട്ടുത്ത് സർപ്പത്തിനെ വരുത്തിട്ടൊണ്ട്. അതും തല എത്ര? അഞ്ചെ! ഇങ്ങനെ."

കുട്ടൻപിള്ള കാളിയമർദ്ദനം ഡാബ്ളോയായി ഒരുനിമിഷം നിന്നു. എന്നിട്ടു തുടർന്നു:

"അന്ന് വാൾട്ടറ് സായിപ്പ് വാൾട്ടറ് സായിപ്പ് എന്നൊരു ദ്വരയായിരുന്നു വൈസ്രായി.. ബഹുകണിശക്കാരൻ. അയ്യപ്പിന്നെ യൂറോപ്യൻ ശിക്ഷ്മേല്ക്കോ? ചോദിക്കണോ?"

"വേണ്ട."

"നമ്മുടെ സായിപ്പിനും മദാമ്മയ്ക്കും തമ്മിലൊരു ഇത്. ഇതെന്നുവെച്ചാലു് ഒരു സ്വകാര്യേർച്ചയില്ലായ്മ. സംശയം ഡവിട്ട്. കൂടെക്കൂടെ പെണക്കം. കാരണമൊണ്ട്. അക്കാലത്ത് വേറൊരു സായിപ്പ് കേണൽ ബുൾഡോസറ് നമ്മളെ മദാമ്മയെ കൂടെക്കൂടെ വിസിററു ചെയ്യുമായിരുന്നു. വാൾട്ടറ് സായിപ്പ് മുരിങ്ങിക്കപോലെ നീണ്ടുവെളുത്തിരിക്കും. എന്നാ ഈ ബുൾഡോസറ് ഒരു ആൾക്കരടി സൈസ്. എപ്പഴും വായിലു് കപ്പച്ചുരുട്ട്. കടിച്ചുപിടിച്ച് "വാട്ട് ഗ്ലട്ട്" എന്ന വർത്തമാനം. നമ്മളെ വാൾട്ടറ് സായിപ്പിന് ഒരു സംശയം. മദാമ്മ ഒന്നത്തെക്കാരിയാണോന്ന്.

"ഏതു്?"

"അതുശരി."

"മദാമ്മയെ കണ്ടാലോ? എന്റെ സാറേ, ഞാൻ കണ്ടിററില്ല. ഒള്ളതുതന്നെ. പക്ഷേ, കണ്ടവരു് പറഞ്ഞുകേട്ടിററാണ്. ഇപ്പഴത്തെ ഈ പരിഷ്കാരിപ്പെണ്ണുങ്ങളൊണ്ടല്ലോ? നാലും അഞ്ചും മടക്കാള്ള ചളി വയറും അതിലു് ചേനപ്പൊടിപ്പനെപ്പോലൊരു പൊക്കിളും പന്നെ ചക്ക കാച്ചുകെടക്കുമ്പോലെ നാലുചുററും ചതയുമായി ആക്കാനും വേണ്ടിയിററു് ഒരു തുണ്ട് സാരിചുററിയെന്നു വരുത്തി നടക്കണ പേക്കോലങ്ങളു്! ഇതുപോലെയൊന്നുമല്ലായിരുന്നു മദാമ്മ. നല്ല തക്കിടിമുണ്ടി. കയ്യും കാലുമൊക്കെ നല്ല കദളിവാഴത്തടപോലെ വെളുത്തുരുണ്ട്. കവിളൊക്കെ നല്ല റോസാപ്പൂപോലെ ചൊവചൊവാന്ന്. പിന്നെ തലമുടിയോ? സ്വർണ്ണവെഞ്ചാമരം പോലെ! ഇനിയും ഒരു പാട്ട് പറയണമെന്നൊണ്ട്. സാറിന്റെ കൂടെ എങ്ങനെ പറയും? എന്റെ മോന്റെ പ്രായമേയൊള്ളു. സാറ് വിചാരിക്കും കഴിയിൽ കാലും നീട്ടിയിരിക്കണ ഈ കെളവന് ഇനിയും കൊതിതീർന്നില്ലെന്ന്!"

"ഹേയ്! ഒരു കുഴപ്പവുമില്ല. കുട്ടൻപിള്ള പറയണം."

"എന്തിനധികം പറയണതു് സാറേ? മദാമ്മയെക്കണ്ടാലു് ലക്ഷദീപംപോലെ നമ്മളു് നോക്കിനിന്നുപോയ്! അത്രയ്ക്ക്...ലക്ഷണം!...ഞാ. അതു ചോദ്യ്... നമ്മളു് സംശയത്തിന്റെ കാര്യമെന്തല്ലോ പറഞ്ഞൊണ്ടുവന്നതു്? ആദ്യമൊക്കെ നമ്മുടെ വൈസ്രായിയദ്ദേം ഇതൊന്നും കണ്ടില്ലെന്നും കേട്ടില്ലെന്നും ഭാവിച്ചു. പിന്നെ സംഗതികളു കേറിമൂത്തപ്പം മദാമ്മയെ ഗുണദോഷിച്ചു—"യു സീ ഡാർജിലിംഗ്! വാട്ടീസ് പൂട്ടീസ് മീസ്ററർ ബുൾഡോസർ ററാസ്ക്കൽ ഷേ ഉഡി ഫൂൾ ഇഡിയട്ട്!"

"ഷേഷ്!"

"മദാമ്മ ഒന്നിലും വഴങ്ങിയില്ല, എപ്പ

സുകുമാർ

ഴും മററെ കരടിടെ വിചാരം തന്നെ. വൈസ്രായി സായിപ്പിനാണെങ്കി പ്രായവും കൊറച്ചായി. മററവനെ നേരിടാനും പേടി. ആളുകളുറ്ത്താൽ കൊറച്ചില്ലുമായി. ആകെ വേഷമം. അങ്ങനെയിരിക്കുമ്പഴാണ് മലയാളത്തിലു് ധാരാളം ജ്യോസ്യന്മാരും മന്ത്രികന്മാരുമൊക്കെ ഉണ്ടെന്നുള്ള വിവരം വൈസ്രായിയുടെ ചെവിയിൽ കിട്ടിയതു്. ചെവിയിൽ കൊട്ടത്തതാണ്."

"ആര്?"

"ചെല്ലും ചെല്ലോമ്പിള്ള!"

"കാ കാ ഒ! നമ്മുടെ—"

"ഓ! അതുതന്നെ! ഒരു ദിവസം സായിപ്പ് വിളിച്ചുചോദിച്ചു—ഹ ലോ ചെൽപീൽ!"

"ഫോണിലോ?"

"നേരിട്ട്! അന്നവിടെ ഫോണും ഒണ്ണിയുമൊക്കെയിരിക്കണതു്?"

"അതുശരി"

"ചുരുക്കമെന്തിന്നു്. ഒരു ദിവസം ത്രിസന്ധ്യനേരത്തു കൊഞ്ചിറവെളയിന്നു് നമ്മുടെ കൊച്ചപ്പിയാശാൻ വൈസ്രായി സായിപ്പിന്റെ ബംഗ്ളാവിലു് മഞ്ചലിൽ വന്നെറങ്ങി. അന്നു് ബസ്സും കാറുമൊന്നുമില്ല മനുഷ്യരു് സാറാട്ടു് വണ്ടി. അല്ലെങ്കിലു് കാളവണ്ടി. പിന്നെ ഈ പല്ലക്കും ഒട്ടം. നമ്മുടെ ആശാനെ കണ്ടാലോ? ഡിമാലഗുണ്ടൻ! ആറു് ആറരയടിപ്പൊക്കം. അതിനൊത്ത വണ്ണം, നെറം കറുത്തതാണെങ്കിലും ആ മുഖത്തെ തേജസ്സാണു കാണേണ്ടതാണു്. വലത്തോട്ടു ചരിച്ചുകെട്ടിയ സമൃദ്ധമായ മുടി. ദേഹമാസകലം ഗന്ധചന്ദനകുങ്കുമാദി കുറികളു്. സ്വർണ്ണം കെട്ടിയ രുദ്രാക്ഷമാല. കസവുവേഷ്ടി. വീരാളിപ്പട്ടു്, കൈകളിലു് കടകങ്ങളും മോതിരങ്ങളും, കക്ഷത്തു് വെള്ളികെട്ടിയ ഒരു ചൂരൽക്കമ്പു്. കാണണവരു് കണ്ണെടുക്കാണ്ടങ്ങനെ നോക്കിനിന്നുപോവും. ആ തമത്തിലൊരു രൂപം! സായിപ്പിനു് ആശാനെ ഒററനോട്ടത്തിൽത്തന്നെയങ്ങു് ഇഷ്ടപ്പെട്ടു. ദ്വിഭാഷിയായ ഒരയ്യങ്കാർ സ്വാമിമുഖേന സായിപ്പു് തന്റെ ഇംഗിതം പരമരഹസ്യമായിട്ടു് ആശാനെ അറിയിച്ചു. ആശാനതുകേട്ടു് പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു—"സായിപ്പേ ഗ്രാസ്!"

"ദേഷ്!"

"അന്നു രാത്രിയിലു് ആശാൻ അവിടെയൊരു മാന്ത്രികപൂജനടത്തി. പൂജയെന്നുവെച്ചാലു് പ്രാദേപൂജ! രണ്ടുകോഴി. ഒരാടു്. പിന്നെ ഒരൊരുമ. ഇത്രയും കഴിഞ്ഞ ററു് അവിടെക്കിന്നു പെടച്ചു. കൂട്ടത്തിൽ തന്നെയും വകവരുത്തിക്കളയുമോന്നു് സായിപ്പു് പേടിക്കാതെയുമിരുന്നില്ല. പൂജയുടെ അവസാനം രാത്രി ഒരു രണ്ടുമണിയോടുകൂടി, ആശാൻ എരുമത്തലയിൽ കൊടിചാത്തിക്കിയ അങ്ങോട്ടു ചെയ്തു. ക്രിയകളുശേഷം എരുമത്തലയെ സാവധാനം വലത്തോട്ടു പിടിച്ചൊന്നു തിരിച്ചു, അപ്പക്കാണാം അങ്ങുദൂരെ ഏതോ ഒരു ബംഗ്ളാവിലു് സുഖമായിട്ടു് കിടന്നുറങ്ങിക്കൊണ്ടിരുന്ന നമ്മുടെ കരടി സായിപ്പിന്റെ തലയും വലത്തോട്ടു് ഒരു തിരിച്ചിൽ! ആശാൻ എരുമത്തലയെ ഇടത്തോട്ടു തിരിച്ചു. അവിടെ സായിപ്പിന്റെ തലയും ഇടത്തോട്ടു തിരിഞ്ഞു. ആശാൻ എരുമത്തലയെ കുനിച്ചു. അവിടെ സായിപ്പിന്റെ തലയും കുനിഞ്ഞു. ആശാൻ എരുമത്തലയെ പൊക്കി ദൂരെ ഒരൊററ ഏറു്! അത്ഭുതം! അവിടെ സായിപ്പും അതുപോലെ കട്ടിലിന്നു ദൂരെച്ചെന്നുവീണു! എന്തിനധികം പറയണതു സാറെ, സൂക്ഷ്മം നാൽപത്തിയൊന്നാം പക്കം കരടിസായിപ്പു് "ടിങ്കിൾ ടിങ്കിൾ ലിററിൽസ്ററാറെ"ന്ന പാട്ടുംപാടിക്കൊണ്ടു് ഉട്ടുതുണിയില്ലാതെ നട്ടുറോട്ടിൽ ക്കൂടി ഉലാത്തലു്!

"കഷ്ടം!"

"വൈസ്രായി സായിപ്പിനു് സന്തോഷമായിരിക്കുമല്ലോ?"

"അതാണു് പറയണതു്, സാറിന്റെ മനസ്സിപ്പഴും പിഞ്ചാണെന്നു്."

"സായിപ്പിനു മഹാത്മനെ കിട്ടിയില്ലേ?"

"ഇല്ല. അവിടെയല്ലേ സംഗതി കെടക്കണതു്? മഹാത്മ ആശാന്റെകൂടെ കൊഞ്ചിറവെളയിൽ പോയി."

"ശെട ആ മാനേ!"

"സായിപ്പു് രായ്ക്കുരാമാനം വൈസ്രായി ഉത്ദ്യോഗം രാജിവെച്ചിട്ടു കപ്പലുകയറി. കപ്പലിലിരിക്കുമ്പഴും, 'അങ്ങു ലണ്ടനിൽച്ചെന്നെറങ്ങിയിട്ടും സായിപ്പിനു് ഒരേ ഒരു വിചാരമേ ഉണ്ടായിരുന്നൊള്ളു."

"ഏതു്?"

"രണ്ടു തല. ഒന്നു് സായിപ്പിന്റേതും. പിന്നൊന്നു് എരുമയുടേതും!"

★

മേമ്പൊടി

മന്ത്രവാദി എന്തൊക്കെ ഏതൊക്കെ രീതിയിൽ പ്രാർത്ഥിച്ചിട്ടും, പ്രീതിപ്പെടുത്തിയിട്ടും, ഒടുവിൽ കോപിച്ചിട്ടും പ്രത്യക്ഷപ്പെടാൻ കൂട്ടാക്കാതെനിന്ന ദേവതയോടു് ഒടുവിലയാൾ വിളിച്ചുചോദിച്ചു—ഹിന്ദുസ്ഥാനിയിൽ!

"ഹേ! മായേ! മഹാമായേ! തും കൈസേ ആതാ നഹീം? ജല്ദി ബോൽ!"

ശൂന്യതയിൽനിന്നും ഉത്തരം ലഭിച്ചു:

"ചുൽ!"

സംഗതി ശരിയാണു്. മന്ത്രവാദിയുടെ ഭാഷ്യ അല്പം അകലെ മാറി ഒരു വലിയ ചുലുമായി നില്ക്കുകയാണു

—o—

ഭിലായ്
മലയാളികളുടെ
ശ്രദ്ധയ്ക്കു്

ഏററവും നല്ല എല്ലാവിധ ആയുർവ്വേദഔഷധങ്ങളും ഉത്തരവാദിത്വത്തോടുകൂടി ലഭിക്കുന്ന ഭിലായിലെ ഒരു മികച്ച സ്ഥാപനം.

KERALA AYURVEDIC BHAVAN,
C-Market-Sector-6,
BHILAI NAGAR.

കവിയും കാമിനിയും

കവി:-

ഹേ, സുഹാസിനി,
സുരസ്ഥാന ചാരിണി,
ജഗത് പ്രേമരൂപിണി,
വരു—
സാഗരം തിരകൈകൾ നീട്ടവേ
നിന്നെപ്പുൽകാൻ,
ജാഗരം കൊൾവു ജയ-
ഗാഥകൾ പാടാൻ!
മൗനവദനകളിൽ കുങ്കു-
ത്തുണരും പുഞ്ചിരിപുഷ്പ-
മാലകോർക്കുന്നു, നീലാകാശ-
ദേവനിരവിൽ.
ഹേ ദയാമയി,
ചിരസ്നേഹപൗർണ്ണമി,
വരു,
ഹേ, ജയശ്രീ, നീ വരു-
മരുജ്വനിൽ നൃത്തമാധുരിയായി,
സത്യമോ, യങ്ങുണമ-
ണമേന്ത സുസ്മിതമായി,
ഗാനമായ്,
നിരവദ്യ പ്രേമമായ്
ഗാഢാശ്ലേഷഹ്ലാദമായ്,
ഹേ, സുധാമയി,
ആശാദേവിനി,
ജയകാരിണി,
വരു—
കാമിനി:-
ഒരു കവിത കുറിക്കു,
നിറകതിരൊളിപോൽ
നിരുപമരാഗദ്യുതിപോൽ,
അരുണിമണിതൻ മോഴിപോൽ
ഒരു കവിത കുറിക്കൂ...
ഹേ കവി!
മാമകഹൃദയസരസ്സിൽ
താമരമലരായ് വിരിയു
താരാഗണമായ് നിറയു,
പരിമൃദുനീലനിലാവായ് പൊഴിയു
നീയൊരു സുകുമാരകകളേബര-
നായൊരു മണിനാഗകമാരക-
നായി വരു, വന്നിഴയൂ...

—എം. വി. എം.

—o—

ദർശനം

—മംഗളാദേവി

ചലനങ്ങളിൽ, അതിന്റെ നനുത്ത സ്വരങ്ങളിൽ മാത്രം എല്ലാമുൾക്കൊണ്ട് എല്ലാമനുഭവിച്ചു കഴിച്ചിരുന്ന ഒരു സുന്ദരിയായ പെൺകുട്ടി. വെളിച്ചം അവൾ തിരഞ്ഞിരുന്ന വർണ്ണങ്ങൾ കേൾക്കാനിമ്പമുള്ള പദങ്ങളായിരുന്നു. വീടിന്റെ തൊട്ടടുത്തുകൂടി മണിക്കൂറുകളിടവിട്ട് കടന്നുപോകുന്ന തീവണ്ടികളുടെ ഇരമ്പൽ കേട്ടാണവൾ സമയം നിശ്ചയിക്കുന്നത്. ജാനു അന്ധയായിരുന്നു. എങ്കിലും അവളുടെ അച്ഛന്റെ കണ്ണുകൾകൊണ്ടവൾ എല്ലാം കണ്ടു. അപ്രതീക്ഷിതമായിട്ടാണ് അവളുടെ ജീവിതത്തിലേക്ക് ഒരു വെളിച്ചം കടന്നുവന്നത്—രവിയേട്ടൻ. ആ നിഷ്കളങ്കനായ വലിയ മനുഷ്യന്റെ വാക്കുകളിൽ, വാചകങ്ങളിൽ അവൾ എല്ലാ വർണ്ണങ്ങളും കണ്ടു. പ്രപഞ്ചസൗന്ദര്യം മുഴുവൻ ദർശിച്ചു. ജാനു എന്ന അന്ധയായ പെൺകുട്ടി ഒരു നിത്യവസന്തമായി. കാനനം പക്ഷിമൃഗാദികൾ മാറുന്നുവോ. ഒരു പൂങ്കുലയായി പിന്നെ വികസിക്കുന്നുവോ അവളുടെ മനസ്സ് പ്രപഞ്ചത്തോളം വികസിച്ചു. രവി അവളുടെ ആത്മാവിന്റെ അഴകുള്ള ഒരു മറുകാഴ്ചയായി.

വീണ്ടും വരാമെന്ന് വാക്കുപറഞ്ഞു രവി അവളെ പിരിഞ്ഞു. ആ വേർപാട് അവളെ വീണ്ടും ഇരുട്ടിന്റെ ലോകത്തിലായി. വീർപ്പുമുട്ടിക്കഴിയുമ്പോഴാണ് ആഴ്ചകൾക്കുശേഷം ആ കത്തു കിട്ടിയത്—രവി ആശുപത്രിയിലാണ്, ഒന്നുമാലോചിക്കാൻ നിന്നില്ല. അവൾ രവിയേട്ടനെ തിരക്കിയിറങ്ങി. രവിയുടെ രക്ഷിതാവായ ഡോക്ടർ ജാനുവിന് പുതിയൊരു ജന്മം നൽകി. ആ മഹാമനസ്കന്റെ കരുണയ്ക്കുത്തരമായി അവൾക്കു കാഴ്ചകിട്ടി. രവിയുടെ രോഗം മുഴുമിനു മാറാൻ കഴിയുന്നതായിരുന്നില്ല. രവിയേട്ടൻ വരും, ജാനു ഓരോ തീവണ്ടിയും കാത്തിരുന്നു. പക്ഷേ, രവിയേട്ടൻ വന്നില്ല. ഒടുവിൽ ഒരു ദിവസം ആരെ തകർന്നമട്ടിൽ രവി വന്നു. അദ്ദേഹം വന്നതു് തന്റെ ആത്മാവിലേക്ക് അകിഞ്ഞു ചേരാനല്ലെന്നു ജാനുവിനു മനസ്സിലായി. അവൾ മൂകയായി നിന്നു. ഒരു കല്യാണമണ്ഡപം അവിടെ ഉയർന്നു. വിവാഹകർമ്മം നടന്നുകഴിഞ്ഞപ്പോൾ രവി ആ പരിസരംവിട്ടു പോയി. ആ യാത്ര ഒരിക്കലും തിരിച്ചുവരാത്തവിധം, എങ്ങും എത്തിച്ചേരാത്തവിധം, നീണ്ടതായിരുന്നു. നീണ്ടുനീണ്ടുപോകുന്ന റെയിൽപാളങ്ങളെ നോക്കി മൂകയായിനിന്ന ജാനുവിന്റെ മനസ്സിനു് മന്ത്രിച്ചു. സ്നേഹം എന്നും ദുഃഖമാണ്,

മദർഇൻഡ്യാഫിലിംസിന്റെ ദർശനത്തിന്റെ കഥ അസാധാരണത്വമുള്ളതല്ല. എങ്കിലും സ്പർശനംകൊണ്ട് രവിവെളിച്ചംതേടുന്ന അന്ധയായ ജാനു പ്രേക്ഷകരെ ആകർഷിക്കുന്നു. സിനിമ സംവിധായകന്റെ കലയാണെന്നും പ്രതിഭാസമ്പന്നനായ പി. എൻ. മേനോൻ ഈ ചിത്രത്തിലൂടെയും വ്യക്തമാക്കിയിരിക്കുന്നു. അനശ്വരനായ നടൻ കൊട്ടാരക്കരയും ഗൗരവഗ്രഹിതനടിയായ ശോഭനയും ആടലും കോരിത്തരിപ്പിക്കുന്ന അഭിനയപാടവമാണു കാഴ്ചവച്ചിരിക്കുന്നത്. നല്ല ഗാനങ്ങളും തൃപ്തികരമായി. രവിയായി അഭിനയിക്കുന്ന സുഹാസു എങ്ങിനെയുണ്ട്? നിങ്ങൾക്കറിയാൻ ധൃതിയായി ഇല്ലേ. അതാണു ഞാൻ പറയാൻ തുടങ്ങിയതു്. സുഹാസു ഭംഗിയായി അഭിനയിച്ചിട്ടുണ്ട്. പക്ഷേ, ആ രൂപം പ്രേക്ഷകരുടെ ശ്രദ്ധയെ ആകർഷിക്കുന്നില്ല. (മലയാള സിനിമയിൽ രൂപഭംഗിക്കാണല്ലോ ഇന്നു വില) അതാണ് ആ നടന്റെ കുറ്റം. ദർശനം അധികദിവസം പ്രദർശിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ, കളക്ഷൻ മോശമായിപ്പോയാൽ സുഹാസു ആയിരിക്കുമോ അതിനുകാരണം? ഒരു ചലച്ചിത്രനിരൂപകനെ സാബന്ധിച്ചിടത്തോളം ആചോദ്യത്തിന് ഉത്തരം നൽകേണ്ടയാവശ്യമില്ല. അതിന് ഒരാവർത്തിക്കൽകൂടി വേണ്ടിവരുന്നു. ഞാനാദ്യം പറഞ്ഞില്ലേ സുഹാസു അഭിനയിക്കാനറിയാവുന്ന നടനാണ് ദർശനത്തിൽ ഭംഗിയായി അഭിനയിച്ചിട്ടുണ്ട്. ഒരു കുറവേ ഞാൻ കാണുന്നുള്ളു, സംഭാഷണത്തിന് നിയന്ത്രണത്തിലൂടെ സ്വാഭാവികത നല്കാൻ കഴിയാഞ്ഞതു്.

ദർശനത്തിന്റെ കഥയും തിരക്കഥയുംസംഭാഷണവും പി. എൻ. മേനോന്റേതാണ്. തിരക്കഥയിൽ സാരമായ ചില കുറവുകൾ വന്നുപോയിട്ടുണ്ട്. ആദ്യമായി അന്ധയായ ജാനു വീടുവിട്ടു പോകുന്നതാണ്. പതിനഞ്ചു പതിനാറു വയസ്സുവരെ വീട്ടിനുള്ളിൽനിന്നും പുറത്തിറങ്ങാത്ത ജാനു ഒരുദിവസം തന്റെ വെളിച്ചമായിരുന്ന അച്ഛനെ ഉപേക്ഷിച്ച് അത ദൂരെ ഒരു സ്ഥലത്തേയ്ക്കു പോകുന്നതു്, സ്വാഭാവികമായി മേനോൻ ചിത്രീകരിച്ചിട്ടുണ്ടെങ്കിലും, അവിടെ അവിശ്വസനീയതയാണ് നഴ്സിച്ചുനിഴയ്ക്കുന്നതു്. രവിയും ജാനുവുമായുള്ള ബന്ധത്തിന്റെ തീവ്രതയാണു ചിത്രത്തിന്റെ ആകർഷണം. പക്ഷേ, ആ ബന്ധത്തെ പ്രേക്ഷകമനസ്സുകളെ ഇളക്കിമറിക്കത്തക്കവിധം രൂപപ്പെടുത്തിയെടുക്കാൻ മേനോനു കഴിയാതെപോയി. ഈ ചിത്രത്തിലെ കണ്ണുനനഞ്ഞുപോകുന്ന, കരളുതുളിക്കേണ്ടിയിരുന്ന ചില നല്ല മുഹൂർത്തങ്ങൾ നിശ്ശബ്ദമായി കടന്നുപോയിട്ടുണ്ടെങ്കിൽ രവിയും ജാനുവുമായുള്ള സ്നേഹബന്ധം വികാരതീവ്രമാകി വികസിപ്പിക്കാഞ്ഞതാണ് അതിന്റെ കാരണം. കഥയുടെ കേട്ടറപ്പിനെ, തിരക്കഥയുടെ ദുർബ്ബലതയെ ദുശ്ശീലമായി കർത്തവ്യമെടുത്തു ഈ പോരായ്മകൾ.

ദുഃഖപുത്രിയായ, പരിശുദ്ധിയുടെ പര്യായമായ ജാനുവിനെ അവതരിപ്പിക്കുന്നതു ശോഭനയാണ്. അച്ഛന്റെ ചലനങ്ങളിലും ശബ്ദങ്ങളിലും ലോകത്തെ കണ്ടിരുന്ന ജാനുവിനെ, രവിയുടെ സ്പർശം ചുകരപ്പിക്കുമ്പോൾ, മഞ്ഞിമാളുകളെന്നും കുന്നിമണികളെന്നും കേൾക്കുമ്പോൾ ഒരു വികാരത്തോടെ ചിരിച്ചുകൊണ്ടിരിക്കുന്ന ജാനുവിനെ, കുമ്പിടന്റെ മധുര സ്വനങ്ങൾക്കുള്ളിൽ വെളിച്ചം കാണുന്ന ജാനുവിനെ, കണ്ണുകൾക്കു കാഴ്ച കിട്ടിയപ്പോൾ വിളിച്ചാൽ തീണ്ടാത്ത മനുഷ്യനാ

ദർശനത്തിൽ കൊട്ടാരക്കരയും ശോഭനയും

വായിക്കുക! രസിക്കുക!! ശുദ്ധചിത്രശാസ്ത്രഗ്രന്ഥങ്ങൾ!!!

1. ജാലവിദ്യ! ചീട്ടുകൾ, നാണയങ്ങൾ, തൂവാല etc. കൊണ്ടുള്ള ജാലവിദ്യകൾ, ചെപ്പടിവിദ്യകൾ, തന്ത്രങ്ങൾ, മാജിക് ചിത്രഗ്രന്ഥം. വില 6 00
2. പ്രേമലേഖനങ്ങൾ! ശോകപര്യവസായിയായ ഒരു പ്രേമകഥ ധാരാളം പ്രേമലേഖനങ്ങൾ സഹിതം. വില 3 00
3. സംഖ്യാശാസ്ത്രം! പേരു്, ഇനിഷ്യൽ, ജന്മദിനം മുതലായവയിൽ അടങ്ങിയിട്ടുള്ള രഹസ്യങ്ങളും രാശിഫലവും ചിത്രഗ്രന്ഥം. വില 2 00
4. സാമുദ്രിക ശാസ്ത്രം! മറുകുകൾ, ചുഴികൾ, ലക്ഷണങ്ങൾ, അവയുടെ ഗുണദോഷഫലങ്ങൾ ചിത്രഗ്രന്ഥം. വില 2 00
5. ഷിറോയുടെ ഹസ്തരേഖാശാസ്ത്രം! മഹാന്മാരുടെ കൈരേഖാചിത്രങ്ങൾ അടങ്ങിയിട്ടുള്ള രേഖാശാസ്ത്രം. വില 2 00
6. മുഖലക്ഷണശാസ്ത്രം! ആകൃതി, രൂപം, വലുപ്പം, ലക്ഷണം ഇവ നോക്കി കഴിവുകളും ഫലങ്ങളും. ചിത്രഗ്രന്ഥം. വില 2 00
7. മെസ്മറിസം! മനുഷ്യനെ ഉറക്കുക, മരവിപ്പിക്കുക, വശംവദരാക്കുക പ്രാഥമികപാഠങ്ങൾ. വില 2 00
8. മാജിക്കും മാസ്മരവിദ്യയും! കൺകെട്ടുവേലകൾ, രഹസ്യക്കണക്കുകൾ, ചീട്ടുകൊണ്ടുള്ള മറിവുതിരിവുകൾ. വില 2 00
9. ഹിപ്നോട്ടിസം! പരമചൈതന്യവാദശുദ്ധശാസ്ത്രം. വില 2 00
10. മരിച്ചവരുമായി സംസാരിക്കുക! ശുദ്ധതത്വശാസ്ത്രം. വില 1 00
11. അത്ഭുതവാർത്തകൾ! രസകരമായ വാർത്തകളുടെ സമാഹാരം. വില 2 00
12. രഹസ്യരോഗങ്ങളും നിവാരണമാർഗ്ഗങ്ങളും! ചികിത്സാഗ്രന്ഥം. വില 1 00

എല്ലാററിനും V. P. ചെലവു പുറമേ. കാററ്ലോഗ് സൗജന്യം.

F. P. A. I. Thariannagar, P. O. (Via) Tiruvalla R. M. S. Kerala

സ്ത്രീകൾക്കുള്ളത്!

ഋതുകാലത്തുണ്ടാകുന്ന വേദനകൾ, ദുരിതങ്ങൾ പ്രകൃതി വിരുദ്ധമാകാതെ പ്രതിരോധിക്കുന്ന ദേവി ഗിൽസ് ഉപയോഗിച്ചുനോക്കുക

താമസിച്ചതും അല്ലാത്തതും

വേദനയോടുകൂടിയതും നിറംപോയതുമായ ആർത്തവങ്ങൾ, മറുതരസ്രവങ്ങൾ, തീർക്കുക്കൊണ്ടുള്ള നിർവ്വീര്യൗഷധം.

ചർമ്മാരോഗ്യപുഷ്ടിക്കും ഫലപ്രദമായി, ശരീരത്തിനും ഉന്മേഷപ്രദമായ 2 ആഴ്ചകൾക്കുള്ളിൽ ഹാനികരമല്ലാത്തത്

ADVERTISMITTED UNDER GOVT. HOMEOPATHIC LICENCE

FULL COURSE 28 TABLETS Rs. 1/
HALF COURSE 14 TABLETS Rs. 6/8

കിട്ടും

Mfrs. SEENU & Co. MADRAS-81.

M/s. KANNIAN DRUG HOUSE
Kannian Buildings, Chinnakada, Quilon-1

സ്സിന്റെ നിറമെന്തെന്നറിയാതുഴലുന്ന ജാനവിനെ അനുഗ്രഹീത നടിയായ ശോഭന ഭദ്രതയോടെ യഥാതഥമായി അവതരിപ്പിച്ചു. ജാനവിന്റെ പിതാവായി വരുന്നതു് അഭിനയത്തിന്റെ എല്ലാ പടവുകളും കയറിയിറങ്ങിയ കെട്ടുരക്കരയാണു്. ഈ ചിത്രത്തിലെ വിലയേറിയ മുഹൂർത്തങ്ങളും ഈ വലിയ നടന്റെ ശബ്ദങ്ങളിൽ ചലനങ്ങളിൽ നിഴലിച്ചുനില്ക്കുന്നു. "മോളേ പോയ്വാ മോളേ" വിവാഹശേഷം മകളെ യാത്രയാക്കുമ്പോൾ വേലു വിങ്ങിപ്പൊട്ടി പറയുന്നു. പ്രേക്ഷകരായ നിങ്ങളും വിങ്ങിപ്പൊട്ടിപ്പോകും. "എനിക്കു ഒവിയേട്ടനെ കൂടാതെ ജീവിക്കവയ്യ" തന്റെ മാറത്തു തലയിട്ടടിച്ചുകൊണ്ടു തന്റെ ദുഃഖവും നിധിയുമായ ജാനു പറഞ്ഞപ്പോൾ വേലു ചുമ്പിച്ചുകൊണ്ടു പറഞ്ഞു "എന്റെ മോളേ...." നിങ്ങളുടെ കരൾ ഇടിച്ചുവോ കണ്ണു നനഞ്ഞുവോ? കൊട്ടാരക്കര ഒരു നടനായി ജീവിക്കയില്ലിവിടെ, അഭിനയിക്കുകയാണു്, അഭിനയിക്കാനറിയാവുന്ന വലിയൊരു നടൻ. അടുത്തിടെ സി ഒരു ഡോക്ടറോണിതിൽ. കുറച്ചു രംഗങ്ങളേയുള്ളുവെങ്കിലും മുളിപ്പിട്ടുമായി രോഗികളെ ശുശ്രൂഷിച്ചുനടക്കുന്ന ഡോക്ടർ മനസ്സിൽ പതിഞ്ഞു. സൂര്യസൂര്യവിനെക്കുറിച്ചു് ആവർത്തിക്കുന്നില്ല. ശങ്കരാടി, കുതിരവട്ടംപപ്പു, ബാലൻ. കെ. നായർ, രാധാദേവി, ശാന്താദേവി, ശ്രീ തുടങ്ങി കുട്ടേറെ നടീനടന്മാരും അഭിനയിച്ചിട്ടുണ്ടിതിൽ.

ദർശനം സംവിധാനം ചെയ്തിരിക്കുന്നതു് മേനോനാണു്. ഒരു സാഹിത്യകാരനായ ഒരു ശൈലിയുണ്ടായിരിക്കുകയാണു് അവന്റെ വ്യക്തിത്വത്തിന്റെ അല്ലെങ്കിൽ പ്രതിഭയുടെ മുദ്ര. മലയാളത്തിൽ തനതായ ഒരു ശൈലിയുള്ള ഒരു സ്വവിധായകനേയുള്ളു. അതു മേനോനാണു്. ടൈററിലുകൾ കാണിക്കുന്ന മാഗ്നിഫൈഡ് ഗ്ലാസ്സിലൂടെ തന്റെ വ്യക്തിമുദ്ര മേനോൻ കാണിച്ചു. "വെളുപ്പോ കരുപ്പോ ചുകപ്പോ വിളിച്ചാൽ തിണ്ണാത്ത മനുഷ്യമനസ്സിനു വെളുപ്പോ നീറം ചുകപ്പോ" എന്ന പാട്ടിന്റെ ചിത്രീകരണം ശ്രദ്ധിക്കുക. ത്രൈയിങ്ങിൽ തന്നെ ജയിക്കാനാകുമില്ലെന്നു ദർശനത്തിലൂടെയും അദ്ദേഹം തെളിയിച്ചിരിക്കുന്നു. ചിത്രത്തിന്റെ അവസാനഭാഗവും ശരിക്കും പൂർണ്ണമായുള്ളതാക്കിത്തീർക്കാൻ മേനോനു സാധിച്ചിട്ടുണ്ടു്. ഛായാഗ്രാഹകനായ അശോക്കുമാറിനു മേനോന്റെ ബുദ്ധി പങ്കിട്ടു നല്കണം.

നാലു പാട്ടുകളുണ്ടു ദർശനത്തിനുള്ളതു്. വയലാർ രചനയും ദേവരാജൻ സംഗീതവും. നാലു പാട്ടുകളും ആവറേജാണു് "പേരാററിൽകരയിലക്കാത്ത തീർത്ഥയാത്ര" പ്രേക്ഷകരെ ആകർഷിച്ചുരവന്നു് അവരുടെ താളമിട്ടലും ആവേശവുംകൊണ്ടു തോന്നി. കതിരവട്ടംപപ്പുവിന്റെ മുതുകൻ ചിരിപ്പിക്കാൻവേണ്ടി കത്തിത്തിരുകിയ കഥാപാത്രമാണു്. പക്ഷേ, ആത്മാർത്ഥമായി ആളുകൾ ചിരിച്ചുവോ? ഞാൻ സംശയിക്കുന്നു. കാഴ്ച തീരിച്ചുകിട്ടുമ്പോൾ ജാനുവിനുണ്ടാകേണ്ട അനിർവ്വചനീയമായ മാനസികവ്യാപാരങ്ങൾ മേനോൻ പ്രേക്ഷകരെ അനുഭവപ്പെടുത്തുമാറു് ചിത്രീകരിച്ചുവോ? ഉത്തരം തൃപ്തികരമാവില്ല. കുട്ടികളുടെ അഭിനയം കാണിച്ചതു് എന്തിനായിരുന്നു അതൊരു അധികപ്പററല്ലേ? ദൂരെനിന്നു വരുന്ന തീവണ്ടികൾക്കു വലിയ ഇമ്പമുണ്ടു്. പക്ഷേ, പാളത്തിനു മുകളിലാണു ജാനുവിന്റെ വീടു്. ഉമ്മറത്തിരിക്കുന്ന ജാനുവിനു മുന്നിലൂടെ തീവണ്ടികൾ പോകുന്നു. അപ്പോഴെന്തു ശബ്ദമില്ലാതായിപ്പോയതു്? ജാനുവും ദേവിയും തമ്മിലുള്ള ബന്ധത്തിനു കെട്ടുറപ്പുണ്ടാക്കാൻവേണ്ടി പാമ്പിനെ കത്തിത്തിരുകിയതു കഷ്ടമായിപ്പോയി. ഉഗ്രനായ ഒരു പാമ്പിനെ ചുള്ളിക്കമ്പുകൊണ്ടടിച്ചാൽ അതുടൻ ചത്തുവീഴുമോ? മേനോന്റെ ചിത്രമായതുകൊണ്ടു ചിന്ത ചുരുക്കിയതാണു്. നമ്മുടെ സാധാരണ മലയാളച്ചിത്രങ്ങളെ സംബന്ധിച്ചിടത്തോളം ഇതൊന്നും പോരായ്മകളല്ലല്ലോ.

ഉദയ ഇൻഡ്യാഫിലിംസിന്റെ ബാനറിൽ ജോർജ്ജ് നിർമ്മിച്ചിരിക്കുന്ന ഈ ചിത്രം മലയാളസിനിമയ്ക്കു ശ്രദ്ധേയമായ ഒരു നേട്ടമല്ലെങ്കിൽക്കൂടി ഒരു കോട്ടമാവുകയില്ല. ഏതു മനസ്സിലും ചലനങ്ങളുണർത്തുന്ന ഒരു കഥ ദർശനത്തിലുണ്ടു്. അനേകം കോടിതരപ്പിക്കുന്ന നിമിഷങ്ങളും പക്ഷേ, ചിത്രം കണ്ടുതീരുമ്പോൾ ആ മുഹൂർത്തങ്ങൾ നമ്മോടൊപ്പം കടന്നുവരുന്നില്ല. ഏകദേശം ജാനുവും വേലു

(ശേഷം 69-ൽ)

കഥാപാത്രങ്ങൾക്ക് അനുയോജ്യമായ നടീനടന്മാരെ തേടിപ്പിടിക്കുകയെന്നതു മലയാളസിനിമയിൽ സാധാരണയല്ല. നൂ ഇൻഡ്യാ ഫിലിംസ്ന്റെ ചെമ്പരത്തി അക്കാര്യത്തിൽ വലിയൊരു പരീക്ഷണമായിരുന്നു. മലയാളചലച്ചിത്രരംഗത്ത് അനുപൂർവ്വമായ ആവേശം പകർന്ന പരീക്ഷണം. നൂറുശതമാനം വിജയം നേടിയ ആ പരീക്ഷണത്തിലൂടെ രംഗത്തുവന്ന ശോഭനയും സുധീറും രാഘവനും ഇന്നു മലയാളസിനിമയുടെ പൂക്കാലമായി മാറിയിരിക്കുകയാണല്ലോ. രൂപഭംഗിക്ക് മാത്രം വിലകല്പിയിരുന്ന നിർമ്മാതാക്കൾക്ക് ഇതു് വലിയൊരു വഴികാട്ടിയാകി പ്രേക്ഷകർ പ്രദർശനശീലത കാണുകഴിയുന്ന നൂ ഇൻഡ്യാ ഫിലിംസിന്റെ മൂന്നാമത്തെ സംരംഭനയായ മഴക്കാറ് കഥാപാത്രത്തിന്റെ ആത്മാവു കണ്ടെത്താനുതകുന്ന വിധമായിരിക്കണം നടനെയോ നടിയേയോ തെരഞ്ഞെടുക്കേണ്ടതെന്ന കാര്യത്തിൽ വീണ്ടുമൊരു മാതൃക കാണിച്ചിരിക്കുന്നു. വിവാഹത്തിനു ശേഷം വർഷങ്ങൾ കഴിഞ്ഞിട്ടുണ്ടെങ്കിലും ഒരു പിഞ്ചുകുഞ്ഞുകാണാൻ ഭാഗ്യമുണ്ടാകാത്ത മാലതി എന്ന സ്ത്രീയെ അവതരിപ്പിക്കുന്ന ദേവിതാണ് ആ മാതൃക. വെള്ളിത്തിരയിൽ ദേവി മാലതിയായി രൂപം പ്രാപിച്ചുവരുമ്പോൾ നിങ്ങൾ പൂർണ്ണമനസ്സോടെ സമ്മതിക്കും—കഥാപാത്രത്തിന് അനുയോജ്യയായ നടിയെന്ന്.

ശാന്തയെന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്നതു് അനുഗ്രഹീതനടിയായ ശോഭനയാണ്. മനസ്സുനിറയെ മധുരപ്രതീക്ഷകളുമായി പൂമ്പാറ്റയെപ്പോലെ കാലിനടന്ന ആ മാവാലയ്ക്കുട്ടിയിൽ ചേച്ചിയോടുള്ള സ്നേഹത്തിന്റെ ചിതയിൽ ചാടേണ്ടിവന്നു. സ്വന്തം വികാരങ്ങൾക്ക് കടിഞ്ഞാണിടേണ്ടിവന്നപ്പോഴും ചേച്ചിയുടെ ആനന്ദം അവൾക്കുവേണ്ടി നൽകി. അതു ത്യാഗമാണെന്നോ രക്തബന്ധത്തിനു നൽകുന്ന വിലയാണെന്നോ ഭംഗിവാക്കു പറയാം. പക്ഷേ, ശാന്തയ്ക്ക് അതിന് ഒരു പേരിടാനുള്ള ശക്തിയുണ്ടായിരുന്നില്ല. വീർപ്പുമുട്ടിനിന്ന ഏകാന്തം രാത്രികൾക്കു ശേഷം അതു് അവസാനമായി തീരുമാനിക്കപ്പെട്ടു. ഒരുദിവസം പ്രഭാകരനും ശാന്തയുംതമ്മിലുള്ള വിവാഹം നടന്നു. ഉള്ളിയക്കോവിൽ ഗുർഗ്ഗാദേവിക്ഷേത്രത്തിൽവച്ചാണ് വിവാഹരംഗം ചിത്രീകരിച്ചതു്. അതു കണ്ടുനിന്നവർ വധൂവരന്മാരുടെ രൂപത്തിലും പ്രായത്തിലുമുള്ള അന്തരം കണ്ടു് മൂക്കത്തു വിരൽവച്ചു "ഇവരെങ്ങനെ ജോടിയാകും?" ഈ ചോദ്യമാണ് ആ രംഗത്തിന്റെ വിജയം. പ്രഭാകരൻ, ശാന്ത എന്നീ കഥാപാത്രങ്ങൾക്ക് അനുയോജ്യരായ നടീനടന്മാരെത്തന്നെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് മൂക്കത്തു വിരൽവച്ചുകൊണ്ടുള്ള കാണികളുടെ അത്ഭുതം കൂടിയുള്ള ചോദ്യങ്ങൾ വ്യക്തമായി തെളിയിക്കുന്നു.

മണ്ണാർശാലയിൽ ഉരുളികമുട്ട്, ചപ്പട, ഭജന എന്നിവ മഴക്കാറിന് കൂടുതൽ വർണ്ണം പകരുന്നു. മനുഷ്യമനസ്സിലെ സങ്കീർണ്ണഭാവങ്ങൾ വിടർത്തുന്ന

മുക്കുവൻ പകർന്ന

മഴക്കാറ്

സൗന്ദര്യം രൂപത്തിലും ഭാവത്തിലും

വൈരുദ്ധ്യങ്ങളും വൈവിദ്ധ്യങ്ങളും മലയാളസിനിമയിൽ പുത്തരിയല്ല. പക്ഷേ, മഴക്കാറിലെ സംഘർഷങ്ങൾ കുറേക്കൂടി തീവ്രതയും സൗന്ദര്യവും പകരുന്നവയാണ്. വയലാറിന്റെ ഗാനങ്ങൾ ആ സൗന്ദര്യത്തിനു ചിറകുകൾ മുളപ്പിക്കുന്നു. ആ മനസ്സായ പ്രിയംവദേ ആരെ തേടുവതാരെന്നങ്ങൾ? എന്നു തുടങ്ങി പുഷ്യരാഗക്കല്ലു പുഷ്പിച്ച ദോതിരം ദുഷ്യന്തൻ നിനക്കു തന്നതോ എന്നുമുള്ള വരികൾ മധുരംപകർന്ന മനസ്സിലേക്കാഴുകുമ്പോൾ നമ്മറിയാതെ നിശ്ശബ്ദരാകും. ഒരു നിമിഷം എല്ലാം വിസ്മരിക്കുകയും എല്ലാം ഓർമ്മിക്കുകയും ചെയ്യും. പ്രളയപയോധിയിൽ ഉറങ്ങി ഉണരുന്നൊരു പ്രഭാതയുമേ കാലമേ എന്നതു് യേശുദാസ് അതിവഹൃദ്യരായി ആലപിച്ചിട്ടുണ്ട്. മഴക്കാറിന്റെ ഭാവഭംഗിയെ ഈ ഗാനം ശക്തിയായി സഹായിക്കുമെന്നതു തീർച്ചയാണ്. "മണിനാദം

"മഴക്കാറിൽ" മധു, ശങ്കരാടി

യ്ത്തുന്ന ഗന്ധർവ്വയക്ഷയക്ഷേ മണ്ണാർശാലയിലെ യക്ഷിയമ്മ—നാഗയക്ഷിയമ്മേ" എന്ന ഗാനം ആയിരം ഒരുനൂറ്റിയമ്പതു കോടി തരിപ്പിക്കുന്നു. മണ്ണാറശാലയിലെ സ്ഥിരമായി പോയിവരാറുള്ള ഭക്തർക്ക് ഈ ഗാനം ഒരനുഗ്രഹമാകും. വയലാർ ഒരു നിരീശ്വരവാദിയാണ്. പക്ഷേ, അദ്ദേഹം ദൈവങ്ങളെക്കുറിച്ചു ഗാനങ്ങളെഴുതുമ്പോൾ ആശ്രദ്ധവിശ്വാസിയേപ്പോലെയാണ്. വയലാറിന്റെ കവിത്വം അവിടെയാണ്. കസുമേ കസുമോൽപത്തിയെന്നപോലെ ഭക്തർക്കാനന്ദം മാത്രമല്ല, കഥാപാത്രങ്ങൾക്കും കഥാഗതിക്കും, വയലാറിന്റെ ശക്തിയും സൗന്ദര്യവുമുള്ള വരികൾ, പൂർണ്ണതയും മിഴിവും നല്കുന്നു.

മഴക്കാറു് ഏതാനും ദിവസങ്ങൾക്കുള്ളിൽ തിരശ്ശീല തേടിയെത്തുകയാണ് ചിത്രകൾ അവകാശപ്പെടാവുന്ന മഴക്കാറ് മലയാളസിനിമയ്ക്ക് ഒരു മുതൽക്കൂട്ടുതന്നെയാവും. പുതിയ പാതകൾ തേടുന്ന നൂ ഇൻഡ്യാഫിലിംസ് മഴക്കാറിലും തങ്ങളുടെ മുദ്രാവാക്യം ഉച്ചത്തിൽത്തന്നെ മുഴക്കുന്നു.

—0—

ദർശനം

(67-ൽ നിന്നു തുടർച്ച)

വും നമ്മുടെ മനസ്സിൽ നിറഞ്ഞുനില്ക്കും. ഇത്രയുമെഴുതുമ്പോഴാണ് ഒരു സിനിമാപ്രസിദ്ധീകരണം കയ്യിൽ കിട്ടിയതു്. ഒന്നോടിച്ചുനോക്കിയപ്പോൾ മേനോൻ പറഞ്ഞതുകണ്ട ഒരു വരി കണ്ടു. ഇതാണതു്. "സത്യൻ മരിച്ചശേഷം ആദ്യമായി ഒരാർട്ടിസ്റ്റു വന്നിരിക്കുന്നു —സുരസ്." ഈ വരികൾ മേനോൻ പറഞ്ഞുകാണില്ലെന്നു ഞാൻ കരുതുന്നു. അതു സത്യമാണെന്നു മേനോൻ സമ്മതിക്കുന്നതുകൂടി കേട്ടുകഴിഞ്ഞുപോയി എന്നു ഞാൻ പറയും. ഇനി തുടരാം. ദർശനം ത്രപ്തികരമായ ഒരു ചിത്രമാണ്. കോട്ടാരക്കരയുടേയും ശോഭനയുടേയും മേനോന്റേയും പ്രതിഭ നിറഞ്ഞുനില്ക്കുന്ന ഒരു ചിത്രം. അത്ഭുതകാലത്തിറങ്ങിയ തട്ടുപൊളിപ്പനും മുറപൊളിപ്പനുമൊക്കെക്കണ്ടു മനസ്സും മടുത്തിരുന്ന പ്രേക്ഷകർക്കു ദർശനം ഒരാശ്വാസം തരുമെന്നു തീർച്ച. മലയാളസിനിമയെക്കുറിച്ചു വീണ്ടും ആശ്വസിക്കാനുള്ള ചിലതു കാണാൻ ദർശനം നമുക്കു അവസരംതരുന്നു.

—,—